സാഹിത്യമഞ്ജരി

രണ്ടാംഭാഗം

ഗ്രന്ഥകൎത്താ:

വള്ളത്തോൾ

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി

രണ്ടാംഭാഗം

ഗ്രന്ഥകർത്താ:

വള്ളത്തോൾ

പ്രസാധകൻ

കററിപ്പുഴ. പി. കുഞ്ഞുപിള്ള.

രണ്ടാം പതിപ്പ്.

കുന്നംകുളം.

ജ്ഞാനപ്രകാശിക പ്രസ്സ്.

൧൦൯൭.   വില ൪. ൧.

പകർപ്പവകാശം ഗ്രന്ഥകർത്താവിന്നുതന്നെ; എല്ലാ പ്രതികളിലും ഗ്രന്ഥകർത്താവിന്റെ കയ്യൊപ്പുണ്ടായിരിക്കും.

Digitized By Kerala Sahitya Akadem

Digitized By Kerala Sahitya Akadem

മുഖവുര

കേരളീയ കവികുലചക്രവർത്തിയായ ദിവ്യമഹാകവി വള്ളത്തോൾ അവർകളുടെ നവീനകവനതല്ലജങ്ങൾക്കുള്ള വിസ്മയാവഹമായ നിരുപമവൈശിഷ്ട്യം ആധുനിക മലയാളഭാഷയെ നാദബ്രഹ്മമർമ്മത്തെക്കൂടി സ്പൃശിക്കത്തക്ക വിധം ഉൽകർഷോന്മുഖമാക്കിയിട്ടുണ്ടെന്നുള്ള പരമാർത്ഥം ഇപ്പോൾ സഹൃദയസംവിദിതമായിത്തീർന്നിരിക്കുന്നു. കവിതയെന്നു പറയുന്നതു വാസ്തവത്തിൽ കലാനാഥനും മനുഷ്യനും തമ്മിൽ നടക്കുന്ന ഒരു സപ്രേമസംഭാഷണമാണ്. വള്ളത്തോളിന്റെ സാത്വികഹൃദയദരിയിൽ ഈയിടെ പ്രതിധ്വനിച്ചു തുടങ്ങിയിട്ടുള്ളതും ഈ സരസസംഭാഷണംതന്നെ. അതിന്റെ സൂക്ഷ്മാർത്ഥം ഗ്രഹിച്ചാനന്ദിക്കുവാൻ സംശുദ്ധഹൃദയന്മാരായ യഥാർത്ഥ സാഹിത്യവേദികൾക്കേ സാധിക്കുകയുള്ളു. തന്മൂലമാണ്, അദ്ദേഹത്തിന്റെ നൂതനകൃതികളിൽ പലതും സാധാരണന്മാർക്കു ദുർഗ്രഹങ്ങളായിത്തോന്നുന്നത്. അപ്രമേയപ്രഭാവയായ പ്രകൃതിദേവി ലീലാവിലാസേന ലാലസിക്കുന്ന ആ മഹാകവനമണ്ഡപം ഇനിയും എത്രത്തോളം തേജോമയമായിത്തീരുമെന്ന് ആർക്കും നിശ്ചയിക്കാറായിട്ടില്ല.

Digitized By Kerala Sahitya Akadem

വള്ളത്തോൾക്കൃതികൾ മുഴുവനും ടിപ്പണീസഹിതം മുദ്രണംചെയ്യേണ്ടത് അത്യാവശ്യമാണെന്നു പല മാന്യന്മാരും അഭിപ്രായപ്പെടുന്നുണ്ട്; അതനുസരിച്ചാണ്, സാഹിത്യമഞ്ജരീദ്വിതീയഭാഗത്തിൻെറ ഈ രണ്ടാംപതിപ്പു സടിപ്പണീകമാക്കിയത്. പ്രകൃതകൃതിയുടെ ടിപ്പണീകാരനാകാനിട വന്നതിൽ എനിക്കു് അത്യധികമായ സന്തോഷമുണ്ട്. നിസർഗ്ഗമഞ്ജുളവും പരമമധുരവുമായ സാഹിത്യമഞ്ജരിയിൽനിന്നു നിർഗ്ഗളിക്കുന്ന മകരന്ദകണങ്ങൾ പണ്ടേതന്നെ സഹൃദയഹൃദയത്തെ സന്തർപ്പണംചെയ്തുകഴിഞ്ഞിട്ടുണ്ടല്ലോ. പ്രതിദിനം കാന്തികൂടിവരുന്ന വള്ളത്തോൾക്കവിതാരത്നത്തെ ഘർഷണംചെയ്തുനോക്കാനുള്ള നികഷോപലം അസ്മാദൃശന്മാർക്കു് ആയത്തമായിട്ടില്ലാത്തതിനാൽ എൻെറ ഈ ശ്രമം എത്രത്തോളം ഫലവത്തായിട്ടുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. ടിപ്പണി നാതിസംക്ഷേപവിസ്തരമാക്കേണ്ടിവന്നതുകൊണ്ടു പ്രധാനഭാഗങ്ങളിൽത്തന്നെ ചിലതുമാത്രമേ ഇതിൽ പരാമർശിച്ചിട്ടുള്ളൂ. വ്യംഗ്യവും അലങ്കാരവും മററും അല്പാല്പം പ്രകാശിപ്പിച്ചിട്ടില്ലെന്നില്ല. ആലോച്യമാനഗംഭീരങ്ങളും വ്യംഗ്യാർത്ഥപ്രധാനങ്ങളുമായ "പുരാണങ്ങൾ," "ഇന്നലെ" മുതലായ കവിതകളുടെ സ്വാരസ്യം ശരിയായി വെളിപ്പെടുത്തണമെങ്കിൽ നല്ലൊരു വ്യാഖ്യാനം തന്നെ വേണ്ടിവരും. ഈ സ്ഥിതിക്കു്, എൻെറ ഈ ടിപ്പണീ

Digitized By Kerala Sahitya Akadem

ദർപ്പണത്താൽ പ്രസ്തുത കാവ്യത്തിന്റെ ഒരു മൂലയെങ്കിലും പ്രതിഫലിച്ചിട്ടുണ്ടെങ്കിൽ, ഞാൻ കൃതാൎത്ഥനായി!

ആലുവ, 12—2—98 } പ്രസാധകൻ കാറിപ്പുഴ, പി. കൃഷ്ണപിള്ള.

Digitized By Kerala Sahitya Akadem

വിഷയവിവരം.

൧. സത്യഗാഥ.

൨. കോഴി.

൩. ശ്രീമാടരാജവൈരാഗ്യം.

൪. കള്ളനു സമ്മാനം.

൫. പുരാണങ്ങൾ.

൬. ഒരുൾനാട്ടിലെ വേനൽക്കാലം.

൭. ഷഷ്ടിപൂർത്തിമംഗളം.

൮. ഉണ്മാനില്ല, ഉടുപ്പാനില്ല.

൯. ഒരുറക്കപ്പാട്ട്.

൧൦. പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി.

൧൧. ഇന്നലെ.

൧൨. പ്രഭാതകീർത്തനം.

Digitized By Kerala Sahitya Akadem

സാഹിത്യമഞ്ജരി

രണ്ടാംഭാഗം

* സത്യഗാഥ.

[ചെറുശ്ശേരിമട്ട്]

അമ്മേ, ജയിക്കു ജയിക്കുക സൽസത്യ-
ധർമ്മാധിദേവതേ, ധന്യധന്യേ !
നിന്മഹിമാവൊന്നു താനല്ലോ നിശ്ശേഷ-
ബ്രഹ്മാണ്ഡഭാണ്ഡത്തിന്നേകാലംബം.
ത്വൽവശത്തററമില്ലാതെ കിടക്കുമാ-
ക്കേവലമാം മരുഭൂമിതന്നിൽ

---

* ഫാൻമ ധൻ ഭാഗം.

സൽസത്യധർമ്മാധിദേവത=സത്യമയിയാകുന്ന ശക്തി. ഏകാലംബം=ഏക ആധാരം. 'സർവം സത്യേ പ്രതിഷ്ഠിതം.'

മരുഭൂമിപോലെ ശൂന്യമായ ആകാശത്തു പുഷ്പ(നക്ഷത്ര)ങ്ങളായി കാണപ്പെടുന്നതു സത്യതേജസ്സിന്റെ കണങ്ങളാം (ഏക കാം_ശകലങ്ങൾ) ആണെന്നതിൽനിന്നും സത്യപ്രഭാവത്തിന്ന് അനന്യമൊന്നുമില്ലെന്നു വ്യഞ്ജിക്കുന്നു.

Digitized By Kerala Sahitya Akadem

എത്ര പുഷ്പങ്ങളെ മിന്നിത്തിളിങ്ങിപ്പൂ
ചിത്രം നിൻതേജസ്സിൻ കന്ദളങ്ങൾ!

ആലക്ഷ്യമായൂർദ്ധ്വഭാഗത്തീ മാഹേന്ദ്ര-
നീലപ്പലകപ്പുറത്തു നീളെ
തങ്കലിപികളാൽ കൊത്തിയിട്ടുണ്ടല്ലോ
ശങ്കരി, നിൻചരിത്രാംശലേശം.

മുപ്പാരുകൾക്കേകറാണിയാം നിന്നുടെ
തൃപ്പാണിച്ചെങ്കോലിൻകാന്തിയത്രേ
നാകസ്ഥലത്തൊശിക്കാലേ നിയോഗിപ്പൂ
ലോകരെ വേലയ്ക്കും വിശ്രാന്തിക്കും.

ആലക്ഷ്യമായ്=കാണാവുന്നതായി. ഊർദ്ധ്വഭാഗത്ത്=മേൽഭാഗത്ത്. മാഹേന്ദ്രനീലം=ഇന്ദ്രനീലരത്നം. ആകാശത്തെ ഇന്ദ്രശിലാഫലകവും നക്ഷത്രങ്ങളെ തങ്കലിപികളുമാക്കി കല്പിച്ചിരിക്കുന്നു. ശങ്കരി=സുഖപ്രദായിനി. ആകാശത്തു നിലകൊള്ളുന്ന അനന്തജ്യോതിർഗ്ഗോളങ്ങൾപോലും സത്യത്തിന്റെ ചരിത്രത്തെ അല്പസ്വല്പമേ വെളിപ്പെടുത്തുന്നുള്ളു. അഹോ, അതിന്റെ അപാരത!

മുപ്പാരുകൾ=ഭൂസ്വർഗ്ഗപാതാളങ്ങൾ. തൃപ്പാണി=തൃക്കൈ. നാകസ്ഥലം=ആകാശദേശം. ഉദയാസ്തമയങ്ങളിൽ ലോകരെ വേലയ്ക്കും വിശ്രമത്തിനും പ്രേരിപ്പിക്കുന്ന സൂര്യച്ചെങ്കതിർ സത്യശക്തിയുടെ പ്രകാശമാണെന്നു പറയുന്നു.

Digitized By Kerala Sahitya Akadem

ദേവി, നിൻകോവിലിൻ താഴികക്കുടം
തൂവിന രമ്യമാം രശ്മിജാലം
പിവരധ്വാന്തത്തെപ്പാടനംചെയ്തു്
പാവനമാക്കുന്നു പാരിടത്തെ.
നീ, വിശ്വമാതാവേ, പൊക്കിപ്പിടിച്ച നൽ-
ത്തൂവെള്ളിക്കിണ്ണത്താലുള്ള കുളിർക്കേ
അന്നന്നൊഴുകിത്തരുന്നതു ദിവ്യമാം
വെൺനറുംപാലോ, നിൻവാത്സല്യമോ!
മന്നാകെ മുക്കാനനുക്ഷണം ഭീഷണ-
സന്നാഹമാർത്തുമണ്ണുവതെത്ത

കോവിൽ=ക്ഷേത്രം. താഴികക്കുടം എന്നതു സൂര്യ മണ്ഡലത്തെ കുറിക്കുന്നു. പീവരധ്വാന്തം=കൂരിരുട്ടു്. പാടനം ചെയ്കു=പിളർക്കുക- നശിപ്പിക്കുക. പാവനം=പരിശുദ്ധം. പാരിടം—ഭൂമി. സത്യപ്രകാശം ലോകത്തിന്റെ അജ്ഞാനാന്ധകാരത്തെ നീക്കി പരമാർത്ഥത്തെ വെളിപ്പെടുത്തുന്നുവെന്നും ധ്വനിക്കുന്നു.

പൊക്കി................കിണ്ണം=ആകാശത്തിൽ പ്രശോഭിക്കുന്ന ചന്ദ്രബിംബം. ചന്ദ്രനിൽനിന്നു നറുംപാൽപോലെ നിർഗ്ഗളിക്കുന്ന കളിർനിലാവിനെ സത്യസ്വരൂപിണിയുടെ വാത്സല്യമായി ഉൽപ്രേക്ഷിക്കുന്നു.

അനുക്ഷണം=ക്ഷണംതോറും. ഭീഷണസന്നാഹം=ഭയങ്കരമായ ഒരുക്കത്തോടുകൂടുംവണ്ണം. പാഞ്ഞുകയറുന്ന അണ്ണവത്തെ പിന്നാക്കം തന്നെ പിടിച്ചുതള്ളുക എന്നതു, സത്യശക്തിയുടെ ആജ്ഞയാകുന്ന ചൈതലിന്റെ ഒരു കളിയാണ്. സമുദ്രം സ്വസീമയെ അതിലംഘിക്കാതെ നില്ക്കുന്നതു സത്യത്തിന്റെ ഒരു ചെറിയ ആജ്ഞയാലാണെന്നു ഭാവം.

Digitized By Kerala Sahitya Akadem

പിന്നാക്കമാശു പിടിച്ചു തള്ളീടുമീ
നിന്നാജ്ഞതൊപ്പതലിന ക്രീഡ കൊള്ളാം !

കൊണ്ടൽത്തലപ്പാവും വൃക്ഷലതാദികൾ-
കൊണ്ടുള്ള ടുപ്പുമെയ്പ്പുവ്വതങ്ങൾ
നിന്നുതള്ളപ്പാട്ടു കേൾപ്പതിനായിതാ,
നിന്ന നിലയ്ക്കുളകാതെ നില്പൂ!

ഏകത്ര തീക്കപ്പൽ പാറമേൽച്ചെന്നടി-
ച്ചാകവേ പൊട്ടനാടഞ്ഞിടുന്നു;
അന്യത്ര കാർകൂടലപ്പൊഴേ നീങ്ങുന്നു
നിന്നുടെ വൻകൊടുംകാററിനാലേ.

മിന്നൽ നിൻപള്ളിവാൾ, മേഘം നിൻപള്ളിത്തേർ;
ഉന്നതമാമിടി നിൻപടഹം;
ശാശ്വതമാകുമകൃത്രിമശബ്ദങ്ങ-
ളീശരി, നിൻജയ്ക്കാഹളങ്ങൾ!

കൊണ്ടൽത്തലപ്പാവ്=മേഘമാകുന്ന തലപ്പാവ്. പർവ്വതങ്ങളെ ആജ്ഞാനുവർത്തികളായ ഭടന്മാരായി കല്പിച്ചിരിക്കുന്നു സത്യശക്തിയാൽ ചെയ്യപ്പെട്ട വ്യവസ്ഥയാലാണ്, പർവ്വതങ്ങൾ അചലങ്ങളായി നില്ക്കുന്നതെന്നു സാരം.

സത്യദേവതാപ്രഭാവത്താൽ ഏകത്ര (ഒരിടത്തു) സന്താപകരമായിത്തീന്നതു തന്നെ അന്യത്ര (മറൊരിടത്തു) സന്തോഷകരമായിത്തീരുന്നു.

പടഹം=വാദ്യവിശേഷം. അകൃത്രിമശബ്ദങ്ങൾ=വേദങ്ങൾ. പ്രകൃതിയിലെ പ്രതിഭാസങ്ങളെല്ലാം സത്യത്തെ ആശ്രയിച്ചിരിക്കുന്നവ തന്നെ.

Digitized By Kerala Sahitya Akadem

ശ്രീമത്താം സൻവഴി കാട്ടും പ്രദീപമേ,—
ഹാ, മൎത്ത്യജാതിതൻ ദുൎമ്മോഹങ്ങൾ —
മാറാലകൊണ്ടു മറയ്ക്കാം പോലെ,യെന്നും
മാറാതെ നില്പതാം നിൻവെളിച്ചം!
അററമില്ലാത്ത നിൻപ്രേമമോ നിന്നുടെ
കററക്കിടാങ്ങളെക്കാത്തിരിപ്പൂ.

നിൻകഴൽ ചുംബിപ്പാൻ താഴും ശിരസ്സിനു
ശങ്കയില്ലെ,ങ്ങുമുയൎന്നു നില്ക്കാം.
നിൻതൃക്കൊടിക്കൂറതൻ തണലൊന്നൊഴി-
ഞ്ഞെന്തുള്ളു നിൎവാണസ്ഥാനം വേറെ?
ഈടററ നിൻതൃക്കാലാകും കിരീടത്തെ-
ച്ചൂടുന്നതാരവനാണരചൻ!
ശ്രേഷ്ഠമാം നിന്നുപദേശമോരോന്നിഹ
കേട്ടു പഠിച്ചവനാണു വിദ്വാൻ!

ശ്രീമത്താം ..... പ്രദീപം=മനുഷ്യരുടെ പരമാൎത്ഥത്തിലെ ക്കുള്ള മാൎഗ്ഗത്തെ തെളിയിച്ചുകാണിക്കുന്ന വിളക്ക്. അതിന്റെ വെളിച്ചത്തെ വല്ലവണ്ണവും മറയ്ക്കാൻ നാം ദുൎമ്മോഹം മൂലം മുതിരുന്നു; സത്യദേവതയോ, ആ കററം പൊറുത്ത് ആ പാരപ്രേമംമൂലം തന്റെ കററക്കിടാങ്ങളെ (നമ്മെ) സംരക്ഷിച്ചുപോരുന്നു!

കഴൽ=പാദം. സത്യസന്ധനായി ജീവിക്കുന്നവൻ എവിടേയും ഉൽകൃഷ്ടനായിത്തീരുമെന്നൎത്ഥം.

നിൎവാണസ്ഥാനം=താപം പോക്കുന്ന സ്ഥലം. മുക്തിപ്രദമായിട്ടുള്ളതും സത്യനിഷ്ഠതന്നെ.

ഈടററ—ശാശ്വതമായ. അരചൻ—രാജാവ്.

Digitized By Kerala Sahitya Akadem

താവകനിശ്ശബ്ദഗീതങ്ങൾ പാടുന്ന-
തേവനോ, കാവ്യകൃത്തായവൻ താൻ!
താൾപ്പദപീഠത്തിൽസ്സർവ്വസ്വവും ശര-
ണാർപ്പണംചെയ്യുന്നു ത്യാഗധർമ്മം !
നൂനം നിൻനിർമ്മലമഞ്ജുളരൂപത്തെ
ധ്യാനിച്ചുകൊൾവതേ രാജയോഗം!!

കാവ്യകൃത്ത്=കവി. നീ നിശ്ശബ്ദമായി പാടുന്നതിനെ സശബ്ദമായി പാടുന്നവനത്രേ കവി.

താൾപ്പദപീഠം=നിന്റെ പാദപീഠം. (സത്യത്തിനുവേണ്ടി സർവ്വം ത്യജിച്ച ഹരിശ്ചന്ദ്രന്റെ പവിത്രചരിത്രം ഇവിടെ സ്മർത്തവ്യം.)

മഞ്ജുളരൂപം=മനോഹരാകാരം. രാജയോഗം=ചതുർവ്വിധമുക്തിമാർഗ്ഗങ്ങളിലൊന്ന്.

ഈ ഗാഥ വായിക്കുമ്പോൾ ഓർമ്മിക്കേണ്ടവയായ ഉപനിഷദ്വാക്യങ്ങൾ വിസ്താരഭയത്താൽ ഉദ്ധരിക്കപ്പെടാത്തതാണ്. ഇതിനെ മററു പ്രകാരങ്ങളിലും വ്യാഖ്യാനിക്കാമെന്നെനിക്കു തോന്നുന്നു.

Digitized By Kerala Sahitya Akadem

2

കോഴി

൧. ഏകഭാവനയൊടേതിനത്തിലും
ലോകശില്പി നിജശില്പകൌശലം
ഹാ! കനിഞ്ഞു വെളിവാക്കിടുന്നു: കാ-
ണ്കാകമാനമഴകാർന്ന കോഴിയെ!

൨. കിഞ്ചിദുന്നമിതമാം കഴുത്തൊടും,
ചഞ്ചലാക്ഷിപുടവീക്ഷണത്തൊടും,
തഞ്ചമായ്ക്കൃശപദങ്ങൾ വെച്ചിതാ,
സഞ്ചരിപ്പിതൊരു കോഴി മെല്ലവേ.

---

൧. ഏകഭാവനയോട് = സമബുദ്ധിയോടുകൂടി. ഇനം=വർഗ്ഗം. ലോകശില്പി—ഈശ്വരൻ. നിജ......ലം—തന്റെ സൃഷ്ടിസാമർത്ഥ്യം. കനിഞ്ഞു=ദയചെയ്തു. ഈശ്വരൻ പക്ഷഭേദമെന്യേ എല്ലാ പ്രാണികളിലും സൌന്ദര്യം നിർമ്മിക്കുന്നു എന്നു, കോഴിയെ ഉദാഹരണമാക്കിപ്പറയുന്നു.

൨. കിഞ്ചിദുന്നമിതം=അല്പമൊന്നുയർത്തപ്പെട്ടത്. ചഞ്ച......ക്ഷണം=ഇളകിക്കൊണ്ടിരിക്കുന്ന കണ്ണുകൾകൊണ്ടുള്ള നോട്ടം. തഞ്ചമായ്=തക്കവിധം, കൃശപദങ്ങൾ=വണ്ണമില്ലാത്ത കാലുകൾ.

Digitized By Kerala Sahitya Akadem

൩. തങ്കവൎണ്ണമിതിനുള്ള കൊക്കു;-നാ-
തങ്കമുജ്ജ്വലതരം വിലോചനം;
അങ്കവാലു് മയിലിന്റെ പീലിയോ-
ടങ്കമേല്പതിനതീവ പേശലം.

൪. ശ്രീ വളൎന്നിടുമിതിന്റെ കോമള-
ത്തൂവലാൎന്ന സുവിചിത്രപത്രവും,
പൂവണിത്തലയും, മംഗപുഷ്ടിയും
ദൈവമേകിയൊരനുഗ്രഹങ്ങൾ താൻ.

൫. അക്ഷിമോഹനസുരൂപമാളുമി-
പ്പക്ഷിയിങ്കലതിമാത്രകൌതുകാൽ,
പക്ഷിവാഹനുടെ പത്നിയാകുമാ
ലക്ഷ്മി വന്നു നിവസിച്ചിടുന്നിതാ!

൬. സന്തതം പൊടി പുരണ്ടിരിക്കിലും,
ഹന്ത! സുന്ദരമിതിൻകളേബരം:

൩. അന്തരങ്കം=അഴലില്ലാതെ. ഉജ്ജ്വലതരം=തിളങ്ങു
ന്നതു്. വിലോചനം=കണ്ണ്. അങ്കമേല്പതിനു=പോരിടുവാൻ. അ
തീവ=ഏറ്റവും. പേശലം=സമൎത്ഥം. (ത്രാണിയുള്ളതു്.)

൪. ശ്രീ=ശോഭ. സുവിചിത്രപത്രം=നാനാവൎണ്ണമായ
ചിറകു്.

൫. അക്ഷി......മാളും=കണ്ണിനെ മയക്കുന്ന സൌന്ദൎയ്യ
മുള്ള. അതിമാത്രം=ഏറ്റവും. പക്ഷിവാഹനുടെ (വിഷ്ണുവി
ന്റെ) പത്നിയായ ലക്ഷ്മിയ്ക്കു പക്ഷിയിങ്കൽ നിവസിപ്പാൻ
(സ്ഥിതിചെയ്യാൻ) കൌതുകം കൂടുമല്ലോ.

൬. സന്തതം=എപ്പോഴും. കളേബരം=ശരീരം. സുന്ദ
രം=അഴകുള്ളതു്, 'നല്ലാകാൎമതിന്നലംകരണമാമെല്ലാപ്പദാൎത്ഥ
ങ്ങളും'.

Digitized By Kerala Sahitya Akadem

ചന്തമേററമിയലുന്നൊരാകൃതി-
ക്കെന്തലങ്കരണമായ്ച്ചമഞ്ഞിടാം?

൧. ചാരമൺപൊടി തുടച്ചു വീക്ഷപാ-
നാരു്? സാദ്ധ്യമതു പോലുമെങ്കിലും,
സാരശോഭനമിതിന്റെ മേനി: സം-
സ്കാരമെന്തിനു നിസർഗ്ഗചാരുവിൽ?

൨. കേകയോടു കിടനിന്നിടുന്ന നൽ-
ക്കളകളൊത്ത, തിവിചിത്രരൂപിയായ്
ലോകരമ്യത കലൎന്ന കോഴി കീ-
ഴാകയില്ല മയിലിന്നൊരിക്കലും.

൩. കാൎത്തികേയനഴകാൎന്ന കേകിയെ-
പ്പാൎത്തിണക്കി നിജവാഹമാക്കിനാൻ;
മൂൎത്തിചാരുത മുഴുത്ത കോഴിയെ-
ച്ചാൎത്തിടുന്നു കരതാരിലെപ്പൊഴും.

---

൧ സാരശോഭനം=സാരം (സൗന്ദൎയ്യം) കൊണ്ടു ശോഭനം മേനി=ശരീരം. സംസ്കാരം=വെടുപ്പുവരുത്തൽ. നിസർഗ്ഗചാരു=സ്വതേസുന്ദരം.

൨ കേക=മയിലിന്റെ ശബ്ദം. വിചിത്രം=നാനാവൎണ്ണം.

൩ കാൎത്തികേയൻ=സുബ്രഹ്മണ്യൻ. കേകി=മയിൽ. നിജവാഹം=തന്റെ വാഹനം. മൂൎത്തിചാരുത=ശരീരഭംഗി. മയൂരവാഹനനും കുക്കുടധരനുമത്രേ സുബ്രഹ്മണ്യൻ.

Digitized By Kerala Sahitya Akadem

൧൦ തന്നംഗഭംഗതനഭംഗിയാലിതി-
ങ്ങന്നമായ്പ്പൊരുതുമെന്ന ഭീതിയാൽ,
അന്നവാഹനരുളീല കുക്കുട-
ത്തിന്നമർത്ത്യപഥചംക്രമക്രമം.

൧൧ കാമമന്യവിഹഗങ്ങളെന്നപോ-
ലീ, മനോജ്ഞത തികഞ്ഞ പക്ഷിയും
വ്യോമസീമനി പറന്നിടാതതു-
ദ്ദാമമായ നരനേത്രഭാഗ്യമാം.

൧൨ കാമമേറിയ മനുഷ്യർ സാമ്പ്രതം
വ്യോമയാനപരരായിരിക്കുവ,

---

൧൦. അഭംഗം=കോട്ടമില്ലാത്തത്. തനു=ശരീരം. അന്നമായ്........ഭീതിയാൽ=അരയന്നത്തിനെ അതിശയിക്കുമോ എന്ന ഭയത്താൽ. അന്നവാഹൻ=ബ്രഹ്മാവ് അമർത്ത്യപഥചംക്രമം=ആകാശസഞ്ചാരം. തന്റെ വാഹനമായ ഹംസത്തിനെ ശരീരഭംഗിയിൽ തോല്പിച്ചാലോ എന്നു പേടിച്ചിട്ടാണോ, ബ്രഹ്മാവ് കോഴിക്ക് ആകാശസഞ്ചാരത്തിനുള്ള ശക്തി കൊടുക്കാഞ്ഞത് എന്നു ഗമ്യോൽപ്രേക്ഷ.

൧൧ കാമം എന്ന അവ്യയപദത്തിനു ശരി, കൊള്ളാം എന്നർത്ഥം. അന്യവിഹഗങ്ങൾ=മററു പക്ഷികൾ. വ്യോമസീമനി=ആകാശത്തിൽ. ഉദ്ദാമമായ=തടവററ. നരനേത്രഭാഗ്യം=മനുഷ്യരുടെ കണ്ണുകൾക്കുള്ള ഭാഗ്യം. കോഴി പറക്കാത്തതുമൂലം എപ്പോഴും അടുക്കൽ കണ്ട് ആനന്ദിപ്പാൻ മനുഷ്യർക്കു സാധിക്കുന്നു.

൧൨. കാമം=ആഗ്രഹം (ഭര). സാമ്പ്രതം=ഇപ്പോൾ. വ്യോമയാനപരർ=ആകാശസഞ്ചാരതല്പരർ [വിമാനചാരികൾ].

Digitized By Kerala Sahitya Akadem

ഈ മഹീതലവിഹാരമേ നിജ-
ക്ഷേമമെന്നു കരുതുന്ന കോഴി, നീ.

൧൩ തിട്ടമങ്ങയുടെ ചെമ്പരുത്തി കി-
ഴ്പ്പെട്ട ചൂഡയിതു, താമ്രചൂഡമേ,
മട്ടറിഞ്ഞു വിധി തന്ന പക്ഷിരാട്-
പട്ടമായ്പ്പരിലസിച്ചിടുന്നതേ.

൧൪ ലോകബാന്ധവനണഞ്ഞിടുംമാ-
റാകവേ, സുഭഗ, താമ്രചൂഡമേ!
നീ കഴുത്തുയരുമാറു കൂകിടും
കൂകലെത്ര രസമുണ്ടു കേൾക്കുവാൻ!

൧൫ എത്തവന്നുഷസി നിന്റെ കൂജിതം
വീതജാഡ്യമൊരുണർച്ച നൽകിടാ:
പൂതവാസരസമാഗമോത്സവ-
സ്ഫീതകാഹളരവം കണക്കിനെ?

മഹീതലവിഹാരം=ഭൂമിയിൽത്തന്നെ പെരുമാറുക. മനുഷ്യരേക്കാൾ കൂടുതൽ അലംഭാവം കോഴിക്കുണ്ടെന്നർത്ഥം.

൧൩. ചൂഡ=കോഴിയുടെ തലയിലെ പൂവ്. വിധി=സ്രഷ്ടാവ്. പക്ഷിരാട്പട്ടം=പക്ഷിരാജപട്ടം. പരിലസിക്കുന്നു=ശോഭിക്കുന്നു.

൧൪. ലോകബാന്ധവൻ=സൂര്യൻ. സുഭഗൻ=സുന്ദരൻ. താമ്രചൂഡം=പൂങ്കോഴി.

൧൫. ഉഷസി=പുലർകാലത്ത്. കൂജിതം=കൂകൽ. വീതജാഡ്യം=മാന്ദ്യം കൂടാത്ത. പൂതം=പരിശുദ്ധം. വാസരം=പകൽ. സമാഗമം=വരവ. സ്ഫീതം=വർദ്ധിച്ച.

Digitized By Kerala Sahitya Akadem

൧൩ തങ്കവീർഷ്യയോടടർക്കു മുന്നിട-
ത്തിങ്കലെത്തുമെതിർകോഴിയോട്ടടൻ
ശങ്കവിട്ടു, ചരണായുധേന്ദ്ര, നീ-
യങ്കമല്ലതൊരു നല്ല കാൎയ്യമാം.

൧൪ വീരലോകമുറ കണ്ടു നീ കിട-
ക്കാരനോടു പൊരുതുന്ന പോരിനെ
പാരവേ പെരുത്തു കാൺകിലാരുമാ
നാരദർഷിയെ വൃഥാ പഴിച്ചിടാ!

൧൫ വല്ലതും ഭുവി കൊഴിഞ്ഞ ധാന്യമെ-
ന്നല്പമശ്നം, തവ വിശപ്പടക്കുവാൻ;
ഇല്ലബാധ പരനു;- ഞ്ഛവൃത്തിയാം
നല്ല താപസനയി ദ്വിജേന്ദ്ര, നീ.

൧൬ എൻ കോമളച്ചിറകിടങ്ങളൊത്തു ത-
ന്നോമനപ്പടിയടുത്തു ചെൽകവേ,

---

൧൩. അടർ=യുദ്ധം. ചരണായുധൻ=കോഴി. അങ്കം=പോര്.

൧൪. കിടക്കാരൻ=എതിരാളി. കോഴിയങ്കം കണ്ടവർ നാരദമുനിയെ കലഹപ്രിയനെന്നു കുറ്റപ്പെടുത്തുകയില്ല; തങ്ങളും കലഹദർശനത്തിൽ കൗതുകികളാകും!

൧൫. ഭുവി=ഭൂമിയിൽ. ബാധ=ഉപദ്രവം. ഉഞ്ഛവൃത്തി=വയലിലും മററും ചിന്നിക്കിടക്കുന്ന ധാന്യങ്ങൾ പെറുക്കിയെടുത്ത് ഉപജീവിക്കുന്നവൻ. ദ്വിജശബ്ദം=ബ്രാഹ്മണപക്ഷിപൎയ്യായമാകുന്നു.

Digitized By Kerala Sahitya Akademi

പ്രേമരമ്യമൃദുകൂജിതത്തൊടു-
ക്ഷാമഹർഷമെതിരേല്പതുണ്ടിവൻ.

൨൦ സ്വീയസന്തതികളെപ്പരന്തു മൃ-
ത്സ്വായ കണ്ടകരിൽനിന്നു കാപ്പതിൽ
ജായയോത്തതി മനസ്സു വെപ്പതു-
ണ്ടായതപ്രണയനീപ്പതത്രവാൻ.

൨൧ അത്ര വന്മഴ പൊഴിച്ചിടും വിധൌ
വിത്രസിച്ചുഴലുമിക്കിടാങ്ങളെ
പത്രമാം കുട പിടിച്ചു കാത്തിവൻ
പുത്രകപ്രണയപുഷ്ടി കാട്ടിടും.

൨൨ നിൻകുടുംബിനി സുഖാസുഖങ്ങളിൽ-
പ്പങ്കുകൊണ്ടനുസരിക്കുമോളിവൾ;
നിൻകുമാരരിവരംഗസൌഷ്ഠവം
തങ്കുമവർ; പതഗ, ഭാഗ്യവാൻ ഭവാൻ!

---

൧൯ പ്രേമരമ്യമൃദുകൂജിതം=പ്രേമംകൊണ്ടു രമണീയമായ ശബ്ദവിശേഷം. അക്ഷാമഹർഷം=അനല്പമായ സന്തോഷത്തോടുകൂടുംവണ്ണം.

൨൦. സ്വീയസന്തതികൾ=തന്റെ കുഞ്ഞുങ്ങൾ. കണ്ടകർ=ക്രൂരന്മാർ. ജായ=ഭാര്യ. ആയതപ്രണയൻ=അതിസ്നേഹവാൻ. പതത്രവാൻ=പക്ഷി.

൨൧. വിത്രസിച്ച്=ഭയപ്പെട്ട്. പത്രം=ചിറക്. പുത്രകപ്രണയപുഷ്ടി=മക്കളിലുള്ള വാത്സല്യാതിരേകം.

൨൨. കുടുംബിനി=ഗൃഹിണി. സൌഷ്ഠവം=ഭംഗി. തങ്കുവോർ=ഉള്ളവർ. പതഗം=പക്ഷി.

Digitized By Kerala Sahitya Akadem

൨൩ ദോഷമെന്നപടി, നിന്റെ മാംസവും
മോഹനം മധുരമെന്നിരിക്കയാൽ,
സ്നേഹശൂന്യരിഹ നിന്നെയെപ്പൊഴോ
ഹാ! ഹനിപ്പതു വയററുപോററികൾ!!

൨൪ ഇത്തിരിക്കുമൊരുപദ്രവം പര-
ക്കെത്തിടാതെ പുലരുന്ന നിന്നുടെ
വൃത്തി കൂടിയ കഴുത്തിലുഗ്രമായ്-
ക്കത്തി ചെയ്യുവതിനാർക്കു തോന്നിടും?

൨൫ ആവതോളമിഹ നിത്യവും ഭുജി-
ക്കാവതായ്പ്പല പദാൎത്ഥമില്ലയോ?
പാവമീ നിരപരാർധപക്ഷിയെ-
ക്കൊൽവതെന്തിനു മനുഷ്യർ കഷ്ടമേ!

൨൬ ഭദ്രകുക്കുടകുലാസ്രതൃപ്ണാൽ
ഭദ്രകാളി ബഹുദുഷ്ടമർദ്ദിനി
സദ്രസം കരുണ ചെയ്യുമെന്നൊരീ
ക്ഷുദ്രമാന്ത്രികമതം ഭയങ്കരം!!

---

൨൩. സ്നേഹശൂന്യർ=ദയയില്ലാത്തവർ. ഹനിക്കുക=കൊല്ലുക.

൨൫. ഭുജിക്കുക=ഭക്ഷിക്കുക.

൨൬. ഭദ്ര........തൃപ്ണാൽ=അഴകേറിയ കോഴികളുടെ ചോര ചൊരിയുന്നതുമൂലം. ബഹുദുഷ്ടമർദ്ദിനി=അനവധി ദുഷ്ടന്മാരെ കൊല്ലുന്നവൾ. സദ്രസം=സസന്തോഷം. കരുണ=ദയ. ക്ഷുദ്ര...മതം=നീചമായ മന്ത്രികന്മാരുടെ അഭിപ്രായം. 'ബഹുദുഷ്ടമർദ്ദിനി' എന്ന വിശേഷണം, ഭദ്രകാളി ഇത്തരം നിർദ്ദോഷജീവികളുടെ ഹിംസമൂലം ഒരിക്കലും പ്രസാദിക്കയില്ലെന്നു സൂചിപ്പിക്കുന്നു.

Digitized By Kerala Sahitya Akadem

൧൭ ഭീമഘാതുകർ കഴുത്തറക്കവേ,
രാമ! രാമ! കരുണാസ്വരത്തൊടും
കീഴ്മലച്ചു പിടയുന്ന കോഴിയെ-
ക്കാൺമവർക്കു കരളും പൊട്ടുകില്ലയോ!

൧൮ ചൊല്ലാർന്നിട്ടും വലിയ ധർമ്മമഹിംസയാണെ-
ന്നുല്ലാസമേകുമറിവെങ്ങുമുയർന്നിടട്ടേ!
വല്ലാതിവണ്ണമപമൃത്യു പെടാതെ, നിങ്ങൾ-
ക്കെല്ലാം സുഖപ്പൊറുതി കുക്കുടമേ, വരട്ടേ!

---

൧൭. ഭീമഘാതുകർ=ഭയങ്കരന്മാരായ കൊലയാളികൾ.

൧൮. ചൊല്ലാർന്നിട്ടും=കേൾവികേട്ട. 'അഹിംസാ പരമോ ധർമ്മഃ.' അപമൃത്യു=അകാലമരണം.

Digitized By Kerala Sahitya Akadem

3

മാടരാജവൈരാഗ്യം

ഉണ്ടാമുടൽപ്പുളകമോടൊരിടച്ചു് പൂണ്ടു
കൊണ്ടാരമോതിടുമുദന്തമിതെന്തു ഹാ ഹാ !
പണ്ടാക്കഴിഞ്ഞ പരിപാവനമായ കാലം ,
രണ്ടാമതും ക്ഷിതിയിൽ വന്നവതീർണ്ണമായോ !

അമ്മേ, ജയിക്ക ഭാരതാവനി! നിൻകിടാങ്ങൾ-
ക്കമ്മേന്മ പോവുകിലുമിന്നു, ഭവൽപ്രഭാവാൽ
ചെമ്മേ പുരാണരിൽ വിളങ്ങിയ തത്വചിന്താ-
സമ്മേളനപ്രതിഭ തീരെ മറഞ്ഞതില്ലാ.

---

* ഫറവ്വൻ ധനം.

പുളകം=രോമാഞ്ചം. ഉദന്തം=വൃത്താന്തം. പരിപാവനം=പരിശുദ്ധം. അവതീർണ്ണം=അവതരിച്ചതു്. "വാർദ്ധകേ മുനിവൃത്തീനാം" എന്നിങ്ങനെ കാളിദാസപ്രോക്തന്മാരായ പുരാതനരാജർഷികളെ അനുകരിച്ചു പ്രസ്തുതരാജർഷിയും സ്ഥാനത്യാഗംചെയ്തു മുനിവൃത്തി സ്വീകരിച്ചതുമൂലം കവി ആ പഴയ കാലത്തെ അനുസ്മരിക്കുന്നു.

ഭാരതാവനി=ഭാരതഭൂമി. മേന്മ=ഉൽകൃഷ്ടത. ഭവൽപ്രഭാവാൽ=ഭവതിയുടെ മഹിമനിമിത്തം. പുരാണർ=പണ്ടുള്ളവർ. തത്വചിന്താസമ്മേളനപ്രതിഭ=തത്വവിചാരത്തോടു മേളിക്കുന്ന [ചേരുന്ന]തിലുള്ള ബുദ്ധിവിശേഷം.

Digitized By Kerala Sahitya Akadem

നില്ലാതെ നൂതനപരിഷ്കൃതിവാത്യ വന്നി-
ല്ലാതടിച്ചുകിലു, മാത്തവ പുണ്യസഞ്ചാ-
യില്ലാ,മയേ ഭരതധാത്രി, പറന്നു പോയി-
ട്ടില്ലാ; ചിലേടമതിതാ, ചിതറിക്കിടപ്പൂ!

കാലാനുകൂലസുപരിഷ്കരണപ്രയോഗ-
ത്താലാവതോളമഭിവൃദ്ധി വരുത്തി നീളെ,
ശ്രീലാസ്യകേളിമണിമാളിക മാടമോട്ട-
മേലാഭരത്തൊട്ടു ഭരിച്ചു വരും നരേന്ദ്രൻ;

കാര്യങ്ങളിൽപ്പെരിയ കാഴ്ച, കരംകവരുന്നതൗ-
ദാര്യം, തിതിക്ഷ, സമഭാവന, സാധുസംഗം,
സ്ഥൈര്യം തുടങ്ങി,യൊരു ഭൂമിപതിക്കു വേണ്ട-
മാര്യങ്ങളാം ഗുണഗണങ്ങളിലദ്വിതീയൻ;

ഭൂഭാഗപാലകരശേഷമണഞ്ഞ സാക്ഷാൽ
ശ്രീഭാരതേന്ദ്രമകുടാവഹമോത്സവത്തിൽ

നൂതന......വാത്യ=പുതുപരിഷ്കാരമാകുന്ന കാററ്. പുതു മോടികളുടെ തള്ളിക്കയററത്തിലും ഭാരതവർഷത്തിന്റെ പുരാതനപുണ്യസമ്പത്തു മുഴുവൻ പോയിക്കഴിഞ്ഞിട്ടില്ലെന്നർത്ഥം. ഭരതധാത്രി=ഭാരതഭൂമി

ശ്രീലാസ്യകേളി=ലക്ഷ്മിയുടെ വിളയാട്ടം. ഉദ്ഭേലാഭരം=അളവററ ആദരവ്

ഔദാര്യം=ദാനശീലത്വം. തിതിക്ഷ=ക്ഷമ. സാധുസംഗം=സജ്ജനസംസർഗ്ഗം. ആര്യങ്ങൾ=ശ്രേഷ്ഠങ്ങൾ. അദ്വിതീയൻ=രണ്ടാമനില്ലാത്തവൻ [നിസ്തുല്യൻ].

ഭൂഭാഗപാലകർ=കീഴരാജാക്കന്മാർ. ശ്രീഭാ......ത്സവം=ഇൻഡ്യാചക്രവർത്തിയുടെ കിരീടധാരണമഹോത്സവം.

Digitized By Kerala Sahitya Akadem

ശോഭായമാനബിരുദം പലതും ലഭിച്ച
സൌഭാഗ്യ സുഹൃദസമുജ്ജ്വലസച്ചരിത്രൻ ;
പൊന്നായ കൊന്നമലർ ചൂടിയുമാത്തഭക്തി-
സന്നാഹരാം പ്രജകൾതൻ ജയഘോഷമൊത്തും,
മൂന്നാണ്ട്, തന്നരചതാം തിരുനാളിനാലേ
മന്നാകെയുത്സവമിയററിയ മാനുഷേന്ദ്രൻ ;
ക്ലേശം പെടാതെ സുഖമായ്, പ്രളയം വരെക്ഷി
ക്ഷ്മേശൻ ഭരിച്ചരുൾക തന്നുടെ നാടിതെന്നായ്
ആശംസ്സു തക്ക വിധമാളുകൾ ചെയ്യുപോരു-
മാശംസകൾക്കനഘഭാജനമായ ധന്യൻ ;
വാണിക്കു വാരിജഭവൻ ; മലർ പെററ മഞ്ജു-
വാണിക്കു വിഷ്ണു ; വിബുധപ്പരിഷ്ക്കു ശക്രൻ ;

ശോഭായമാനം=നിറപ്പകിട്ടുള്ളത്.

ആത്തഭക്തിസന്നാഹർ=ഭക്തിപൂർവ്വമായ ഒരുക്കങ്ങൾ ചെയ്യുവർ.

ക്ഷ്മേശൻ=രാജാവ്. അനഘഭാജനം=നിഷ്കളങ്കപാത്രം.

വാണിക്കു വാരിജഭവൻ (ബ്രഹ്മാവ്)=ബ്രഹ്മാവിനെപ്പോലെ സ്വാധീനസരസ്വതീകൻ. മലർ പെററ മഞ്ജുവാണി (ലക്ഷ്മി)ക്കു വിഷ്ണു=വിഷ്ണുവിനെപ്പോലെ സ്വാധീനലക്ഷ്മീകൻ. വിബുധപ്പരിഷക്കു (വിദ്വത്സമൂഹത്തിനു, ദേവഗണത്തിന്ന്) ശക്രൻ=ഇന്ദ്രനെപ്പോലെ വിബുധനേതാവ്.

Digitized By Kerala Sahitya Akadem

ക്ഷോണിസ്ഥനന്തഭഗവാൻ, കവികോകിലാഗ്ര്യ-
ശ്രേണിസ്ഥനന്തരുചിയാന്ന വസന്തമാസം;
ആരാമവന്മനൃപരത്നമിതാ, യഥാൎത്ഥ-
വൈരാഗ്യയോഗ്യചരമാശ്രമമാശ്രയിപ്പാൻ,
പേരാളിടുന്ന യുവമന്നവനിൽ സ്വരാജ്യ-
ഭാരാവരോപണവിധിക്കു തുടൎന്നിടുന്നു!!
ശ്രീരാജവൃദ്ധരുടെ താപസധൎമ്മചൎയ്യ
പൌരാണികോക്തികളിൽ മാത്രമിതേവരെക്കും,
നേരായ് നമുക്കതിനെ കണ്ടറിയാവതാക്കും,
ധീരാഗ്ര്യനീ പ്രഭു നിജാചരണത്തിനാലേ.

ക്ഷോണിസ്ഥനന്തഭഗവാൻ=അനന്തനെപ്പോലെ ഭൂമിയെ ധരിക്കുന്നവൻ. കവികളാകുന്ന ശ്രേഷ്ഠകോകിലങ്ങളുടെ സമൂഹത്തിന് അനന്തരുചി (അററമററശോഭ)യാന്ന വസന്തമാസം=വസന്തംപോലെ കവികോകിലങ്ങളെ പാടിക്കുന്നവൻ.

യഥാ..........ശ്രമം=യഥാൎത്ഥമായ വൈരാഗ്യത്തിന്നു യോഗ്യമായ സന്ന്യാസാശ്രമം. യുവമന്നവൻ=ഇളയ രാജാവ്. സ്വരാജ്യ......വിധി=തന്റെ രാജ്യഭാരം ഇറക്കിവെക്കുക.

ശ്രീരാജവൃദ്ധർ=വാൎദ്ധക്യം പൂണ്ട മഹാരാജാക്കന്മാർ. പൌരാണികോക്തികൾ=പുരാണങ്ങൾ. ധീരാഗ്ര്യൻ=ധീരരിൽ മുഖ്യൻ. നിജാചരണം=തന്റെ അനുഷ്ഠാനം.

Digitized By Kerala Sahitya Akadem

ശ്രേയസ്സരാഭിനവരീതിയിലാണു, നീതി-
ന്യായസ്ഥനാകുമവിടുത്തെ മഹാചരിത്രം;
ഗേയം ഗൃഹം പ്രതി നിദാനമതിപ്പൊഴിയ-
ദ്ധ്യായം നിമിത്തമൊരു പുണ്യപുരാണമായി!

ഭൂവിൽജ്ജനം, പരമപൂരുഷനാകുമാരെ
ശ്രീവിഷ്ണുവായ്ക്കരുതി വാഴ്ത്തിവരുന്നു ഭക്ത്യാ;
ആ വിശ്രുതൻ തനതു ലക്ഷ്മിയെ വിട്ടിരിപ്പാൻ
ഭാവിപ്പതാണു: പരമാത്ഭുതമീയുദന്തം!

ഹാ! രാജ്യലക്ഷ്മിയുടെ പുഞ്ചിരിയായ് വിളങ്ങും
ഗൌരാതപത്രമൊരുവന്റെ മനം മയക്കാൻ
പോരാത്തതായ് നിയതമെന്ന വിചിത്രവാർത്ത
നേരായ് നിനച്ചിടുകയില്ലിതുകാലമാരും!

അഭിനവരീതി=പുതിയ രീതി. ഗേയം=ഗാനംചെയ്യപ്പെടുവാൻ യോഗ്യം. ഗൃഹംപ്രതി=വീടുതോറും. നിദാനം=പതിവായിട്ട്.

വിശ്രുതൻ=പ്രസിദ്ധൻ. വിഷ്ണു ലക്ഷ്മിയെ [സമ്പത്തിനെ] വിടുന്നത് അത്ഭുതകരമാണല്ലോ.

ഗൌരാതപത്രം=വെൺകൊററക്കുട. നിയതം=തീർച്ചയായും. വിചിത്രവാർത്ത=അത്ഭുതവർത്തമാനം.

Digitized By Kerala Sahitya Akadem

ഏതാളു,മേതു പരദേവതതൻ പ്രസാദ-
മേതാനുമേല്പതിനു, വേണ്ടിവരുന്നതായാൽ
താതാഗ്രജാദിജനജീവിതരക്തവും ഹാ!
ജാതാദരം കരുതിയാക്കുവതിന്നൊരുങ്ങും;

ആ രാജലക്ഷ്മി,യൊരു ദാസികണക്കു തൻകാൽ-
ത്താരാശ്രയിക്കെ,യവളെ,സ്സുകൃതോന്നതിക്കായ്
ദൂരാൽ ത്യജിച്ചു മുനിവൃത്തിയെടുക്കുവാനീ
ശ്രീരാമദേവനെയൊഴിച്ചു,വനുള്ളു ധൈര്യം?

നാലഞ്ചു ചെമ്പടി കിടച്ചിട്ടുമെങ്കിലെന്തു
'ജാല'ത്തിനും ജനമൊരുങ്ങിയിറങ്ങിടുന്നു;
ലീലപ്പുകിട്ടിലുലകം കീഴ്മേൽ മറിക്കു-
മാ ലക്ഷ്മി,യിപ്പുരുഷവര്യനു പുല്ലു പോലേ!

പോരാകെ,യോക്കിൽ വധിതൻെറയൊരിന്ദ്രജാലം;
ചോരാക്കു സക്തിയിതിലെ,'ന്നുപദേശമേകാൻ
ധാരാളമുണ്ടു ജനമിങ്ങു;—തു ചെയ്തുകാട്ടും
ധീരാഗ്ര്യനോ ശതശതങ്ങളിലൊന്നു മാത്രം!!

പരദേവത=അടുത്ത ശ്ലോകത്തിൽപറയുന്ന രാജലക്ഷ്മി. താതാഗ്രജാദിജനം=അച്ഛൻ, ജ്യേഷ്ഠൻ തുടങ്ങിയുള്ളവർ.

സുകൃതോന്നതിക്കായ്=പുണ്യാദിവൃദ്ധിക്കുവേണ്ടി. ശ്രീരാമദേവൻ=രാമവർമ്മമഹാരാജാവ്; രാമായണകഥാനായകനെക്കൂടി സൂചിപ്പിച്ചിരിക്കുന്നു.

ചെമ്പടി=കാശ്. ജാലം=ഇന്ദ്രജാലം (കപടം).

ശതം=നൂറ്.

Digitized By Kerala Sahitya Akadem

പ്രായം തനിക്കുറവതാകിലു, മബ്ബലിഷ്ഠ-
കായത്തിലുണ്ടു യുവലക്ഷ്മി കളിച്ചിടുന്നു;
ശ്രേയസ്സുകാംക്ഷ കുറവെന്തവാടെടുക്കീ-ജസ്ര-
മായത്തം,മൈഹികസുഖത്തിനു വേണ്ടതെല്ലാം;

സാമാന്യമല്ല ഭരണത്തൊഴിലിൽപ്പടുത്വം;
ക്ഷേമാഭിവൃദ്ധിയിലുയന്നുവരുന്നു രാജ്യം;
ഈ മാടഭൂപനതിമാനുഷനെന്ന കീത്തി-
ഭൂമാവു ഭൂമിയിൽ നിറഞ്ഞുകഴിഞ്ഞുതാനും;

എല്ലാമിതിൻവിധമിരിക്കെ,യതിൽ പ്രസക്തി-
യില്ലാതെ, മുക്തിനിനവാന്നു, നൃപാസ്പദത്തെ
പുല്ലായ്ഗ്ഗണിച്ചതുളമിപ്പുരുഷാവതംസം,
ചൊല്ലുന്നു ബുദ്ധമുനിതന്റെ നവാവതാരം!

ദാരിദ്ര്യവാർദ്ധകരുജാദിനിപീഡിതക്കും
പാരിക്കുമാണു വിഷയഭ്രമമൈ-ന്നിരിക്കെ,

ബലിഷ്ഠകായം=ശക്തിമത്തായ ശരീരം യുവലക്ഷ്മി=യൌവനശ്രീ. ആയത്തം=അധീനം. ഐഹികസുഖം=ഇഹലോകസുഖം.

പടുത്വം=സാമർത്ഥ്യം. അതിമാനുഷൻ=മനുഷ്യനിലയെ അതിക്രമിച്ചവൻ. കീത്തിഭൂമാവ്=യശസ്സമൃദ്ധി.

പ്രസക്തി=താൽപര്യം. മുക്തിനിനവ =മോക്ഷവിചാരം. നൃപാസ്പദം=രാജസ്ഥാനം. പുരുഷാവതംസം=പുരുഷന്മാക്കു ശിരോലങ്കാരമായിട്ടുള്ളവൻ.

രുജ=രോഗം. നിപീഡിതർ=ബാധിതർ.

Digitized By Kerala Sahitya Akadem

പൂരിച്ചുമസ്സുഖസമൃദ്ധിയിൽ നിസ്പൃഹത്വം
നേരിട്ടതെത്ര നെടുതായ നിസർഗ്ഗസത്വം !!
ഓരോ പ്രജകളൊരുത്ത 'രാജ്യ'പദത്തിനെത്തൻ-
പേരോടു ചേർത്തിനു പാടുപെടുന്നു പാരം ;
സാരോപദേശഗുരുവാമവിടെയ്ക്കു, തൻ്റെ-
പ്പേരോടു ചേർന്നതുമതായതസഹ്യമായി !
ജ്ഞാനം, മഹത്തരമകത്തു കടന്നു ചെന്ന-
ന്യൂനം വെളിക്കുടനിരാകിലു സങ്ഗമോടേ ,
നൂനം, വിദേഹനൃപരീതിയിലാണു, രാജ-
സ്ഥാനം വഹിപ്പതവിടുന്നു, വിചിന്ത്യസത്വൻ.

'നമ്മൾക്കു താനരചനായ് വരട്ടെ ഭാവി-
ജന്മത്തിലും, മഹിതനിത്തിരുമേനി'യെന്നായ്
ഇമ്മർത്ത്യരാസ്ഥയോടു നേർന്നു വരുന്നു ; താനോ ,
ജന്മത്തിൽനിന്നൊഴിയുവാൻ വഴി തേടിടുന്നു.

നിസ്പൃഹത്വം=നിഷ്കാമത്വം. നിസർഗ്ഗസത്വം=സ്വഭാവേനയുള്ള സത്വഗുണം.

അയത്=ആ രാജ്യപദം. രാജസ്ഥാനത്തു സ്ഥിതിചെയ്യുന്നതു ദുസ്സഹമായി തോന്നിയെന്നർത്ഥം.

അന്യൂനം=കുറവു കൂടാതെ. സംഗം=വിഷയാസക്തി. അവിചിന്ത്യസത്വൻ=അചിന്ത്യമായ കരുത്തോടു കൂടിയവൻ. അന്തസ്ത്യാഗിയും ബഹിസ്സംഗിയുമായിരുന്നുവല്ലോ വിദേഹനൃപൻ [ജനകരാജർഷി].

മഹിതൻ= പൂജിതൻ. ആസ്ഥ=ആദരം. അടുത്ത ജന്മത്തിലും ഇവിടുന്നു തങ്ങൾക്കു തന്നെ രാജാവാകണമെന്നു പ്രജകൾ വിചാരിക്കുമ്പോൾ, അവിടുന്നു ജനനമരണബാധയിൽനിന്നു വിട്ടു മുക്തിയടയുവാൻ ശ്രമിക്കുന്നുവെന്നു സാരം.

Digitized By Kerala Sahitya Akadem

തീരാതപ്പൃതചാരനിർവൃതി വാഴ്ക്കുമാറായ്,
പ്പാരാകെ നൽത്തണലണച്ച മഹാതപത്രം,
ഈ രാജമൌലി വെടിയാൻ തുടങ്ങുന്നതോർത്തി-
ട്ടാരാണു, താപവശനായ് ച്ചമയാത്തതിപ്പോൾ?
മാലാന്നിടാഴ്ക്കിവിടെ നാം തിരുമേനി തേടും
കാലാനുരൂപശ്ശുഭവിശ്രമവും, നിനച്ചാൽ,
പാലാഴിയിൽപ്പുരപുമാനുടെ പള്ളിനിദ്ര-
പോലാ,ത്തമലോകകുശലാഭ്യുദയത്തിനന്നേ:
എല്ലാ വിബോധവിഭവങ്ങളുമുള്ളിലുള്ളാ-
ച്ചൊല്ലുന്ന തൃത്തലയിൽ വാണ കരിടമേ, നി
വല്ലാതെ തൻ പരപദച്യുതിയോർത്തു മാഴ്കാ-
യ്ക്കി:— ല്ലാരിലും തടവു കാലഗതിയ്ക്കു പാരിൽ;

അപ്പ...വൃതി=ഇതിനുമുമ്പുണ്ടാകാത്ത വിശ്രമസുഖം. വാഴ്ക്കുമാറ്=വർദ്ധിക്കുമാറ്. മഹാതപത്രം=വലിയ കട [വെൺകൊറ്റക്കുട] താപവശൻ=ചൂടിന്നടിപ്പെട്ടവൻ; ദുഃഖിതനെന്നും. തണലു കൊടുത്തിരുന്ന കുട വിടുന്നതോർത്ത് ആളുകൾ ചൂടിൽപ്പെട്ടുതുടങ്ങി— അതായതു രാജാവിന്റെ സ്ഥാനത്യാഗം ചിന്തിച്ചു പ്രജകൾ ദുഃഖാത്തരായി.

കാലാ........വിശ്രമം=വർദ്ധക്യകാലോചിതമായ വിശ്രമം. പരപുമാൻ=വിഷ്ണു. അത്ത.....ഭ്യുദയം=സപ്രജാക്ഷേമാഭിവൃദ്ധി. (ആദ്ധ്യാത്മികശ്രേയസ്സമൃദ്ധി). ലോകക്ഷേമത്തിനായി വിഷ്ണു പാലാഴിയിൽ പള്ളികൊള്ളുന്നതുപോലെ ഇദ്ദേഹത്തിന്റെ ഈ വിശ്രമവും പ്രജാകുശലാവൃദ്ധിക്കാണെന്നു സാരം.

വിബോധവിഭവങ്ങൾ=ജ്ഞാനസമ്പത്തുകൾ. പരപദച്യുതി=ശ്രേഷ്ഠമായ സ്ഥാനത്തിൽനിന്നുള്ള ഭ്രംശം. മാഴ്കായ്ക=ദുഃഖിയ്ക്കരുത്.

Digitized By Kerala Sahitya Akadem

സമ്രാട്കിരീടവു,മസംശയ,മാ വിശാലോ-
ന്നമ്രാളികത്തൊടണയുന്നതിനാഗ്രഹിച്ചും:
നമ്രാത്തി തീത്ത,വിടെ, രാജകിരീടമേ, നീ
കമ്രാഭമായ്ച്ചിരമിരുന്നതപാരഭാഗ്യം:

ഹേ മാന്യമാടവസുധ, സതി, മാഴ്കാലാ നിൻ
പ്രേമാസ്പദം പതി തപോരതനാകമൂലം!
ഈ മാതിരിക്കുരിയ സത്തുഗുണം തികഞ്ഞ
ധീമാനു, ദർഭ്ഭ വിരി പട്ടുകിടക്കതന്നേ!!

ഈ രാമദേവനുടെ സോദരനാം നരേന്ദ്രൻ,
സാരാഢ്യപാദസമനുഗ്രഹ സിദ്ധിയാലേ
ധാരാളമേന്തിയ പട്ടുതമൊടൂഴി, നിന്നെ
നേരായ്ബ്ഭരിച്ചരുളു,മാഞ്ഭരതൻ കണക്കേ!

സമ്രാട്=ചക്രവത്തി. ഉന്നമ്രാളികം=ഉയന്ന നെററി. നമ്രാത്തി=ആശ്രിതപീഡ. കമ്രാഭം=മനോഹരശോഭയോടുകൂടെ.

മാടവസുധ=കൊച്ചിരാജ്യം. സതി=പതിവ്രത. പ്രേമാസ്പദം=പ്രേമത്തിന്നിരിപ്പിടം. പതി=ഭത്താവ്. തപോരതൻ=തപസ്സിൽ തൽപരൻ. സുഖോചിതനായ എൻെറ ഭത്താവ് എങ്ങിനെ തപഃക്ലേശം അനുഭവിക്കും എന്നു നീ വ്യസനിക്കേണ്ടാ; ഇത്തരം സത്തുഗുണശാലികൾക്ക് അരമനയിലെ പട്ടുകടക്കയും ആശ്രമത്തിലെ ദർഭവിരിയും ഒരുപോലെയാണ്

അഗ്ര്യൻ=ജ്യേഷ്ഠൻ. ശ്രീരാമൻെറ പാദുകകളെ വാങ്ങി അവയെ പൂജിച്ചുകൊണ്ടാണല്ലോ ഭരതൻ രാജ്യം ഭരിച്ചത്.

Digitized By Kerala Sahitya Akadem

ഈ രാജ്യശ്രീ തടിദ്വല്ലരിയുടെ കളിയാൽ-
ത്തെല്ലുപോലും വിമോഹം
ചേരാതാ,നന്ദസമ്പത്തനവധി വിളയും
നിത്യരാജ്യത്തെ നേടാൻ,
പേരാളും രാജയോഗം, പുതിയതനുസരി-
ക്കുന്നതിന്നായ്ത്തുടങ്ങു-
ന്നീ രാജർഷിക്കു, പൂർണ്ണം വിജയമരുളുമാ-
റാക പൂർണ്ണത്രയീശൻ!

തടിദ്വല്ലരി=മിന്നൽപ്പിണർ. വിമോഹം=അന്ധാളിത്തം. രാജ്യശ്രീ ക്ഷണപ്രഭാചഞ്ചലയാണെന്നു സാരം. നിത്യരാജ്യം=സായുജ്യം. രാജയോഗം=ചിത്തവൃത്തിനിരോധനമാർഗ്ഗം. പൂർണ്ണത്രയീശൻ=തൃപ്പൂണിത്തുറയപ്പൻ.

Digitized By Kerala Sahitya Akadem

4

* കളളന സമ്മാനം

൧ „മമ തനു തൊടൽ കൂടി നീളെ വഞ്ചി–
ച്ചമരണമെന്നു നടിച്ചുകണ്ണൊളുങ്ങി,
സുമസുരഭിലമെത്തയിങ്കലിന്നും
കമനി, കമിഴ്ന്നു കിടക്കയായിതോ നീ!

൨ പതിതമനസിജാശുഗക്ഷതത്താൽ–
പ്പതിരു കണക്കകലുന്നിതെന്റെ ധൈര്യം,
പതിയൊടു പക പൂണ്ടിരിക്കുവോരീ–
പ്പതിവിനിയെങ്കിലുമൊന്നു മാറ്റണേ നീ!

൩ ഇരവിതിലിഹ വെള്ളമെത്തയിന്മേൽ
വിരസമവാങ്മുഖിയായ്ക്കിടക്കിലും നീ

---

* ൧൦വൃത്തം കന്നി നേ–

൧ മമ=എന്റെ. തനു=ശരീരം. വഞ്ചിച്ച്=ഉപേക്ഷിച്ച്. അമരണം=വസിക്കണം. സുമസുരഭിലമെത്ത=പുഷ്പങ്ങൾകൊണ്ടു സുഗന്ധിയായ മെത്ത. കമനി=സുന്ദരി.

൨ പതിത........ത്താൽ=ശക്തികൂടിയ കാമാസ്ത്രമേറ്റതുമൂലം. ആശുഗശബ്ദത്തിനു വായുവെന്നുമർത്ഥം. പക=പിണക്കം.

൩. ഇരവിതിൽ=ഈ രാത്രിയിൽ. ഇഹ=ഇവിടെ. വിരസം=രസമില്ലാതെ. അവാങ്മുഖി=മുഖം കുനിച്ചവൾ; ഒന്നും സംസാരിക്കാത്തവളെന്നുമാകാം.

Digitized By Kerala Sahitya Akadem

ശരദമലനഭസ്സണഞ്ഞ നൈശാ-
കരകല പോലെ വിളങ്ങിടുന്ന കാന്തേ!
൪ അവശനിലയിതെന്തിനെ, ന്തൊരിഷ്ടം
തവ തരളാക്ഷി, തരപ്പെടേണ്ടതുള്ളൂ?
ഇവനയി, തവദാസനെ,ൻെറ സമ്പ-
ന്നിവഹവുമൊക്കെ നിനക്കധീനമല്ലേ?
൫ തിരുമലർമകൾതൻ കടാക്ഷലീല-
യ്ക്കൊരു മണിമന്ദിരമിന്ദിരോപമേ! ഞാൻ;
ഒരുദിനമിവനെപ്പുണർന്നിടാനി-
ത്തെരുവിലെ നാരികളൊക്കയും കൊതിപ്പൂ!
൬ വനജമുഖി! നിനക്കിവങ്കലേവം
മനസി വളർന്ന വെറുപ്പിനെന്തു ബന്ധം?
അനഘതരുണനാകുമെന്നെ, നീ ശ്യാ-
മനനര് കണ്ടു വയസ്സനെന്നുറച്ചോ?

ശരദമലനഭസ്സ്=ശരൽക്കാലത്തിലെ നിർമ്മലമായ ആകാശം. നൈശാകരികല=നിശാകരന്റെ (ചന്ദ്രന്റെ)തായ കല (ചന്ദ്രക്കല).

൪ തവ=നിനക്ക. തരളാക്ഷി=ഇളകുന്ന കണ്ണോടുകൂടിയവൾ (സുന്ദരി). നിവഹം=കൂട്ടം.

൫ ഇന്ദിരോപമ=ലക്ഷ്മിയോടു സദൃശി, ഞാൻ വലിയ ധനവാനും സുന്ദരനുമെന്നു സാരം.

൬ വനജമുഖി=താമരപ്പൂവിനൊത്തമുഖമുള്ളവൾ. അനഘതരുണൻ=അരോഗദൃഢഗാത്രനായ യുവാവ്. വാർദ്ധക്യത്തിനു മുമ്പുണ്ടായതാണെന്നു വരുത്താനാണ് 'ശ്യാമനനര്'എന്നു പറഞ്ഞത്.

Digitized By Kerala Sahitya Akadem

൭ നരയിതു, മമ വക്ത്രചന്ദ്രമസ്സിൻ
കരനിരതൻ ചില കൊച്ചുഖണ്ഡമത്രേ;
വരതരുണികൾതൻ വിലോചനേന്ദീ-
വര,മിതു കണ്ടു വിരിഞ്ഞിടുന്നതില്ലേ?

൮ പല മണികലശങ്ങളില്ലയോ, നിൻ
നിലയമിതിൽ? സുചിരാലവറ്റിനെക്കാൾ
വിലപെരുകിയതാണെനിക്കു, നീലോൽ-
പ്പലമിഴി, നിൻകുചരത്നകുംഭയുഗ്മം.

൯ ഹരി! ഹരി! കഠിനസ്തനാവമർദ്ദം
പരിമൃദു പട്ടുകിടക്ക താങ്ങുമോ തേ?
ഹരിണമിഴി! കമഴ്ന്നൊരിക്കിടപ്പി-
ത്തിരിയട മാറുക മാന്മഥത്തിടമ്പേ!

൧൦ സ്മരതരുനവപല്ലവായിതം നിൻ-
ചരണമിതെൻമടിയിങ്കൽ വെച്ചു മന്ദം

---

൭ വക്ത്രചന്ദ്രമസ്സ്=മുഖമാകുന്ന ചന്ദ്രൻ. കരനിര=രശ്മിക്കൂട്ടം. വിലോചനേന്ദീവരം=കണ്ണാകുന്ന കരിങ്കൂവളപ്പൂവ്.

൮ കലശം=കുടം. നിലയം=വീട്. സുചിരാൽ=വളരെക്കാലമായിട്ട്. നീലോൽപ്പലം=കരിങ്കൂവളപ്പൂവ്. കുചരത്നകുംഭയുഗ്മം=മുലകളാകുന്ന രണ്ടു മണിക്കുടങ്ങൾ.

൯ തേ=നിന്റെ. കഠിനസ്തനാവമർദ്ദം= കാഠിന്യമുള്ള മുലകളുടെ അമർത്തൽ. ഹരിണമിഴി=മൃഗാക്ഷി. മാന്മഥത്തിടമ്പ =കാമദേവന്റെ തിടമ്പ്.

൧൦ സ്മര.....യിതം=കാമനാകുന്ന വൃക്ഷത്തിന്റെ പുത്തൻതളിരുപോലെയിരിക്കുന്നത്. ചരണം=കാൽ.

Digitized By Kerala Sahitya Akadem

തരളമിഴിമണേ, തലോടുവാനെൻ-
കരയുഗളത്തിനനുജ്ഞ നൽകണേ നീ.

൧൧ മടവയർമണി, മാരനും മയങ്ങും
സ്ഫുടനിജയൌവനലക്ഷ്മിയെബ്ബലാൽ നീ
അടവിയിലെ നിലാവു പോലെയാക്കാൻ
തുടരുവതെന്തു? വരില്ല പോയ കാലം.

൧൨ ചതുരതരമിതൊന്നു രണ്ടു നാള-
ല്ലതുലവിഷാദമൊരന്തുകൊല്ലമായ്, ഞാൻ
പുതുസുമസമഗാത്രി, പത്നിയാം നിൻ-
മുതുകിതു പാർത്തിഹ രാത്രി പോക്കിടുന്നു!!

൧൩ ദ്രുതമരിശമിയന്നു ഹന്ത! ചെന്താ-
രിതളൊളി തങ്കമപാംഗമെങ്കിലും നീ

കരയുഗളം=രണ്ടു കൈകൾ. അനുജ്ഞ=അനുവാദം.

൧൧ മാരൻ=കാമദേവൻ. സ്ഫു, ട.........ലക്ഷ്മി=സ്പഷ്ടമായ തന്റെ യൌവനശ്രീ. ബലാൽ=വാശിപിടിച്ച് എന്നു സാരം. അടവി=കാട്. കാട്ടിലെ നിലാവു നിഷ്പ്രയോജനമായിത്തീരുന്നതു പോലെ, നിന്റെ താരുണ്യശോഭ നിഷ്ഫലമാകരുതെന്നർത്ഥം.

൧൨ ചതുരതരമിത്=ഈ സമ്പ്രദായം ഒന്നാംതരം തന്നെ! അതുലവിഷാദം=നിസ്തുല്യമായ മനോവിഷാദത്തോടുകൂടും വണ്ണം. പുതുസുമസമഗാത്രി=പുതിയ പുഷ്പത്തിനു തുല്യമായ ശരീരത്തോടുകൂടിയവൾ. പത്നി=ഭാര്യ. പാർത്ത്=നോക്കി.

൧൩ ദ്രുതം=വേഗത്തിൽ. ചെന്താരിതളൊളി=ചുകന്ന താമരപ്പൂവിന്റെ ഇതളുകളുടെ ശോഭ. തങ്കും=ചേരുന്ന. അപാംഗം=കടക്കണ്ണ്.

Digitized By Kerala Sahitya Akadem

സ്മിതൻ, ചെറുതിവനെന്നു നോക്കയച്ചാൽ
കൃതസുകൃതർക്കു കിരീടരത്നമായ് ഞാൻ !"

൫൪ ഇരവില, ണിവിലാസമച്ചിൽവെച്ചി-
ത്തരമൊരു വാണിജവൃദ്ധനിദ്ധവിത്തൻ
സ്മരരുജ സഹിയാതെ, യൌവനശ്രീ-
നിരിവിതരം നിജഭാര്യയോടുരച്ചു.

൫൫ പെരുതൻനയവാക്കിതൊക്കയും ഹാ!
മരുവിൽ വിതച്ചൊരുവിത്തുപോലെ പാഴായ്;
തരുണി കിഴവനെത്തിരിഞ്ഞുനോക്കാ-
തൊരു പതിവിന്നു നിനക്കിലെങ്ങിളക്കം?

൫൬ അവനതമുഖിയായ്ക്കിടന്നിതന്നും,
യുവതി വയസ്സനൊടടങ്ങിണങ്ങിയില്ലാ:
അവസിതസുമകാലമാം മരത്തെ-
ശ്ശിവ! ശിവ! വണ്ടിനമാശ്രയിപ്പതുണ്ടോ?

സ്മിതൻ=അഴകുള്ളവൻ. കൃതസുകൃതർ=പുണ്യംചെയ്യവർ. നീ കോപത്തോടുകൂടിയെങ്കിലും ഒരു കടാക്ഷം എന്നിലയച്ചാൽ ഞാൻ പുണ്യവാന്മാരിൽ മുഖ്യനായിത്തീരും.

൫൪ വാണിജവൃദ്ധൻ=വൃദ്ധവൈശ്യൻ. ഇദ്ധവിത്തൻ=മഹാധനികൻ. സ്മരരുജ=കാമവേദന. ഉരച്ചു=പറഞ്ഞു.

൫൫ അനുനയവാക്ക്=ഇണക്കാനുള്ള വാക്ക്. മരു=മരുഭൂമി.

൫൬ അവനതമുഖി=മുഖം താഴ്ത്തിയവൾ. അവ..... കാലം=പുഷ്പിക്കുന്ന കാലം കഴിഞ്ഞുപോയത്. താരുണ്യകാലം കഴിഞ്ഞ കിഴവനോടുണ്ടോ തരുണി ചേർന്നിണങ്ങുന്നു എന്ന സാരം.

Digitized By Kerala Sahitya Akadem

ഫൈ സ്മരപരവശനാ,ശയററ, താപോ-
ത്തരനെടുവീപ്പുകളിട്ടു,ഴന്നു വൃദ്ധൻ
ചിരമെരിപൊരി കൊൾകെ, മങ്ക പെട്ടു-
ന്നുരസിജഭാരമണച്ചമൎത്തുപൂണ്ടാൾ.

ഫവൃ പിടമൃഗമിഴിതന്റെ പോർമുലപ്പൊ-
ക്കുട,മവിതൎക്കിതമന്നു മാറിലേല്ക്കെ,
ഉടലൊടു സമമുമ്പർനാട്ടുപൂക്കാ-
ലടയുമൊരുത്സവമാസ്വദിച്ചു വൈശ്യൻ.

ഫൻ അരുവയർമണിയാൾക്കു ഭാവഭേദം
വരുവതിനെന്തിഹ ബന്ധമെന്നു, കാന്തൻ
തെരുതെരെ മണിമച്ചിൽ നിളെ നോക്കീ
പുരുതരകൌതുകവിസ്മയപ്രഹർഷൻ.

ഫ ൈ താപോ........പ്പുകൾ=ചൂടേറിയ നിശ്വാസങ്ങ
ൾ. മങ്ക=സ്ത്രീ. ഉരസിജഭാരം=പോർകൊങ്ക.

ഫ വൃ അവിതൎക്കിതം—വിചാരിയാതിരിക്കെ. ഉടലൊ
ടു——മാസ്വദിച്ചു=ഉടലോടെ സ്വൎഗ്ഗത്തിൽ പോയാലുണ്ടാകാ
വുന്ന സുഖം അനുഭവിച്ചു.

ഫൻ കാന്തൻ=ഭൎത്താവ. പുരു.....ഷൻ=വൎദ്ധിച്ച
കൌതുകത്തോടും വിസ്മയത്തോടും ഉൾക്കളിരോടും കൂടിയവ
ൻ.

Digitized By Kerala Sahitya Akadem

൨൦ അറയുടെയൊരു മൂക്കിലന്നു, കാറിൻ
നിറമൊട്ടു നീണ്ടുതടിച്ച മെയ്യുമായി,
വിറ വിധുമുഖിയാൾക്കു ദേശ്യത്താൽ
തിറമൊടണച്ചൊരു ചോരനണ്ടിരിപ്പു.

൨൧ നീലാംഭോജാക്ഷി പുൽകന്നതിനിവനിടയാ-
ക്കീടിനാനെന്ന തോഷ-
ത്താലാച്ചോരന്നു കോടീശ്വരനവനുചിത-
ദ്രവ്യസമ്മാനമേകീ:
കൈലാസോദ്ധാരണത്തിൽ, പ്രണയകുപിത
ഗൌരി പേടിച്ചു പുൽകും പ്രിയാം
കാലാരിസ്വാമി രാത്രിഞ്ചരവരനു പുരാ
ചന്ദ്രഹാസം കണക്കേ.

---

൨൦ മെയ്യ്=ശരീരം. വിധുമുഖി=ചന്ദ്രമുഖി. തിറമൊ ട്=സാമർത്ഥ്യത്തോടുകൂടി (അനായാസേന എന്നു സാരം). ചോരൻ—കക്കുന്നായി അകത്തു കേറിയവൻ.

൨൧ തോഷത്താൽ=സന്തോഷംമൂലം. ഉദ്ധാരണം=പൊക്കിയെടുക്കൽ. പ്രണയകുപിത=പ്രണയകലഹം പൂണ്ടവാൾ. ഗൌരി=പാർവതി. കാലാരിസ്വാമി=ശിവൻ രാത്രിഞ്ചരവരനു രാക്ഷസേന്ദ്രനു (രാവണനു). പുരാ=പണ്ട്. ചന്ദ്രഹാസം= ചന്ദ്രഹാസമെന്ന വാൾ.

Digitized By Kerala Sahitya Akadem

5

* പുരാണങ്ങൾ

[കിളിപ്പാട്ട്]

ഭാരതവർഷത്തിലെപ്പൂർവരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാർത്തുകണ്ടറിഞ്ഞവർ,
യോഗൈകനിരതന്മാർ, ഭോഗനിസ്പൃഹർ, പരി-
ത്യാഗൈകദ്രവിണന്മാ,രവർതൻവാസങ്ങളോ
പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രൗഘംകൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്കുടിലുകളത്രേ.

---

* ൧൦൯൯ കർക്കിടകം ൧൮-ാംനു.

പൂർവർ=പ്രാചീനർ. പാരി........ഞ്ഞവർ=ലോകോൽപത്തിരഹസ്യം ശരിയായി മനസ്സിലാക്കിയിട്ടുള്ളവർ. യോഗൈകനിരതന്മാർ=പരമാത്മാവുമായുള്ള ചേർച്ചയിൽ മാത്രം താൽപര്യമുള്ളവർ. ഭോഗനിസ്പൃഹർ=വിഷയസുഖങ്ങളിൽ ആഗ്രഹമില്ലാത്തവർ. പരി.....ണന്മാർ=ത്യാഗംമാത്രം ധനമായി കരുതുന്നവർ. ഇത്രവളരെ മാഹാത്മ്യമുള്ള ആ ദിവ്യപുരുഷന്മാരുടെ വാസം എവിടെയെന്നു പറയുന്നു: ശുഷ്കപത്രൗഘം=ഉണങ്ങിയ ഇലകളുടെ കൂട്ടം. ആഡംബരശൂന്യവുമതിവകേവലവുമായ ജീവിതമെന്നു സാരം.

Digitized By Kerala Sahitya Akademi

എങ്കിലുമവയിൽനിന്നിങ്ങു കിട്ടിയ മണി-
ത്തങ്കങ്ങളും മഹാർഘങ്ങളും, മററെങ്ങുമലഭ്യങ്ങളും.

പട്ടുമെത്തയെക്കാളുമിഷ്ടമായ് വാഗ്ദേവിക്കു
ശിഷ്ടരാമവരുടെ ദർഭപ്പുൽപ്പായ്പ്പുകളും:

തത്വചിന്തോദ്രേകത്താലെങ്ങാനുമദ്ധ്വന്യക്ക
വിസ്തീർണ്ണത്തിരുനെററി വിയത്താലപ്പോളെല്ലാം,
പ്രേമവിഹ്വലയായ്ത്തൻ പോർമുലക്കച്ചത്തുമ്പാൽ
കോമളം വീശിപ്പോന്ന വാഗധീശ്വരി, നിന്റെ

മഞ്ജുകൈത്തണ്ടിൽച്ചുററി മിന്നിയ വളകൾതൻ
ശിഞ്ജിതം പുരാണത്തിൽനിന്നു നാമിന്നും കേൾപ്പൂ!

അവയിൽനിന്ന്=ആ പാഴ്ക്കുടിലുകളിൽനിന്നു. മണിത്തങ്കങ്ങൾ=പ്രകൃതത്തിൽ വേദശാസ്ത്രപുരാണേതിഹാസാദികൾ. മഹാർഘങ്ങൾ=വിലയേറിയവ. അലഭ്യങ്ങൾ=കിട്ടാത്തവ.

ശിഷ്ടർ=ഉത്തമന്മാർ. ലൌകികമോടിയിൽ ജീവിച്ച ധനവാന്മാരെക്കാൾ കൂടുതലായി ഈ നിർദ്ധനന്മാരിലാണ് വാഗ്ദേവി പ്രസാദിച്ചതെന്നു സാരം.

തത്വചിന്തോദ്രേകത്താൽ=തത്വവിചാരാധിക്യത്താൽ. പ്രേമവിഹ്വലയായ്=പ്രേമപരവശയായ്. കോമളം=മൃദുവാകുംവണ്ണം. വാഗധീശ്വരി=സരസ്വതി. മഞ്ജു=മനോഹരം. ശിഞ്ജിതം=കിലുങ്ങുന്ന ശബ്ദം. സരസ്വതീദേവി അത്രമാത്രം അവൎക്കധീനയായിരുന്നുവെന്നു സാരം. പുരാണവചനങ്ങളുടെ സുശ്രവത്വവും വ്യഞ്ജിപ്പിക്കുന്നു.

Digitized By Kerala Sahitya Akadem

അമ്മഹാശയന്മാരാം മുനിമാരനവേലം
ബ്രഹ്മനിശ്ചലധ്യാനം നിത്തി വിശ്രമിക്കുമ്പോൾ
നർമ്മശീൽക്കവിതയാം ദേവിയുമായിച്ചെയ്ത
നർമ്മസല്ലാപങ്ങളേ, നിങ്ങൾക്കു നമസ്കാരം!
ഭാസകാളിദാസാദ്യന്മാരെയും പുലത്തിയ
ഭാസുരസാരസ്വതഭണ്ഡാരപ്പൂരകളേ,
ദുർഗ്രഹമാഹാത്മ്യമാമാമ്നായാദ്രിയിൽനിന്നു
നിർഗ്ഗമിച്ചൊഴുകിയ നിർമ്മലനദികളേ,
ഉച്ചൈകരുപനിഷദ്ദേവതാക്ഷേത്രങ്ങളേ,
സച്ചതുർവ്വർഗ്ഗാഭിഖ്യസസ്യകക്ഷേത്രങ്ങളേ,

അനവേലം=കൂടക്കൂടെ. ബ്രഹ്മനിശ്ചലധ്യാനം=ദൃഢമായ പരബ്രഹ്മധ്യാനം=നർമ്മസല്ലാപങ്ങൾ=കളിവചനങ്ങൾ. മഹഷിമാർ വേദാന്തതത്വചിന്താക്ലേശം തീക്കവാൻവേണ്ടി വിശ്രമിക്കുമ്പോൾ, കവിതാദേവിയുമായി നടത്തിയ കളിയാട്ടങ്ങളാണ് പുരാണങ്ങൾ എന്നു ചുരുക്കം. പുരാണനിർമ്മാണം അവക്കു സുഖസാധ്യമായിരുന്നു എന്നു ധ്വനി. ഭാസ.....പുലത്തിയ=ഭാസൻ കാളിദാസൻ തുടങ്ങിയ മഹാകവികൾക്കു കാവ്യനിർമ്മാണത്തിനായി വിഷയങ്ങൾ സംഭരിച്ചുകൊടുത്ത. ഭാസുര.....പ്പൂരകം=ശോഭിക്കുന്നവയായ വാഗ്ദേവിയുടെ ഭണ്ഡാരപ്പൂരകൾ. ദുർഗ്രഹമാഹാത്മ്യം=ഗ്രഹിക്കുവാൻ പ്രയാസമുള്ള മഹിമയോടുകൂടിയത്. ആമ്നായാദ്രി=വേദമാകുന്ന പർവ്വതം. നിർഗ്ഗമിക്ക=പുറപ്പെടുക. പുരാണങ്ങളുടെ ഉത്ഭവം വേദത്തിൽനിന്നാണെന്നർത്ഥം. ഉച്ചൈ.....ത്രങ്ങൾ=ഉന്നതങ്ങളായ ഉപനിഷത്തുകളാകുന്ന ദേവതകളുടെ ക്ഷേത്രങ്ങൾ. ഉപനിഷത്സാരങ്ങൾ അന്തർഭവിച്ചവ എന്നു ഭാവം. സച്ച...

...ത്രങ്ങൾ=ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന സസ്യങ്ങളുടെ വയലുകൾ.

Digitized By Kerala Sahitya Akadem

പേർ പെററമാര്യന്മാർതൻ വിജയസ്തംഭങ്ങളേ,
ശ്രീപുരാണാഗ്ര്യങ്ങളേ, നിങ്ങൾക്കു നമസ്കാരം!
        തേനൊലിപ്പഴങ്ങളും, തൂമണം തുളുമ്പുന്ന
സൂനങ്ങൾതോറും തത്തിക്കളിക്കും കുളിർകാററും,

മാനസം തെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചില ദിക്കിൽ;

താമരയിലകളാൽ പച്ചവില്ലീസ്സു പുത-
ച്ചാമട്ടിൽ വിളങ്ങുന്ന പൊയ്കകൾ ചില ദിക്കിൽ;

നക്ഷത്രങ്ങളെച്ചൂഡാരത്നങ്ങളാക്കും നാനാ-
വൃക്ഷങ്ങൾ തിങ്ങും ശൈലാരണ്യങ്ങൾ ചില ദിക്കിൽ;

പാറമേൽത്തട്ടിപ്പാരം പളുങ്കുമണി ചിന്നി-
ച്ചാരാവമോടേ പായും പുഴകൾ ചില ദിക്കിൽ—

പ്രകൃതിരമണീയം, ശാന്തഗംഭീരം, ഹാ ഹാ,
സുകൃതിനിഷേവ്യമേ നിങ്ങൾതൻ മഹാരാജ്യം!

'തേനൊലി' എന്നുതുടങ്ങി 'മഹാരാജ്യം' എന്നവസാനിക്കുന്ന വാക്യംകൊണ്ടു പുരാണങ്ങളുടെ സുചിത്രമകരത്വം, നിഗൂഢഭാവത്വം, ഗഹനത, നൈർമ്മല്യം മുതലായവയെ സൂചിപ്പിച്ചിരിക്കുന്നു; അഥവാ, നിങ്ങൾ തൻമഹാരാജ്യം എന്നതിനെ ഭാരതവർഷമെന്നും വ്യാഖ്യാനിക്കാം. ഇന്ത്യയിലെ പ്രകൃതിരാമണീയകം അന്യാദൃശമാണല്ലോ. ചൂഡാരത്നം=ശിരോഭൂഷണമായ രത്നം. വൃക്ഷങ്ങളുടെ അസാമാന്യമായ പൊക്കം സൂചിപ്പിക്കുന്നു. ആരാവം=ശബ്ദം. സുകൃതിനിഷേവ്യം=സുകൃതികളാൽ സേവിക്കപ്പെടുവാൻ യോഗ്യം.

Digitized By Kerala Sahitya Akadem

ശിക്ഷാധികാരത്താൽ കണ്ണുരുട്ടിയോ, സ്നേഹാ-
ഖണ്ഡശക്തിയാൽ കൈക്കു പിടിച്ചു നിറുത്തിയോ,

ഭാഗിയിലനുരാഗാലണച്ചു തഴുകിയോ
നിങ്ങൾ പിന്തിരിപ്പിപ്പു ദുഷ്കൃതത്തിൽനിന്നെന്നെ.

മണ്ണിനെപ്പൊന്നാക്കുന്ന മായതൻ കള്ളത്തരം
കണ്ണിളയ്ക്കാതെ നോക്കിക്കണ്ടോരാം ചിരിക്കുന്നു;

മർത്ത്യജീവിതപുഷ്പം ചേറിൽ വീഴുവതോർത്തി-
ട്ടുത്തലാൽ കരയുന്നു തൽക്ഷണംതന്നേ നിങ്ങൾ.

നീതിയുമനീതിയും ധർമ്മവുമധർമ്മവും
വേർതിരിച്ചിഹ നിങ്ങൾ ഭരണം നടത്തുന്നു;

ശിക്ഷ......ട്ടിയോ=ശിക്ഷാധികാരംമൂലം ഭയപ്പെടുത്തി യോ. സ്നേഹ......ശക്തിയാൽ=സ്നേഹത്തിൻെറ സമഗ്രശക്തി യാൽ കൈക്കുപിടിച്ചു നിറുത്തിയോ സ്നേഹിയുടെ നിലയി ൽ തടഞ്ഞിട്ടോ. പുരാണങ്ങൾ വേദവിധികൾകൊണ്ടു ശാസിച്ചും മിത്രനീത്യാ ഹിതം ഉൽബോധിപ്പിച്ചും, കാന്തയെപ്പോലെ കാ വ്യരസംകൊണ്ടു വശീകരിച്ചും നമ്മെ ദുർമ്മാർഗ്ഗത്തിൽനിന്നു തി രിച്ചുവിടുന്നുവെന്നർത്ഥം.

മണ്ണിനെ ....ചിരിക്കുന്നു. നിസ്സാരങ്ങളെ സസാര ങ്ങളാക്കിക്കാണിച്ചു വ്യാമോഹിപ്പിക്കുന്ന മായയുടെ പരമാ ർത്ഥസ്ഥിതി വെളിപ്പെടുത്തുന്നു.

മർത്ത്യ .... നിങ്ങൾ=ഉൽകൃഷ്ടമായ മനുഷ്യജന്മം കാമാദി കളിൽ പതിച്ചു പാഴായിപ്പോകുന്നതു കണ്ടു തന്നിവാരണമാ ർഗ്ഗം ഉപദേശിക്കുന്നു.

ഭരണംനടത്തുന്നു=ജീവിതയാത്രയെ വേണ്ടതിൻവണ്ണം നിയന്ത്രിക്കുന്നു.

Digitized By Kerala Sahitya Akadem

ഭൈപതലാം ലോകത്തിന്നു വിശ്രമാനന്ദം നൽകാൻ
പ്രീതിയിൽത്താലോലിച്ചു താരാട്ടും പാടീടുന്നു.
ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡെടുക്കുന്നു;
പൊങ്കിരീടത്തെജ്ജടാജൂടമായ് മാററിടുന്നു;
സ്വർഗ്ഗവും തൃണപ്രായം നിങ്ങൾക്കു; ജഗത്തിങ്കൽ
മൃഗ്യമായൊന്നേയുള്ളൂ സ്വാതന്ത്ര്യം സാക്ഷാൽ മോ
(ക്ഷം.

ഭൈപതലാം......പാടീടുന്നു. ലോകം നിത്യശാന്തിയിലെത്തി പരമാനന്ദമയമാകുവാനുള്ള വഴികൾ കാണിച്ചുകൊടുക്കുന്നു. [ലോകം ഒരു കുട്ടിയെപ്പോലെ ക്ഷണികസുഖങ്ങളിൽ ഭ്രമിച്ചുഴലുകയാണ ചെയ്യുന്നത്.]

ചെങ്കോലു......മാററിടുന്നു=ലൌകികമായ ഔന്നത്യം ദൂരെ ത്യജിച്ച് ആദ്ധ്യാത്മികമായ ശ്രേയസ്സിനുവേണ്ടി പ്രയത്നിക്കുവാൻ ഉപദേശിക്കുന്നു.

സ്വർഗ്ഗം=ചെയ്തിട്ടുള്ള പുണ്യകർമ്മങ്ങളുടെ ഫലം തീരുന്നതുവരെ സുഖിക്കുവാനുള്ള* സ്ഥലം. യഥാർത്ഥമുമുക്ഷുവിനു സ്വർഗ്ഗത്തിലാശയുണ്ടാകുന്നതല്ല]. മൃഗ്യം=അന്വേഷിക്കത്തക്കതു്. സ്വാതന്ത്ര്യം=മായാബന്ധ(കർമ്മബന്ധ)ത്തിൽനിന്നു വിട്ടിട്ടുള്ള അവസ്ഥ. അതു തന്നെ സാക്ഷാൽ മോക്ഷം. ഒരു മനുഷ്യന്റെ പരമാദശമായ ഈ മുക്തിക്കുള്ള മാർഗ്ഗമാണു് പുരാണങ്ങളിൽ പ്രധാനമായി പ്രതിപാദിക്കുന്നതു്.

Digitized By Kerala Sahitya Akadem

പൂതമോംകാരം പോലേ ത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യം സാധിപ്പാനായ്ക്കരണത്രിതയത്താൽ
സാദരം പ്രയത്നിപ്പിൻ, സാഫല്യപ്പെടുത്തുവിൻ,
സോദരന്മാരേ, നിങ്ങൾ സാരമാം നരജന്മം!

പൂതം=പരിശുദ്ധം. ഓംകാരം=അ [വിഷ്ണു] ഉ [ശിവൻ] മ് [ബ്രഹ്മാവ] എന്ന ത്രിമൂർത്തികളെയും സൂചിപ്പിച്ചു പരബ്രഹ്മവാചകമായി പറയുന്ന 'ഓം' എന്ന പ്രണവധ്വനി. ത്ര്യക്ഷരാത്മകം=മൂന്നക്ഷരങ്ങളുള്ളത. കരണത്രിതയത്താൽ=മനസാ, വാചാ, കർമ്മണാ [അതിപ്രയത്നംചെയ്തു ആ പരമപദം പ്രാപിച്ചു ജന്മോദ്ദേശം നിറവേററുകയെന്നു സാരം:]

Digitized By Kerala Sahitya Akadem

6

* ഒരുൾനാട്ടിലെ വേനൽക്കാലം

൧. ഗരിഷ്ഠമാം ശാശ്വതകാലചക്ര-
ത്തിരിപ്പിനൊപ്പം തിരിയുന്ന നമ്മൾ
ശരിക്കതിൻ ചൂട്ടെരിയുന്നിടം പു-
ക്കിരിക്കയാണിപ്പൊഴനല്പസാദം.

൨. ചിന്താശതത്താലിഹ മിക്കവാറും
സന്താപമുള്ളിൽപ്പെരുകും മനുഷ്യൻ
ഹന്താധുനാ വേനലിനാൽ, പുറത്തും
വൻതാപഭാരത്തെ വഹിക്കയായീ:

---

* ൧൦൯൯ ഇടവം ൧൯-ാംനു

൧ ഗരിഷ്ഠം=മഹത്ത്. ശാശ്വതം=നിത്യം. അനല്പസാദം=വളരെ വാട്ടത്തോടുകൂടുംവണ്ണം. കാലചക്രഗതിയനുസരിച്ച്, വർഷവും മഞ്ഞും കഴിഞ്ഞു ഇപ്പോൾ നാം വേനൽകാലത്തിലെത്തിയിരിക്കുന്നുവെന്നർത്ഥം.

൨ ചിന്താശതം=നിരവധി വിചാരങ്ങൾ. സന്താപം=ചൂട്, ദുഃഖം. ഹന്ത=കഷ്ടം! അധുനാ=ഇപ്പോൾ. വൻതാപം=വലിയചൂട്, ദുഃഖം.

Digitized By Kerala Sahitya Akadem

൨൪. ഒരുൾനാട്ടിലെ വേനൽക്കാലം

൧. ഹിതാനുകൂലം ധനദൻ ഭരിക്കു-
ന്നതായ ദിക്കിൽപ്പെരുമാറൽമൂലം
നിതാന്തമേന്തും വസുവാൽ പ്രചണ്ഡ-
പ്രതാപനായീ ജലജാതബന്ധു!!

൨. അലംഘനീയാതപതാപഭാരാ-
കുലങ്ങളായ്ത്തീർന്ന കുളങ്ങൾതോറും
ജലം തുലോം ദുർല്ലഭമായിത്തുള്ള
ജലത്തെയോ ചണ്ടികൾ തീണ്ടിതാനും!

൩. വററുന്നു വല്ലാതെ ജലാശയങ്ങൾ,
ചുററുന്നു ചൂടാലിഹ ജീവജാലം

---

൧. ഹിതാനുകൂലം=സൂര്യാനുസാരേണ. ധനദൻ.....ദിക്ക്=വടക്കേ ദിക്ക്. (സൂര്യന്റെ ഉത്തരായണസഞ്ചാരം) നിതാന്തം=ഏററവും [ധാരാളമായി.] വസു=രശ്മി; ധനമെന്നും. പ്രചണ്ഡപ്രതാപൻ=കഠിനമായ ചൂടുള്ളവനെന്നും പ്രതാപമുള്ളവനെന്നും ശ്ലേഷം. ജലജാതബന്ധു=സൂര്യൻ. ജലക്കൂട്ടത്തിന്റെ ചങ്ങാതി എന്നും. സൂര്യൻ കുബേരദേശമായ ഉത്തരദിക്കിൽ സഞ്ചരിച്ചു വളരെ രശ്മിയാകുന്ന ധനം കൈക്കലാക്കി വലിയ പ്രതാപിയായിത്തീർന്നിരിക്കുന്നു!

൨ അലം.....ലങ്ങൾ=തടുക്കാൻ പാടില്ലാത്ത വെയിലിന്റെ പെരുംചൂടുകൊണ്ടു കുഴങ്ങിയവ (വെള്ളം വററിയ). ചണ്ടികൾ തീണ്ടി=പായലുകൊണ്ടു നിറഞ്ഞു; തെമ്മാടികൾ കലക്കി മറിച്ചുവെന്നും.

൩ ജലാശയങ്ങൾ=കുളംമുതലായവ, ചുററുന്നു=കഷ്ടപ്പെടുന്നു.

Digitized By Kerala Sahitya Akadem

മുററം മഹാജീവനവിപ്ലവത്തിൽ-
പ്പുററം പരീതാപമതുല്യമല്ലോ.

൬. ഉഴന്ന് താപാൽ ക്ഷിതി, സൂര്യരശ്മി-
ചയത്തിനുഷ്മാവു ചുരുക്കുവാനോ,
വിയത്തിലേക്കാ, വികളാക്കി മേഘ-
ലയച്ചു, പാഴിൽച്ചെലവാക്കി വെള്ളം!

൭. ജലത്തിനോതുന്നമൃതാഹ്വയത്തിൻ
വിലപ്പെട്ടന്നൌചിതിയെത്തികച്ചും,
ജ്വലൽകഠോരാതപതാപമേററ
വലഞ്ഞ നാട്ടാരറിയുന്നിതിപ്പോൾ

മഹാജീവനവിപ്ലവം= വമ്പിച്ച ജീവനാശം; ജീവനത്തിനു ജലമെന്നും ഉപജീവനമെന്നും അർത്ഥം. പരീതാപം=ചൂടു, ദുഃഖം. അതുല്യം=തുല്യമില്ലാത്തത്.

൬ താപാൽ=സന്താപം ഹേതുവായിട്ടു. ക്ഷിതി=ഭൂമി. ചയം=കൂട്ടം. ഉഷ്മാവ്=ചൂട്. വിയത്ത=ആകാശം. സൂര്യരശ്മിയുടെ ചൂടുകുറയ്ക്കുവാനോ എന്നു തോന്നുംവണ്ണം, ഭൂമി വെള്ളമെല്ലാം ആവിയാക്കി ആകാശത്തിലയച്ചു വെറുതെ ചെലവാക്കി; വെയിലിനു ചൂടു വീണ്ടും വീണ്ടും കൂടുകയാണ് ചെയ്യുന്നത്!

൭ അമൃതാഹ്വയം=അമൃത് എന്നുള്ള പേര്. ഔചിതി=ഔചിത്യം. ജ്വലൽ......താപം=കത്തിക്കാളുന്ന കഠിനമായ വെയിലിന്റെ ചൂട്. ദൌർല്ലഭ്യം മൂലം സാക്ഷാൽ അമൃതിനു തുല്യം വിലയുള്ളതായിത്തീർന്ന വെള്ളത്തിനു അമൃതമെന്നുള്ള പേർ അന്വർത്ഥംതന്നെ എന്ന്, ഇപ്പോൾ തികച്ചും ബോധ്യംവന്നു.

Digitized By Kerala Sahitya Akadem

൮. തൃണങ്ങളായ് നാം കരുതുന്നവൎക്കു-
മന്നത്തു, നാട്ടിൽപ്പെരുതായ പഞ്ഞം;
ഗുണം തൊടാത്തുള്ള കവിപ്രബന്ധം
കണക്കെ, ലോകം പരിശുഷ്കമായി.

൯. വെയിലാളൽ മൂലം പകൽനേരമാൎന്നു
മാലാററി രക്ഷിച്ച നിശക്കപായം,
കാലാനുരോധാലണയുമ്പൊഴാൎത്ത്യാ-
കോലാഹലം പക്ഷികൾ കൈവളൎപ്പൂ.

൰. „രാവന്തരിച്ചു, സുഖമെന്തു മേലിൽ?
പാവങ്ങൾ നാമിന്നി മരിക്ക നല്ലൂ”
ഏവം നിനച്ചോ, തരുവിൻെറ കൊമ്പു-
ത്താവൽക്കുലം വന്നിഹ തൂങ്ങിടുന്നു !

൰൧. കാലാഗ്നിതേജസ്സാം പകൽ വന്നിടുകെ,
മാലാൎന്നു മന്നിൻ നെടുവീൎപ്പുപോലെ

---

൮ ഗുണം.....പ്രബന്ധം=നിൎഗ്ഗുണമായ ദുഷ്കവികളുടെ കാവ്യം. ലോകം ആകപ്പാടെ ഉണങ്ങി വരണ്ടുപോയി.

൯ കാലാനുരോധാൽ=കാലഗതിയനുസരിച്ച്. മാലാററി=ദുഃഖം (ചൂട്) തീൎത്ത്. നിശ=രാത്രി. അപായം=നാശം. ആൎത്ത്യാ=സങ്കടംമൂലം. ചൂടിൽനിന്നു തങ്ങളെ രക്ഷിച്ച രാത്രി മറയുന്നതുകൊണ്ടുള്ള ദുഃഖംകൊണ്ടാണ് പ്രഭാതത്തിൽ പക്ഷികൾ കരയുന്നതെന്നു കവി ഉൽപ്രേക്ഷിക്കുന്നു.

൰ ഏവം=എന്നിങ്ങിനെ. തരു=വൃക്ഷം. കുലം=കൂട്ടം. ഇവിടേയും മേൽകാണിച്ചപോലെ, ഉൽപ്രേക്ഷ. ആവലിനെ ചിലർ വാവൽ എന്നു പറയുന്നു.

൰൧ കാലാഗ്നിതേജസ്സ്=പ്രളയാഗ്നിക്കൊപ്പം ഉജ്ജ്വലിക്കുന്നത്.

Digitized By Kerala Sahitya Akademi

ചേലായി വീശുന്നിതു, പാതിരിപ്പൂ-
മാലാമണം ചേരുമുഷസ്സമീരൻ:

൧൨. നെഞ്ചം കുളിർക്കെപ്പുലർവേളയിങ്കൽ-
പൂഞ്ചൊല്ലു തേവുന്നവർ പാടിടുമ്പോൾ,
ചഞ്ചൽഘടീയന്ത്രഘനപ്രണാദം
തഞ്ചം പെടും ശങ്കിടിയായിടുന്നു.

൧൩. രാവിൻകലാശത്തിൽ മുറയ്ക്കുറക്കം
കൈവിട്ടെഴുന്നേല്ക്കുമിളങ്കിടാങ്ങൾ
മാവിൻചുവട്ടിൽദ്രുതമോടിയെത്തി-
യാവിർമ്മുദാ മാങ്ങ പെറുക്കിടുന്നു.

൧൪. വർണ്ണാഢ്യരേഖാങ്കിതപൃഷ്ഠനാകു-
മണ്ണാൻ രസാലോപരി മത്തടിച്ചോ,
എണ്ണാവതല്ലാസ്പൃഹ തേടുമോമൽ-
ക്കണ്ണാലിതാ, ബാലകർ നോക്കിനില്പൂ.

ഉഷസ്സമീരൻ=പുലർകാലക്കാറ്റ്.

൧൨. ചഞ്ചത്ത്=ഇളകുന്നത്. ഘടീയന്ത്രം=ഏത്തം. (തുലാം) ഘനപ്രണാദം=കനത്ത ശബ്ദം. ശങ്കിടി=ഏറ്റുപാടൽ.

൧൩. ആവിർമ്മുദാ=സന്തോഷത്തോടുകൂടി.

൧൪. വർണ്ണാ.........പൃഷ്ഠൻ=പുറത്തു, നല്ല നിറമുള്ള ഉത്തമവരികളുള്ളവൻ. രസാലോപരി=തേന്മാവിൻമുകളിൽ എണ്ണാ......സ്പൃഹ=അമിതമായ കൊതി.

Digitized By Kerala Sahitya Akademi

൪൬ ഒരുൾനാട്ടിലെ വേനൽക്കാലം

൧൩. നീരാവമായ്ക്കാക്കകൾ, മാമ്പഴങ്ങ-
ളാരാഞ്ഞു, മാവിൻമുകളിൽച്ചിലേടം,
സൂരാംശുപാളീപരിസൂദിതാന്ധ-
കാരാവശേഷപ്പടി തത്തീടുന്നു.

൧൪. ഉന്നദ്ധഭാനുദ്യുതിയാൽത്തിളങ്ങി-
നിന്നത്രേ, മന്നിൻമണിമാലപോലെ,
കൊന്നദ്രുമപ്പൂങ്കുല കണ്ണുകൾക്ക്
സന്നദ്ധമാക്കുന്നു സമുത്സവത്തെ.

൧൫. ശ്രീ വിങ്ങുമാകാരമിയന്നകൊന്ന-
പ്പൂവിന്റെ നിർഗ്ഗന്ധതയെന്ന ദോഷം
ഹാ! വിസ്മരിക്കുന്നു ജനങ്ങൾ മുറ്റും:
ഭൂവിൽഗ്ഗുണം തന്നെ പുറമ്പകിട്ടും'

൧൬. ധാമാധിപൻ വ്യോമനി വന്നുദിച്ചു
യാമാർദ്ധനേരം കഴിയുമ്പൊഴേയ്ക്കും

---

൧൩ നീരാവമായ്=നിശ്ശബ്ദമായ്. സൂരാംശു.....പ്പടി=സൂര്യരശ്മിയാൽ നശിപ്പിക്കപ്പെട്ട ഇരുട്ടിന്റെ അവശിഷ്ടങ്ങളെന്ന വിധം. ഉൽപ്രേക്ഷ.

൧൪ ഉന്ന.....ദ്യുതി=വർദ്ധിച്ച സൂര്യകാന്തി. കൊന്നദ്രുമം=കൊന്നവൃക്ഷം. സന്നദ്ധമാക്കുക=തയ്യാറാക്കുക. കണ്ണുകളെ ആനന്ദിപ്പിക്കുന്നു എന്നു സാരം.

൧൫ ശ്രീ=ശോഭ. ആകാരം=ആകൃതി. നിർഗ്ഗന്ധത=വാസനയില്ലായ്മ, വിസ്മരിക്കുന്നു=മറക്കുന്നു. ലോകത്തിൽ പുറംപകിട്ടുകൊണ്ടും കുറെയൊക്കെ മെച്ചം നേടാം!

൧൬ ധാമാധിപൻ=സൂര്യൻ. വ്യോമനി=ആകാശത്ത്. യാമാർദ്ധനേരം=മൂന്നേമുക്കാൽ നാഴിക.

Digitized By Kerala Sahitya Akadem

ഭീമാഭിതാപം തരുമാതപം ഹാ!
സാമാന്യമല്ലാതെരിയുന്നിതെങ്ങും.

൧൯. കീലാലദുർഭിക്ഷമിയന്നിടുന്നീ-
ക്കാലാന്തരത്തിൽ, കഠിനാതപത്താൽ
നാലാനനാണ്ഡപ്പുര തീപ്പിടിച്ച-
പോലായ് നിരീക്ഷിച്ചുഴലുന്നു ലോകം.

൨൦. ഉച്ചണ്ഡമാമാതപമുജ്ജ്വലിക്കു-
മുച്ചക്കിതാ, വാടിയ മെയ്യുമായി,
പിച്ചക്കു തെണ്ടുന്നവർ കൈ തലക്കും
വെച്ചധ്വവൃക്ഷത്തണലിൽശ്ശയിപ്പൂ.

൨൧. വൈലത്തു മൈതാനനിലങ്ങൾ മേല്ക്കു-
മേലത്രയും കത്തിയെരിഞ്ഞിടുന്നു;
കാലത്തു പൊട്ടിപ്പിളരുന്നൊരഗ്നി-
ശൈലത്തിനൊക്കും കടകങ്ങൾ പോലെ.

ഭീമാഭിതാപം=ഘോരമായ ചൂട. ആതപം=വെയിൽ.

൧൯ കീലാലദുർഭിക്ഷം=ജലദാരിദ്ര്യം. നാലാനനാണ്ഡപ്പുര=ബ്രഹ്മാണ്ഡമാകുന്ന പുര. നിരീക്ഷിച്ചു=കണ്ടു. പുരയ്ക്കു തീ പിടിച്ചിരിക്കുന്നു; കെടുക്കാൻ വെള്ളമില്ലതാനും!

൨൦ ഉച്ചണ്ഡം=കഠോരം, അദ്ധ്വവൃക്ഷം=വഴിയരികിലുള്ള വൃക്ഷം.

൨൧ അഗ്നിശൈലം=അഗ്നിപർവ്വതം. കടകങ്ങൾ=നടുപ്രദേശങ്ങൾ.

Digitized By Kerala Sahitya Akadem

൨൨. ദേഹം തപിച്ചാകെ വിയർത്തൊലിച്ചു,
ഹാ ഹന്ത! നാനാവഴിപോക്കരിപ്പോൾ
ദാഹം കെടുക്കുന്നതിനെത്തിടുന്നു,
വൈഹസ്ത്യമോടേ വഴിയമ്പലത്തിൽ.

൨൩. ഉടൽക്കു പാരം വിധമുള്ള സാപ്പാ-
ട്ടുടൻ കഴിച്ചാളുകളുച്ചനേരം
കടന്നുകൂടുന്നു കുറെത്തണുപ്പു-
ള്ളിടങ്ങളിൽ, തെല്ലു തളച്ച തീർപ്പാൻ.

൨൪. ഹാ! പാരെരിക്കും തപനാംശുതീവ്ര-
വ്യാപാരമവ്യാഹതമായ് മുതിർന്നു;
സ്വാപാപദേശാൽച്ചിലർ കണ്ണടച്ചു,
താപാദിതാലസ്യമിതാ, സഹിപ്പൂ.

൨൫. വെയിലിന്റെ ചൂടൊന്നു നിലച്ചു, വീണ്ടും
ജോലിക്കൊരുമ്പെട്ട കൃഷീവലന്മാർ
ചാലിട്ടതിൽത്തേവിവിടുന്ന വെള്ള-
ത്താലിങ്ങുതോട്ടങ്ങൾ നനച്ചിടുന്നു.

---

൨൨ തപിച്ചു=ചൂടുപിടിച്ച്. വൈഹസ്ത്യം=വ്യാകുലത.

൨൪ തപ.....വ്യാപാരം=സൂര്യരശ്മിയുടെ കഠിനപ്രവൃത്തി. അവ്യാഹതം=തടവെന്യേ. സ്വാപാപദേശാൽ=ഉറക്കമെന്ന വ്യാജേന. താപാദിതാലസ്യം=ആലസ്യത്തോടുകൂടെ.

൨൫ കൃഷീവലന്മാർ=കൃഷിക്കാർ.

Digitized By Kerala Sahitya Akadem

൨൩. നീരാഹരപ്പാനിഹ തേക്കുകാള
പാരാതെ പിന്നോട്ടു നടന്നിടുന്നു;
ആരാകിലും, ജീവനലാഭയത്നാ
നേരായമുന്നോട്ടുഗതിക്കു വിഘ്നം.

൨൪. വിടന്ന മല്ലീമലരിൻ മണത്തെ-
പ്പുടത്തുമന്തിക്കുളിർകാററടിക്കേ
തുടന്നു കേൾക്കായിവരുന്നു, തെങ്ങിൻ
മടല്ക്കുമേൽ മർമ്മരമഞ്ജുനാദം.

൨൫. ഘോരാംശു തൂകിബ്ബഡബാഗ്നി പോലെ
പാരാകവേ പാരമെരിച്ച സൂര്യൻ
വാരാശിയിൽച്ചെന്നു പതിച്ചിടുമ്പോ-
ളാരാ, ശമിക്കാതിരുകാലമുള്ളൂ?

൨൬. നില്പാതിളന്തെന്നലുലച്ച പച്ച-
നെല്ലാലെ, പുഞ്ചക്കൃഷിയുള്ള പാടം
ഉല്ലാസമാശിച്ചവരെ, സ്സമീപേ
ചെല്ലാനിതാ, മാടിവിളിച്ചിടുന്നു

---

൨൩ നീരാഹരിപ്പാൻ=വെള്ളമെടുക്കുവാൻ. ജീവനലാഭയത്നം=കാലയാപനശ്രമം; വെള്ളത്തിനു വേണ്ടിയുള്ള ശ്രമമെന്നും. വിഘ്നം=തടസ്ഥം. ദിവസവൃത്തിക്കു ശ്രമപ്പെട്ടു കഴിയുകിൽ, ആരായാലും (എത്ര മിടുക്കനായാലും) പുരോഗതിക്കു പ്രയാസംതന്നെ.

൨൪ മല്ലീമലർ=മുല്ലപ്പൂ, വ്. മർമ്മരമഞ്ജുനാദം=ഇലകൾ കാററിളകുമ്പോൾ ഉണ്ടാകുന്ന മനോഹരശബ്ദം.

൨൫ ഘോരാംശു=കഠോരരശ്മി. ബഡബാഗ്നി=സമുദ്രാന്തഃസ്ഥിതമായ അഗ്നി. വാരാശി=സമുദ്രം. നെല്ലിൻതലകളുടെ ചലനത്തെ മാടിവിളിക്കലായി ഉൽപ്രേക്ഷിച്ചിരിക്കുന്നു

Digitized By Kerala Sahitya Akadem

൩൦. കററക്കരിങ്കുഴലിമാരഴകിൽക്കളിച്ചി-
ട്ടററം ചുരുണ്ട കുഴൽ പിന്നിലഴിച്ചു ചീന്നി,
കുററം വരാതരിയ പൂക്കളറുത്തിടുന്നു
മുററമത്തെ മുല്ലകളിൽനിന്നു, നിശാഗമത്തിൽ.

൩൧. ഏവം നിദാഘദിനമന്ത്യദശാന്തരത്തിൽ-
ബ്ഭാവം പകർന്നു, നിജതീക്ഷ്ണതയൊക്കെ
(നീക്കി,
കൈവന്ന ശാന്തനിലകൊണ്ടുലകിന്നു ഹർഷ-
ശ്രീവർഷമെന്ന സുകൃതം ബത! നേടിടുന്നു;

൩൦ കുഴൽ=തലമുടി. നിശാഗമം=രാത്രിയുടെ വരവു്.

൩൧ നിദാഘദിനം=വേനൽക്കാലത്തെപ്പകൽ. അന്ത്യദശാന്തരം=അവസാനഘട്ടം— സായാഹ്നം. നിജതീക്ഷ്ണത=തന്റെ ചൂടു്. ഉലക്=ലോകം. ഹർഷശ്രീവഷം=സന്തോഷസമ്പത്തിനെ വഷിക്കുക. സുകൃതം=പുണ്യം. ക്രൂരനും അവസാനഘട്ടത്തിൽ (മരണകാലത്തു്) ശമവും സുകൃതശ്രദ്ധയും സംഭവിക്കുന്നു.

Digitized By Kerala Sahitya Akademi

7

ഷഷ്ടിപൂർത്തിമംഗളം

[വഞ്ചിപ്പാട്ട്]

*കോമളമായ്ക്കോളിളകിത്തൂമ പൂണ്ടു പുതുതാ
മോമൽപ്പുഴയിതാ, ശരിക്കൊഴുകീടുന്നു: (യോ-
സാമാന്യജലമല്ലിതന്തീ മഹാനദിയിൽക്കാണ്മൂ,
കാമധേനുവിനെപ്പേർത്തും കറന്ന പാലോ?

ആ മഹേന്ദ്രാരാമത്തിന്റെ ശ്രീമജ്ജയസ്തംഭങ്ങളാം
മാമരങ്ങളുടെ മലർത്തൂമരന്ദമോ?

വിണ്ണവർക്കു മുനി ശാപബന്ധം മാറാൻ പണിപ്പെട്ടു-
ന്നർണ്ണവത്തിൽനിന്നെടുത്തൊരൗഷധം താനോ?

---

* ൧൦൯൧ ചിങ്ങം ൧൧-ാംനു

ഷഷ്ടിപൂർത്തിമഹോത്സവംമൂലം പ്രജകൾക്കുണ്ടായ ആനന്ദത്തെ ഒരു പുഴയായി സങ്കല്പിച്ചു വർണ്ണിക്കുന്നു.

തൂമ=സ്വച്ഛത. സാമാന്യജലം=സാധാരണവെള്ളം. മഹേന്ദ്രാരാമം=നന്ദനോദ്യാനം. മലർത്തൂമരന്ദം=പൂന്തേൻ.

വിണ്ണവർ=ദേവന്മാർ. മുനിശാപബന്ധം=ദുർവ്വാസസ്സുമുനിയുടെ ശാപംമൂലമുണ്ടായ സങ്കടം. അർണ്ണ......ഷധം=അമൃത്. (മുനിശാപവും പാലാഴിമഥനവും മററും പുരാണപ്രസിദ്ധം).

Digitized By Kerala Sahitya Akadem

അല്ലിത്താരാം ശരമേന്തുമമ്മയുടെ വളർപ്പള്ളി-
വില്ലിനുടെ വിസ്തൃതപരവിശുദ്ധനീരരാ?
ഹാ, മറെറാന്നല്ലിതു: വഞ്ചിഭൂമഹാലക്ഷ്മിക്കു ദിവ്യ-
ത്താമരപ്പൂവായ പൊന്നുതമ്പുരാനുടെ
മംഗളജന്മർക്ഷമാകും മഞ്ഞിൻകുന്നിൽനിന്നൂറന്ന
തുംഗപരാനന്ദാമൃതഗംഗ താനത്രേ;
ജാതിമതഭേദമില്ലാതെവരുമിതിൽ സ്നാനം
ചെയ്കിതാ, കൈവരുത്തുന്നു ജന്മസാഫല്യം;
നീരാടിയ ദിക്കകളും പാരം നിർമ്മലാംഗികളായ്-
ച്ചാരുതരവെള്ളവസ്ത്രം ചാർത്തി നില്ക്കുന്നു!
ഓടം കളിക്കാം നമുക്കിങ്ങോട്ടു വരികോ, രോ പാട്ടു
പാട്ടുവിദ്വാൻകൂട്ടുകാരേ, പാടവത്തോടേ;
താളമൂന്നിപ്പിടിക്കുവിൻ, നീളെ ശ്രുതിയൊപ്പിക്കുവി-
നോളം മുറിച്ചോട്ടം നല്ലോരോടി വെക്കുവിൻ!

ഇഷ്ടാപൂർത്താനുഷ്ഠാനവിശിഷ്ടനായി, പ്രജകൾക്കാ-
ന്നിഷ്ടമൊത്ത വേണ്ടും നയമിയററവോനായ്,

അല്ലി......അമ്മ=ത്രിപുരസുന്ദരി. വളർപ്പള്ളിവില്ല്=വളിയ പള്ളിവില്ല് (കരിമ്പ്) വിസ്തൃതപരം=വ്യാപകം.

താമരപ്പൂവാണ് ലക്ഷ്മീദേവിയുടെ ഇരിപ്പിടം. ജന്മർക്ഷം=ജന്മനക്ഷത്രം. തുംഗം=ഉന്നതം. (ഉൽകൃഷ്ടം).

കന്നിമാസത്തിലെ (ശരദൃതുവിലെ) വെണ്മയെ ദിക്കകളുടെ [സ്ത്രീത്വം വ്യഞ്ജിക്കുന്നു] വെള്ളവസ്ത്രമാക്കിയിരിക്കുന്നു.

ഓടം=വള്ളം. പാടവം=നൈപുണ്യം.

ഇഷ്ടാ......ശിഷ്ടൻ=ഇഷ്ടാപൂർത്തങ്ങൾ [യജ്ഞംവാപീകൂപാദിനിർമ്മാണം മുതലായവ] അനുഷ്ഠിച്ചുപോരുന്നവൻ.

Digitized By Kerala Sahitya Akadem

അഷ്ടമൂർത്തിസമൈശ്വര്യനാകും തിരുമേനിയുടെ
ഷഷ്ടിപൂർത്തിത്തിരുനാളേ, വിജയിച്ചാലും!

വഞ്ചിഭൂമിദേവിയുടെയഞ്ചിത ഭാഗ്യസമ്പത്തു,
പുഞ്ചിരിക്കൊണ്ടാരംഭിയ്ക്കും പുണ്യസ്ഥത്തങ്ങൾ!

ശ്രീവാഴും കോട്ട' തന്നെയിന്നീ വഞ്ചിനാടൈശ്വര്യ
ന്നാവാസമാമരചന്റെയനുഭാവത്താൽ. തതി

ഓണംകേറാമൂല'യിലുമോരോരോ മട്ടായിട്ടിതാ,
കാണാകുന്നു കമലതൻ കളിയാട്ടങ്ങൾ. (പോലേ!

ഇന്നു വെള്ളിനാണ്യമെല്ലാമിന്നാട്ടുകാക്കിത്തിൾ
പൊന്നാണയങ്ങളോ കൊന്നയപ്പൂവിലും താഴേ!

ശ്രീലനിത്തമ്പുരാൻ ഭൂലോകാലങ്കാരമായ മുതൽ
മൂലം നമുക്കോണം! കന്നിമാസം വസന്തം!

അഷ്ടമൂർത്തി=ശിവൻ.

ശ്രീവാഴുംകോട്ട =ഐശ്വര്യംവാഴുന്ന സ്ഥലം. ആവാസം= പാർപ്പിടം. അനുഭാവം=മഹിമ.

കമല=ലക്ഷ്മി.

ഇത്തിൾ=കക്ക. ഉത്സവംകൊണ്ടാടാൻ പണം വാരി വിതറുന്നു എന്നു സാരം. ശ്രീലൻ=ശ്രീയോടുകൂടിയവൻ. മൂലം= മൂലനക്ഷത്രം. ഓണത്തിനു തിരുവോണനക്ഷത്രമെന്നും സന്തോഷകാലമെന്നും അർത്ഥം.

Digitized By Kerala Sahitya Akadem

ഭാരതനഭസ്സിന്നൊരു ഭാസമാനനക്ഷത്രമേ,
ഭാർഗ്ഗവീയക്ഷേത്രത്തിന്നു ഭദ്രധ്വജമേ,
വേണാട്ടിന്നോ കണ്ണുകൊണ്ടു കാണാവുന്നൊരീശ്വര
പ്രാണിദയാനർത്തകിക്കു പട്ടുപന്തലേ, (ന്നേ,
സഞ്ജനിതാദരം താൻ താൻ സത്യധർമ്മമാകും മണി-
പഞ്ജരം പുക്കിരുളുന്ന പൈങ്കിളിപ്പൂമ്പെണ്ണേ,
പന്നഗാധീശ്വരതല്പപാദഭക്തികളിർകായൽ-
തന്നിൽത്തത്തിക്കളിക്കുന്ന പൊന്നുമത്സ്യമേ,
ത്യാഗയശഃപുണ്ഡരീകപൂഗങ്ങൾക്കു തടാകമേ,
യോഗക്ഷേമസസ്യങ്ങൾക്കു കാലവർഷമേ,
ഏകമനസ്കരാം നാനാലോകർതൻ ശുഭാശംസക-
ളാകും സരിത്തുകൾക്കെല്ലാമലകടലേ,

ഭാരതനഭസ്സ്=ഇന്ത്യയാകുന്ന ആകാശം. ഭാസമാനം=ശോഭിക്കുന്നത്. ഭാർഗ്ഗവീയക്ഷേത്രം=കേരളം. ഭദ്രധ്വജം=കൊടിമരം. വേണാട്=തിരുവിതാംകൂർ. പ്രാണി.....പന്തൽ=ജീവകാരുണ്യം കളിയാടുന്ന സ്ഥലം. പഞ്ജരം=കൂട്. പൈങ്കിളിപ്പൂമ്പെണ്ണ്=നല്ല പൈങ്കിളി. പന്ന.....ഭക്തി=വിഷ്ണുഭക്തി. പുണ്ഡരീകം=വെൺതാമരപ്പൂവ്. പൂഗം=സമൂഹം. തടാകം=കുളം. ഏകമനസ്കർ=ഒരേവിചാരത്തോടുകൂടിയവർ. സരിത്തുകൾ=നദികൾ.

Digitized By Kerala Sahitya Akadem

ധന്യ! മിഴിയിണക്കാഭ ചിന്നും പ്രഭാതമേ, ഞങ്ങൾ-
ക്കന്തഃകരണത്തിന്നൊരു ശാന്തിഗുണമേ, (ശ്രു
ചിന്തനക്കു സൽക്കാവ്യമേ, സന്തതാരോഗ്യമോടൊ
ന്നിന്തിരുവടിക്കായുസ്സു നീളട്ടേ മേന്മേൽ!

ആഭ=ശോഭ. ചിന്തനക്കു സൽക്കാവ്യമേ എന്ന സംബോധി കൊണ്ടു, മഹാരാജഗുണങ്ങൾ ആലോചിക്കുംതോറും രമ്യതമങ്ങളെന്നു ധ്വനിക്കുന്നു. സന്തതാരോഗ്യം=അവിച്ഛിന്നമായ ആരോഗ്യം.

Digitized By Kerala Sahitya Akadem

8

* ഉണ്ണാനില്ല ഉടുപ്പാനില്ല

I

കാലത്തു മേയാഞ്ഞതുകൊണ്ടു, മാരിയേ-
റ്റോലപ്പുറംതോൽ പൊരുത്തുംവലിഞ്ഞഹോ,
സാലസ്യമായ്പ്പട്ടിണി പെട്ടതിൽക്കഴു-
ക്കോലസ്ഥി പേർത്തുന്തിയ ഗേഹമൊന്നിതാ!

പാരം ദ്രവിക്കും പഴയോലകൾക്കെഴും
ദ്വാരത്തിലൂടേ വെയിലാപതിക്കയാൽ,
സ്വൈരം നിലത്തിങ്ങു ലസിപ്പതുണ്ടതി-
ക്രൂരങ്ങൾ ദാരിദ്ര്യപിശാചദൃഷ്ടികൾ.

---

* ൧൦൯൩ കക്കിടകം ൨൯-ാംനു

കാലത്തു=വേണ്ടസമയത്ത്. മാരി=മഴ. സാലസ്യമായ്=ക്ഷീണിച്ച്. ഗൃഹം, പട്ടിണിപെട്ട് എല്ലും തൊലിയുമായിത്തീൎന്ന ഒരു ജീവിയായി കല്പിക്കപ്പെട്ടിരിക്കുന്നു.

ആപതിക്കയാൽ=വീഴുകയാൽ [പ്രവേശിക്കുകയാൽ] ലസിക്കുന്നു=പ്രകാശിക്കുന്നു. ദാരി.........ഷ്ടികൾ=ദാരിദ്ര്യമാകുന്ന പിശാചിന്റെ കണ്ണുകൾ.

Digitized By Kerala Sahitya Akadem

ഒട്ടും വിടാതെ മഴയേററ ചോരയൊലി-
ച്ചിട്ടുള്ള പാടല്ലിതു ശുഭ്രശിരത്തിന്മേൽ;
ഒട്ടുക്കു പാഴാക്കിന ശ്രേഷ്ഠ കെട്ടഴി-
ച്ചിട്ടുള്ള ചെങ്കുന്തളമായിരിക്കണം!

അല്ലാസ്കു'ല,ന്തസ്സിലിരുന്ന തൻനില-
യെല്ലാമിതിന്നൊട്ടിടിവേററതോക്കയാൽ
വല്ലാതെ നൊന്തിപ്പുരതൻെറ കണ്ണിൽനി-
ന്നുല്ലാഘവം ചോരയൊലിച്ചതായ് വരാം!!

സവിധദ്വിപാർശ്വങ്ങളിലീയുരൽപ്പുറ-
പ്രായങ്ങളാം മാറാലകളാം പററിനില്ക്കയാൽ,
ശ്രീയററതാമുമ്മരവാതിൽ കാണ്ക, കാ-
രീയപ്പതുത്തോടകളിട്ട പോലെയായ്.

ആരാണു നോക്കന്നതിനററകാററിമി-
പ്പേരാണ്ട വീടിന്നടമസ്ഥമായവരാം
നേരായി വീപ്പോന്നിവവാനമൂലെല്ലാം
ചേരാതെ, യഞ്ചാംപുരയിൽത്തനിച്ചിതാ!

ശുഭ്രശിരം=വെള്ളച്ചുമർ. ശ്രേഷ്ഠ=ജ്യേഷ്ഠ. [അലക്ഷ്മി] ......ചെങ്കുന്തളം=ചെമ്പിച്ച തലമുടി.

നൊന്ത്=വേദനപ്പെട്ട്. ഉല്ലാഘവം=എളുപ്പത്തിൽ [വേഗത്തിൽ].

സവിധദ്വിപാർശ്വങ്ങൾ=തൻെറ രണ്ടു വശങ്ങൾ. ഉരൽ ......യങ്ങളാം=വട്ടത്തിലുള്ളവ. ശ്രീയററ=അശ്രീ ബാധിച്ച.

അഞ്ചാംപുര=അടുക്കളപ്പുര.

Digitized By Kerala Sahitya Akadem

൫൨ ഉണ്ണാനില്ല ഉടുപ്പാനില്ല

ദാരിദ്ര്യക്ലിപ്താനശനവ്രതാലുടൽ-
തളർച്ചപ്പെട്ടുമിത്തപസ്വിനി
പൂരിച്ച വാട്ടത്തോടടുപ്പിനന്തികേ
നേരിട്ടിരുന്നഗ്നിസപര്യ ചെയ്കയോ?

കീറിപ്പൊളിഞ്ഞുള്ളൊരുടുപ്പിലും, വിളർ-
ത്തേറ്റം ക്ലമപ്പെട്ട മുഖാംബുജത്തിലും,
മാറിന്നകം വേവുമിവൾക്കിതാ, നിറം
മാറിക്കിടപ്പുണ്ടു കുലീനതാഗുണം.

മുപ്പതിനെട്ടിൽപ്പുറമായ്‌വരാ വയ-
സ്സിപ്പക്ഷ്മളാക്ഷിക്കു തികഞ്ഞ യൌവനം
ഉൽപക്ഷദുർഭിക്ഷനിപീതശേഷമായ്-
സ്സൽപല്ലവാംഗേ വിലസുന്നിതിപ്പൊഴും

ദാരി..... വ്രതാൽ=ദാരിദ്ര്യനിർമ്മിതമായ [ദാരിദ്ര്യംമൂലമുണ്ടായ] പട്ടിണിവ്രതം. തപസ്വിനി=പാവപ്പെട്ടവൾ. പൂരിച്ച=നിറഞ്ഞ. അന്തികേ=സമീപത്ത്. അഗ്നിസപര്യ=അഗ്നിപൂജ തപസ്വിനി [താപസി]ക്കു യോജിച്ചതാണല്ലോ, അഗ്നിപൂജ.

ക്ലമപ്പെട്ട=വാടിയ. മാറിന്നകം=മനസ്സ്. കുലീനതാഗുണം=തറവാടിത്തം.

പക്ഷ്മളാക്ഷി=സുന്ദരി. ഉൽപക്ഷ.....ശേഷം=വമ്പിച്ച ദാരിദ്ര്യം കുടിച്ചതിന്റെ ബാക്കി. ദാരിദ്ര്യത്തിന്റെ ഭയങ്കരതയും യൌവനത്തിന്റെ മകരന്ദതയും വ്യഞ്ജിക്കുന്നു. സൽപല്ലവാംഗേ=നല്ല തളിരുപോലുള്ള ദേഹത്തിൽ.

Digitized By Kerala Sahitya Akademi

തൈലവ്യയത്താൽ ചകിരിക്കു തുല്യമാം
കോലത്തൊടിക്കാണ്മൊരു കേശപാശമോ,
നാലഞ്ചു മാസത്തിനു മുമ്പു കൂടിയും
നീലത്തഴയ്ക്കൊത്തു ലസിച്ചിരുന്നതാം!

മാലിന്നിതേ സംഗതി; കാലവൈശസ-
ത്താലിങ്ങെഴും സമ്പത്തുകൾ വിറ്റതിന്നുപോയ്
മേലിൽപ്പൊറുപ്പാൻ വഴിയെന്തു കാന്തനോ
കൂലിപ്പണിക്കായ് മറുനാട്ടു പൂകിനാൻ.

സ്നേഹം തഴയ്ക്കും പതിയൊത്തുദാരമാം
ഗേഹത്തിലീശ്വരിയായ് സ്സുഖിച്ചവൾ,
ഹാഹന്ത പൈദാഹവശാത്തളർന്നു, തൻ-
ദേഹം മറപ്പാൻ തുണി പോരുമെന്നിയേ,

ശോകത്തിലും ലജ്ജയിലും നിലീനയായ്
വേകട്ടെയെന്നാണു വിധിപ്രകല്പിതം!!
ലോകപ്രഭോ, കാഞ്ചനകേതകത്തിലും
നീ കൎക്കശം മുള്ളു പതിപ്പതെന്തിനോ?

തൈലവ്യയത്താൽ=എണ്ണ തേയ്ക്കാത്തതുമൂലം. കോലം=ആകൃതി. കേശപാശം=തലമുടി

കാലവൈശസം=കാലദോഷം. കാന്തൻ=ഭർത്താവ്.
ഉദാരം=ഉയർന്നസ്ഥിതിയിലുള്ളത്

ശോകം=ദുഃഖം. നിലീന=ലയിച്ചവൾ [മുഴുകിയവൾ.]
ലോകപ്രഭു=ഈശ്വരൻ. കാഞ്ചനകേതകം=പൊൻകൈതപ്പൂവ്. കൎക്കശം=കടുപ്പമുള്ള.

Digitized By Kerala Sahitya Akadem

ആയിഷ്ടവാക്കാം വലയസ്വനത്തോടേ
പായിട്ടിരുന്നതിപ്പലഃപക്ഷ ഭക്ഷണം
ഭൂയിഷ്ഠമായ് നൽകിയ കയ്യിതൊന്നു വ-
റായിട്ടു നാളെത്ര കഴിഞ്ഞു കഷ്ടമേ!

ഒരു പടിയരിയിന്നവർക്കലെഞ്ചൽ
കരുണയൊരാളുയൽ വീട്ടിൽനിന്നു നൽകി,
ഒരുവിധമതുകൊണ്ടു കഞ്ഞിവെപ്പാൻ
കരുതിയടുക്കളെ പുക്കതാണിദാനീം.

11

അതാ, യുവാവാരെയൊരു ദാർത്ത്യപ-
ന്നൊത്തു ശങ്കിച്ചതു പോലെ ചുറ്റം
തതാഭമാം ദൃഷ്ടി പതിച്ചുകൊണ്ടി-
പ്രതാന്തമാകും ഭവനത്തിലെത്തി.

ഇല്ലാ, വഴിത്തെററ നമുക്കു വന്നി-
ട്ടില്ലാ ദൃഢം, വീടിതുതന്നെ പക്ഷേ
വല്ലായ്മതാം മാററമിതെന്തു പററി-
ച്ചൊല്ലുന്നു മൽബന്ധുജനത്തിനാവോ?'

വലയസ്വനത്തെ (വളകൾ കിലുങ്ങുന്ന ശബ്ദത്തെ) ഇഷ്ടവാക്കായി (ഭംഗ്യന്തരേണ പറയപ്പെട്ടതായി) കല്പിച്ചിരിക്കുന്നു. ഭൂയിഷ്ഠം=ധാരാളം.

ഉപഞ്ചരകരുണം=ഉയരുന്ന ദയയോടുകൂടുംവണ്ണം.

ഉദാരത്ത്യപൻ=കാഴ്ചയിൽ അന്തസ്സുള്ളവൻ. തതാഭം=ശോഭയേറിയത്. പ്രതാന്തം=ഇളകിക്ഷീണിച്ചത് (ദാരിദ്ര്യപീഡിതം എന്നു സാരം.)

Digitized By Kerala Sahitya Akadem

എന്നായ് നിനച്ചിട്ടുടൻ പൂമെയ്യുള്ള
നിന്നാനവൻ തെല്ലു പരുങ്ങലോടേ;
മുന്നാളിലെപ്പോലതിഥിക്കുടക്കൽ
വന്നാശുമഭ്യർച്ചന ചെയ്തതില്ല.

മേലാകവേ ചെള്ളിളകി, ക്കിതപ്പിൽ
സ്ഥൂലാസ്ഥിപാർശ്വങ്ങളുയർന്നു താണും,
കോലായിലേ,ത്താണ്ടു നമസ്കരിച്ച
പോലായ്ക്കിടപ്പുണ്ടൊരു സാരമേയം.

തന്നായ, മുൻകാലിണ നീട്ടിവെച്ച
നന്നായതിൽച്ചായ്ച്ച ശിരസ്സുയർത്തി,
വന്നാളെ വാർദ്ധക്യവിവർണ്ണദൃക്കാ-
ലൊന്നാകുലം നോക്കുക മാത്രമുണ്ടായ്!

പിൽപ്പാട്ടു താൻതന്നെയകത്തു പുക്കാ-
നൽപ്പാന്ഥനങ്ങങ്ങു നടന്നിടുമ്പോഴും,
തൽപാദവിന്യാസസമ്മർദ്ദസ്വനത്താ-
ലുൽപാദിതാവേഗമെണീറ്റതില്ല.

അഭ്യർച്ചന=സൽക്കാരം.

സ്ഥൂലാസ്ഥിപാർശ്വങ്ങൾ=തടിച്ച എല്ലുകളോടുകൂടിയ വാരിഭാഗങ്ങൾ. സാരമേയം=നായ.

വാർദ്ധ.....ദൃക്കാൽ=വാർദ്ധക്യംമൂലം നിറംകെട്ട (മങ്ങിയ) കണ്ണുകൊണ്ട്. ആകുലം=അവശമാംവണ്ണം.

തൽപ്പാ.....സ്വനം=അയാൾ കാലുവെക്കുന്നതിന്റെ ചെറുശബ്ദം. ഉൽപ്പാ.....വേഗം:— ഉണ്ടാക്കപ്പെട്ട വെമ്പലോടുകൂടി.

Digitized By Kerala Sahitya Akadem

൬൨. ഉണ്ണാനില്ല ഉടുപ്പാനില്ല

ഇളംമൃണാളിസ്തുതിരാം ഭുജത്താൽ
വിളർത്ത മാർത്തട്ടു മറച്ചു മന്ദം,
തളർന്ന കാൽവെപ്പൊടുടൻ വടക്കേ-
ത്തളത്തിൽ വന്നൊന്നവളെത്തിനോക്കി.

ചട്ടററ തൻദാരസവിത്രിയെക്ക-
ണ്ടിട്ടങ്ങറിഞ്ഞീല കുമാരനാദ്യം:
പട്ടന്നു, പാളത്തൊലിയിന്നു!-ഹാ, കാല-
മട്ടിത്രയും മാറിമറിഞ്ഞുവല്ലോ.

ക്ഷാമാംഗിയാകട്ടെ,യൊരൊററനോക്കിൽ
ശ്രീമാനിതാരെന്നു ശരിക്കറിഞ്ഞു;
ആ മാത്രയിൽത്താനവൾതൻ വപുസ്സിൽ-
സ്സാമാന്യമല്ലാതൊരു മിന്നൽ പാഞ്ഞു!

ഉടൻ,യുവാവന്ധത പൂണ്ടു നില്ക്കേ-
പ്പിടഞ്ഞുകൊണ്ടക്കിളിയൊരോട്ടമോടി,
വടക്കിനിക്കെട്ടിലെ മച്ചിനുള്ളിൽ-
ക്കടന്നതിൻവാതിലടച്ചുകൊണ്ടാൾ.

മൃണാളി=താമരവളയം.

ചട്ടററ=കുറവില്ലാത്ത (നല്ലവളായ). ദാരസവിത്രി=ഭാര്യയുടെ അമ്മ. കുമാരൻ=ചെറുപ്പക്കാരൻ.

ക്ഷാമാംഗി=കൃശാംഗി. വപുസ്സ്=ശരീരം.

അന്ധത=പകച്ച്.

Digitized By Kerala Sahitya Akademi

ഈ വന്നവൻ ഗേഹിനി, നിന്റെ ജാമാ-
താവല്ലയോ ദൂരതരാധ്വഖിന്നൻ?
നീ വല്ലതും സൽക്കാരവാക്കുമോതാ-
തീവണ്ണമെന്തോടിയൊളിച്ചതയ്യോ!
അല്ലായ്കിലാം, ഞാനൊരുവന്റെ മുമ്പിൽ-
ച്ചെല്ലാനിവൾക്കെന്തിനു കാലു നീങ്ങും?
നല്ലാർകളും കാണുകവയ്യയല്ലോ,
മല്ലാക്ഷിയാം തന്നുടലത്ര നഗ്നം!

ഫുല്ലാക്ഷനാപ്പൂരുഷനമ്പരപ്പു
തെല്ലാറിയപ്പോളനുമാനയുക്ത്യാ,
വല്ലായ്മ തൻശ്വശ്രുവിനുന്നതെന്നോ-
ട്ടെല്ലാം ഗ്രഹിച്ചാശു പുറത്തിറങ്ങി.
"രണ്ടാണ്ടിടയ്ക്കീ ഗിരിമാത്രമാത്രം
കണ്ടാകിൽ മൺതിട്ടുകളെന്തു പിന്നെ?
തണ്ടാരിലമ്മയ്ക്കുമിടപ്പെടുമ്പോ-
ഴുണ്ടാവുകില്ലത്ര നിറഞ്ഞു പഞ്ചം!

ഗേഹിനി=ഗൃഹിണി. ദൂര.....ഖിന്നൻ=അതിദൂരത്തുനിന്നു വരികയാകയാൽ ക്ഷീണിച്ചവൻ. ഈ പദം വിശേഷിച്ചും സൽക്കാരാർഹതയെ ദ്യോതിപ്പിക്കുന്നു.

നല്ലാർകളും=സ്ത്രീകളും. മല്ലാക്ഷി=താമരക്കണ്ണാൾ.

ഫുല്ലാക്ഷൻ=അത്ഭുതത്താൽ വികസിച്ച കണ്ണുകളോടുകൂടിയവൻ. അനുമാനയുക്ത്യാ=ഊഹംകൊണ്ടു്. ശ്വശ്രു=ഭാര്യയുടെ അമ്മ. ആശു=വേഗത്തിൽ.

ഗിരി=പർവ്വതം. വളരെ സമ്പത്തുണ്ടായിരുന്ന ഈ ഭവനം ഇത്രക്ഷണം അധഃപതിച്ചപ്പോൾ മടത്തരം, വീടുകളുടെ സ്ഥിതി എന്തായിരിക്കുമെന്നു സാരം. തണ്ടാരിലമ്മ=ലക്ഷ്മീദേവി.

Digitized By Kerala Sahitya Akadem

പോരിന്റെ പീരങ്കി വമിച്ച ധൂമം
പൂരിച്ച യൂറോപ്പിലെ വാനിനെക്കാൾ
പാരിച്ചിരുട്ടുണ്ടിസ്സു ഭാരതാഭ്രം
ദാരിദ്ര്യതപ്തശ്വസിതോൽഗമത്താൽ!!”

തുടർന്നോരേതാദൃശചിന്തയോടേ
നടന്നു പണ്യത്തെരുവിങ്കലെത്തി,
ഉടൻ കുറെച്ചേലകൾ വാങ്ങി മാന്യൻ
മടങ്ങിവന്നൂ ശ്വശുരാലയത്തിൽ.

ജാമാതൃസത്തമ, വധൂജനനിക്കുടുപ്പാൻ
പ്രേമാർദ്രനങ്ങിവിടെ വാങ്ങിയ കോടിവസ്ത്രം
ആ മാനിനിക്കു ചരമാവരണത്തിനാവാം!
ഹാ, മാറി രംഗം മറവാതിൽ തുറന്നു നോക്കൂ!!

പോര്=ഇയ്യിടെക്കഴിഞ്ഞ ‘ലോകമഹായുദ്ധം’. വമിച്ച=പുറപ്പെട്ട ധൂമം=പുക. വാന്=ആകാശം. ഭാരതാഭ്രം=ഭാരതവർഷത്തിലെ ആകാശം. ദാരി.....മത്താൽ=ദാരിദ്ര്യംകൊണ്ടുതപിച്ചവരുടെ നെടുവീർപ്പിനാൽ.

ഏതാദൃശചിന്ത=ഇമ്മാതിരിവിചാരം. പണ്യത്തെരുവ്=അങ്ങാടി. ചേലകൾ=വസ്ത്രങ്ങൾ.. ആലയം=വീട്

ജാമാതൃസത്തമ=ഏററവും നല്ലവനായ ജാമാതാവേ. വധൂജനനി=ഭാര്യയുടെ അമ്മ. മാനിനി=അഭിമാനമുള്ള. ചരമാവരണം=ഒടുക്കത്തെ ആച്ഛാദനം. [ശവംമൂടൽ] രംഗംമാറി=അവസ്ഥ തീരെ വ്യത്യാസപ്പെട്ടിരിക്കുന്നു. [അവൾ മൃതിയടഞ്ഞിരിക്കുന്നു.]

Digitized By Kerala Sahitya Akadem

ദാരിദ്ര്യമില്ല, ലജ്ജയില്ല, ജനങ്ങളും തമ്മിൽ-
ദ്വേഷ്ടനീതിലെ വിഷവാഞ്ഛ പൊഴുക്കുന്നില്ല;
ഭൂരിപ്രശാന്തഗുണമാങ്ങളെന്യുള്ളോരേടം
ചാരിത്രശാലിനിയണഞ്ഞുകഴിഞ്ഞുതാൻ താൻ! !!

മഞ്ഞ=രോഗം [ദുഃഖം.] ചാരിത്രശാലിനി=പതിവ്രത.

Digitized By Kerala Sahitya Akadem

9

* ഒരുറക്കപ്പാട്ട്

എൻകുഞ്ഞുറങ്ങിക്കൊൾകെൻ കുഞ്ഞുറങ്ങിക്കൊൾ-
കെൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം —

നാളെപ്പുലർകാലത്തുന്മേഷമിന്നത്തെ-
ക്കാളുമിണങ്ങിയുണരണമിപ്പോൾ!

എല്ലാർക്കും നിദ്രതന്നങ്കത്തിൽ വിശ്രമി-
ച്ചുല്ലാസം കൊള്ളുവാൻ കാലമായി;
വെള്ളിപ്പൂവൊത്തു വിളങ്ങും നിലാവിതാ
വെള്ളക്കച്ച വിരിച്ചു നീളെ.

എൻകുഞ്ഞുറങ്ങിക്കൊൾകെൻ കുഞ്ഞുറങ്ങിക്കൊൾ-
കെൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം —

മാന്തളിർ തിന്നു മദിച്ചൊരിളങ്കുയിൽ
പൂന്തേൻകുഴമ്പാൽ നിൻകർണ്ണയുഗ്മം
പാടേ നിറപ്പാനായ്, തൻഗളനാളത്താ-
ലോടക്കുഴലിടയ്ക്കൂതീടുന്നു.

---

* റാബർട്ട് കാംബെൽ —

അങ്കം=മടി.

കർണ്ണയുഗ്മം=രണ്ടുചെവി. ഗളനാളം=കണ്ഠനാളം. വേ-
ണുനാദത്തോടൊത്ത കോകിലസ്വരം ഓർമ്മിക്കപ്പെടുന്നു.

എൻകണ്ണുറങ്ങിക്കൊൾകെൻ കണ്ണുറങ്ങിക്കൊൾ-
കെൻകണ്ണുറങ്ങിക്കൊൾകെൻ്റെ തങ്കം —

സ്വച്ഛസമീരനെന്നോമനക്കുട്ടൻ്റെ
നൽച്ചികുരങ്ങളൊന്നാളിമെയ് തലോടാൻ,
പിച്ചകമുല്ലപ്പൂന്തൊങ്ങൽ ചലിപ്പിച്ചു
പിച്ചനടന്നിതാ, വന്നീടുന്നു.

എൻകണ്ണുറങ്ങിക്കൊൾകെൻ കണ്ണുറങ്ങിക്കൊൾ-
കെൻകണ്ണുറങ്ങിക്കൊൾകെൻ്റെ തങ്കം —

ഈ മുഗ്ദ്ധമത്തന്നളകങ്ങളിങ്ങു ചിന്നിയ
കാർമുകിൽക്കന്തളമൊന്നൊതുക്കി,
കൌമുദീകോമളപ്പുഞ്ചിരി തഞ്ചും നിൻ-
ത്തുമുഖത്തമ്മയൊരുമ്മ വെയ്ക്കാം !

എൻകണ്ണുറങ്ങിക്കൊൾകെൻ കണ്ണുറങ്ങിക്കൊൾ-
കെൻകണ്ണുറങ്ങിക്കൊൾകെൻ്റെ തങ്കം —

ആമ്പൽപ്പൂപോലുള്ള നിന്മിഴിയൊന്നൊട്ടു
കൂമ്പുന്നതിൻ ഭംഗി കാണുവാനോ,
സാമ്പ്രതം നോക്കിനില്ക്കുന്നു നഭസ്സിങ്ക-
ലാമ്പൽ വിടർത്തുന്നൊരമ്പിളി താൻ !

സ്വച്ഛസമീരൻ=ശുദ്ധവായു. ചലിപ്പിച്ചു=ഇളക്കി [ഉല-
ച്ച്.]

മുഗ്ദ്ധമത്തന്നളകം=[illegible]. കന്തളം=തലമുടി.

കൌമുദി=നിലാവ്. സാമ്പ്രതം=ഇപ്പോൾ. ആമ്പൽ വി-
ടർത്തുന്നവനായ ചന്ദ്രൻ, അതു കൂമ്പുന്നതു കണ്ടിട്ടുണ്ടാകില്ലല്ലോ.

Digitized By Kerala Sahitya Akadem

എൻകുഞ്ഞുറങ്ങിക്കൊൾകെൻ കുഞ്ഞുറങ്ങിക്കൊൾ-
കെൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം —

ഘൃന്മകനച്ഛന്റെ കോലായിലെന്നപോ-
ലംബരവീഥിയിലന്തിക്കു വം,
കേളിയിൽ വാശിയുമുള്ളൊരു പൈതലോ
ചോളത്തിൻപൂമലർവാരിച്ചിന്നി!

എൻകുഞ്ഞുറങ്ങിക്കൊൾകെൻ കുഞ്ഞുറങ്ങിക്കൊൾ-
കെൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം —

ശ്യാമയാം ദേവിതന്നോമൽക്കിടാവിതാ,
ശ്യാമളപ്പൂമെയ്യുറങ്ങീടാതെ,
അച്ഛനാം യാമിനീനാഥന്റെ മാർത്തട്ടിൽ-
സ്വച്ഛന്ദം പാറിക്കിടന്നീടുന്നു !

എൻകുഞ്ഞുറങ്ങിക്കൊൾകെൻ കുഞ്ഞുറങ്ങിക്കൊൾ-
കെൻ കുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം —

വീണ്ടുമുണർന്നേല്ക്കുമ്പോഴെന്നുൻപുത്രനെ-
പ്പൂണ്ടുലാളിപ്പാനായ്സ്സുപ്രഭാതം
കാന്തി തഴച്ചൊരു ചെമ്പൊന്നിൻപമ്പര-
മേന്തിക്കിഴക്കുനിന്നെത്തുമല്ലോ.

അംബരവീഥി=ആകാശമാർഗ്ഗം. കേളി=കളി. ചോളത്തിൻപൂമലർ=പ്രകൃതത്തിൽ നക്ഷത്രം.

ശ്യാമ=രാത്രി ശ്യാമളം=കറുത്ത യാമിനീനാഥൻ=ചന്ദ്രൻ സ്വച്ഛന്ദം=ഒ സ്വൈരമാംവണ്ണം. ചന്ദ്രനിലെ കളങ്കം രാത്രിയുടെ കിടാവായി കല്പിക്കപ്പെട്ടിരിക്കുന്നു.

ചെമ്പൊന്നിൻപമ്പരം=പ്രകൃതത്തിൽ= ബാലസൂര്യബിംബം.

Digitized By Kerala Sahitya Akadem

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻകുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെ,ന്റെ തങ്കം—

ദൈവം തൻപൈതലാം ലോകത്തെയൊക്കെയു-
മോരോരോ നിശ്ശബ്ദഗീതം പാടി
ഹാ, തക്ക നേരത്തുറക്കിയുണർത്തുന്ന
മാതാവെൻബാലനെപ്പാലിക്കട്ടെ!

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻകുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെ,ന്റെ തങ്കം—
നാളെപ്പുലർകാലത്തുന്മേഷമിന്നത്തെ-
ക്കാളുമിണങ്ങിയുണർന്നെണീപ്പാൻ!

ഗീതം=പാട്ട്. മാതാവ്=പ്രകൃതിദേവി.

10

പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി

മുട്ടററ കൎക്കടകമാസി കറുത്ത വാവാ-
ണന്നു; ഇരുൾ്ര രാത്രിയുടെ തീവ്രഭയങ്കരത്വം;
ഖദ്യോതം പ്രവേശമില്ല, തന്നുടെ പേരു പാഴാം
മട്ടൊത്തു കൂരിരുളിലങ്ങു കിടന്നിടുന്നു.   ൧

വാരാന്നിധിട്ടും പരിഖ പോലെയിതിൻ പടിഞ്ഞാ-
റോരാൽ കിടക്കുമറബിക്കടൽതന്നിരമ്പം
സ്ഫാരാട്ടഹാസരവതുല്യമുയൎന്നിടുന്നു;
ഘോരാഭമീ പ്രകൃതിതൻ കരിതേച്ച വേഷം!   ൨

തോരല്ലുമില്ല പഴുതെന്നി നിലക്കിരുട്ടു
പാരത്രയം പടുകരിമ്പടമിട്ടു മൂടി;

---

* ഛന്ദഃ കന്നി വ–ാംതം

൧. മുട്ടററ=മുറിവില്ലാത്ത [ദീൎഘമായ] തീവ്രം=കഠിനം ഖദ്യോതം=ഒരു നാടിന്റെ പേർ. വെളിച്ചമെന്നും.

൨. പരിഖ=കിടങ്ങ്. ഓരാൽ=സമീപത്ത്. സ്ഫാരം=വലിച്ച രവം=ശബ്ദം ഘോരം=കണ്ടാൽപേടിയാകുന്നത്. കരിമ്പടം കമ്പിളികളും മററും ചെയ്യുമല്ലോ.

Digitized By Kerala Sahitya Akadem

വാരഞ്ചുമീ മറ തുലോമുപയുക്തമാകാം
ക്രൂരയ്ക്കു, തൻകടിലവൃത്തികളാചരിപ്പാൻ ! ൩

ആകാശമണ്ഡലമഖണ്ഡഘനാവകീർണ്ണം ;
പാകാതെയില്ലിരുളിളാവലയത്തിലെങ്ങും ;
ആകാതിരിച്ചറിയുവാനൊരു വസ്തു കണ്ണി-
ന്നേ,-കാന്ത,മിന്നലകൊരുത്തനിരിമ്പുശാലം ! ൪

നീലപ്പുതപ്പുടയ വാനിലതാതിടത്തായ്
നാലഞ്ചു താരകകൾ മങ്ങി മയങ്ങി നില്പൂ:
ആ ലക്ഷ്മിതൻ മിഴികളിൽപ്പതിയാത്ത വേശ്മ-
ജാലത്തിലെച്ചെറു വിളക്കുകളെന്നപോലെ. ൫

മന്നായ മന്നഖിലമാശു വശീകരിച്ച
സന്നാഹിരാവിനിരുളാകുമുടുപ്പിതന്മേൽ
പൊന്നാൽച്ചമച്ച പുകൾമുദ്രകളെന്നപോലെ,
മിന്നാമിനുങ്ങുകളതാതിടമുജ്ജ്വലിപ്പൂ. ൬

നാമിങ്ങു നില്ക്കെ, യിനി വല്ലയിടത്തുമുണ്ടോ
ഭൂമിസ്ഥിരാ കരവെന്നറിയുന്നതിന്നോ,

---

൩. കടിലവൃത്തികൾ=കള്ളത്തരങ്ങൾ.

൪. അവ.....കീർണ്ണം=ഇരുണ്ട മേഘങ്ങളാൽ വ്യാപ്തം. ഇളാവലയം=ഭൂമണ്ഡലം. ഏകാന്തം=ഒന്നായിച്ചമഞ്ഞത്.

൫. താരകൾ=നക്ഷത്രങ്ങൾ. ലക്ഷ്മി.....ജാലം=പഞ്ഞം പിടിച്ച വീടുകൾ.

൬. മിന്നാമിനുങ്ങുകൾ ഇരുട്ടാകുന്ന ഉടുപ്പിന്മേൽ പതിച്ച കീർത്തിമുദ്രകളാണെന്നു ഉൽപ്രേക്ഷ.

Digitized By Kerala Sahitya Akadem

വ്യാമിശ്രവാരിദകദംബമിടയ്ക്കിടയ്ക്കു
ളുമിന്നലാം മിഴി തുറന്നിഹ നോക്കിടുന്നു. ൭

ചെന്തീയു വീണഖിലമൊന്നു കരിഞ്ഞ കാടിൻ
പന്തിക്കു കാണുമസിതാംബരമണ്ഡലത്തിൽ
പൊന്തുന്ന ഴക്കുടിയൊച്ചയിടയ്ക്കു കേൾപ്പൂ:
ദന്തിപ്രമാഥിയുടെ ഗർജ്ജിതമെന്നപോലെ. ൮

നേരം നിശീഥമൊടടുത്തു തുടങ്ങി; യിത്ര
നേരത്തെ മട്ടു മഴ പെയ്യുവതില്ലിദാനീം:
നീരന്ധ്രമേഘനിര തെല്ലിട വിശ്രമിപ്പാൻ
പാരം തിടുക്കമൊടൊരുങ്ങുകയോ നഭസ്സിൽ! ൯

രാവിത്ര രാക്ഷസത പൂണ്ടതു കണ്ടു ഭീതി
കൈവന്ന പോലെ, സുദൃഢ സ്വപ്നച്ഛലത്താൽ
ജീവങ്ങൾ മുററുമിഹ കണ്ണുമടച്ചു വാഴ്കെ,-
വാവൽക്കുലം, ഹഹ! പറന്നു കളിച്ചിടുന്നു. ൧൦

ഒട്ടും സ്വപക്ഷപരദേവതയായ്, പ്രശസ്തി
നാട്ടജ്ജഗജ്ജനനി മേവിന കോവിൽതന്നും,

---

൭. വ്യാമി.....ദംബം=കൂടിക്കലർന്ന മേഘക്കൂട്ടം.

൮. അഖിലം=മുഴുവൻ. അസി.....ണ്ഡലം=കറുത്തിരുണ്ട ആകാശം. ദന്തിപ്രമാഥി=സിംഹം. ഗർജ്ജിതം=അലർച്ച.

൯. നിശീഥം=അർദ്ധരാത്രി. നീരന്ധ്രം=ഇടതൂർന്നത്.

൧൦. ഭീതി=ഭയം. സുദൃ.....ലത്താൽ=ഗാഢനിദ്രാവ്യാജം: ജീവങ്ങൾ=പ്രാണികൾ.

൧൧. പ്രശസ്തി=കേൾവി ജഗജ്ജനനി=ലോകമാതാവ്

Digitized By Kerala Sahitya Akadem

തിട്ടം, കവാടനയനങ്ങളടച്ചു, നക്തം
വിട്ടു, ത്രയം നിഭൃതമായ്സ്സമയന്റ കൊററിപ്പു ! ൪൯

തിക്കം നിലസ്സുലകളൊത്തു പടർന്നു പന്തൽ-
കെട്ടുന്ന കൊമ്പുകൾ ചുഴന്ന വടദ്രുമങ്ങൾ
തൃക്കുന്നിൽമാതിനുടെ കോവിലതിൻ നടയ്ക്കൽ
നില്ക്കുന്നു, കൂരിരുളിനാലതിപുഷ്ടി കൂട്ടി. ൫൦

ക്ഷേത്രത്തിനുത്തരവടക്കുവശം, ദിവാന്ധ-
ഗോത്രത്തിലുള്ള ചിലർ മൂളുവതുണ്ടു കാട്ടിൽ:
മാത്രയ്ക്കു ചെന്നു തിമിരാഞ്ജനസംപ്രയോഗാൽ
നേത്രം തെളിഞ്ഞിവ കണ്ടു രസിച്ചപോലെ. ൫൧

ആ രാത്രിതൻ കൊടുമയും, ഘനമാമിരുട്ടു-
മോരാതൊരാളു,മുളിനാക്കുമുടുപ്പുമായി,
ധീരാനുരൂപഗതി, തെക്കുവശത്തുനിന്നാ
നാരായണീനിലയമുഖ്യനടയ്ക്കലെത്തി. ൫൨

കവാടനയനങ്ങൾ=വാതിലുകളാകുന്ന കണ്ണുകൾ. നിഭൃതം=നിശ്ചലം.

൫൦. വടദ്രുമങ്ങൾ=പേരാൽമരങ്ങൾ, തൃക്കുന്നിൽമാതു=ശ്രീപാർവ്വതി

൫൧. ദിവാന്ധ.....ചിലർ=ചില മൂങ്ങകൾ. തിമി......യോഗാൽ=ഇരുട്ടാകുന്ന അഞ്ജനത്തിന്റെ പ്രയോഗംമൂലം. അഞ്ജനമെഴുതിയാൽ കൺകാഴ്ച തെളിയുമല്ലോ.

൫൨. ധീരാനുരൂപഗതി=ധീരന്മാർക്കു ചേർന്ന നടത്തത്തോടുകൂടിയവൻ. നാരായണീനിലയം=ഭഗവതീക്ഷേത്രം

10

Digitized By Kerala Sahitya Akadem

തുച്ഛൻ പുമാനൊരുവനല്ലിതു്;-വന്റെ ഗാത്രം
സ്വച്ഛപ്രഭം, സമവിഭക്തസുലക്ഷണാംഗം,
സ്വച്ഛന്ദരാത്രിചരണോചിതമമ്മൂടുപ്പാൽ
പ്രച്ഛന്നമാകിലുമതിൻ മഹിമാവു കാട്ടീ. ൰൫

ശ്രേയസ്കരാകൃതിയവൻ; നിയതം വയസ്സാ-
സ്വായത്തയൌവനനു നല്പതിലേറെയായി;
കായം തദീയമനഘം, സുഖവൃത്തികൾക്കാ-
പ്രായത്തിൽ മാററമുളവാം തടി പൂണ്ടിരുന്നു. ൰൬

വ്യായാമദാർഢ്യമൊടു നീണ്ടു നിവന്നതായ-
ത്തായാസമോടുമെതിർനില്ക്കുവതായ മെയ്യും,
ആയാമിയാം മണികവാടമിടഞ്ഞ നെഞ്ചു,-
മായാളൊരുത്ത ഭടനെന്നു വിളിച്ചുചൊല്ലീ. ൰൭

൰൫. തുച്ഛൻ=നിസ്സാരൻ. ഗാത്രം=ശരീരം. സ്വച്ഛപ്രഭം=നല്ലശോഭയോടുകൂടിയതു് സമ...ണാംഗം=ഒപ്പവലുപ്പം വ്യക്തി, നല്ലലക്ഷണങ്ങൾ എന്നിവ ചേൎന്ന അവയവങ്ങളോടുകൂടിയതു്. സ്വച്ഛ.....ചിതം=സ്വൈരമായ രാത്രി സഞ്ചാരത്തിനു പററിയതു്. പ്രച്ഛന്നം=മറയ്ക്കപ്പെട്ടതു്.

൰൬ ശ്രേയസ്കരാകൃതി=മംഗളകരമായ ആകൃതിയോടുകൂടിയവൻ. നിയതം=തീൎച്ചയായും. സ്വായത്തം=സ്വാധീനം തദീയംകായം=അവന്റെ ശരീരം. സുഖവൃത്തികൾ=സുഖസ്ഥിതിയിലിരിക്കുന്നവർ.

൰൭. വ്യായാമദാർഢ്യം=വ്യായാമത്താലുള്ള ദൃഢത (കെല്പ്) ആയാസം=ക്ലേശം. ആയാമി=വിശാലം, കവാടം=വാതിൽ.

Digitized By Kerala Sahitya Akadem

എന്നാൽ, വളർപ്പുരികമൊത്തളികം പരന്നു,-
മന്നാസ നീണ്ടു,മൊരു ഗൌരവമാന്ന വക്ത്രം,
എന്നാളുമാജ്ഞകളെ മൂളുവതല്ല, ചെല്ലു-
ന്നൊന്നാണതെന്നു ഹൃദി തോന്നിടുമാറു മിന്നി. ൧൯

വൻപന്നു തക്കൊരു തുണയ്ക്കു, പിടിയ്ക്കു താഴെ
പൊൻപററണിഞ്ഞ വടിയുണ്ടു വലത്തുകയ്യിൽ,
സംപന്നശില്പഗുണമാമതിനല്ല, വാളാം
വൻപന്നഗം മരുവിടും മടിയായിരുന്നു. ൨൦

സുക്ഷത്രിയാഭനവനാ, വടിവാളിടത്തെ-
ക്കക്ഷത്തിൽ വെച്ചു, കരതാമരസങ്ങൾ കൂപ്പി,
ത്ര്യക്ഷന്റെ മങ്കയുടെ മുമ്പിൽ മുഹൂത്തമാത്ര-
മക്ഷയ്യഭക്തിയൊടു വീപ്പുമടക്കി നിന്നാൻ. ൨൧

---

൧൯ എന്നാൽ, കേവലം ഒരു ഭടനാണെന്നു കരുതിക്കൂടാ എന്നു പറയുന്നു. അളികം=നെററി നാസ=മൂക്ക് വക്ത്രം=മുഖം. ഹൃദി=മനസ്സിൽ.

൨൦ സംപന്നശില്പഗുണം=വിചിത്രപ്പണികളോടുകൂടിയത്. പന്നഗം=പാമ്പ്.

൨൧ സുക്ഷത്രിയാഭൻ=നല്ലക്ഷത്രിയനെപ്പോലിരിക്കുന്നവൻ. കരതാമരസങ്ങൾ=താമരപ്പൂവുപോലെയുള്ള കൈകൾ, ത്ര്യക്ഷന്റെമങ്ക=പാർവ്വതി മുഹൂത്തമാത്രം=കുറച്ചുനേരം. അക്ഷയ്യഭക്തി=കാട്ടാത്തഭക്തി.

Digitized By Kerala Sahitya Akadem

ധീരപ്രശാന്തത വിളങ്ങുന്ന മുഖത്തൊടു, രണ്ടു
താരം കണക്കെ വിലസുന്ന വിലോചനത്തൊ-
ടൂറ്റം നടുക്കിടവുമൊന്നു, നടത്തിയിട്ടാ
സ്ഫാരപ്രഭാവനഥ യാത്ര തുടർന്നുകൊണ്ടാൻ. ൨൫

ഏകാകിയാകിലു,മധൃഷ്യനിജാനുഭാവോ-
ദ്രേകാലയൻ, ഭടർ ചുഴന്നവനെന്നു തോന്നി;
പ്രാകാശ്യമോടു പുതുമിന്നൽവിളക്കു പൊങ്ങി;
നാകാന്തരത്തിലിടിയാം പടഹം മുഴങ്ങി. ൨൬

ഘോരാർദ്ധരാത്രി പകലായ്ക്കരുതിഗ്ഗമിക്കു-
മാ രാജലക്ഷണസമന്വിതനാം പുമാനിൽ
പാരാതെ പെയ്തിതുളകുന്ന ദളങ്ങൾകൊണ്ടാ-
പ്പേരാൽമരങ്ങൾ മഴനീർക്കണപുഷ്പവർഷം. ൨൭

---

൨൫ താരം=നക്ഷത്രം സ്ഫാരപ്രഭാവൻ=മഹാത്മ്യമേറിയവൻ.

൨൬ ഏകാകി=ഏകൻ [ഒറ്റക്ക്.] അധൃ......ദ്രേകാലയൻ=അതിക്രമിക്കാവതല്ലാത്ത തന്റെ മഹിമാതിശയത്താൽ നാകാന്തരത്തിൽ=ആകാശമദ്ധ്യത്തിൽ. അവന്റെ യാത്രയെ ഒരു രാജയാത്രയ്ക്കൊപ്പം വർണ്ണിക്കുകയാണ്.

൨൭ രാജ......സമന്വിതൻ=രാജലക്ഷണങ്ങളോടുകൂടിയവൻ. ദളങ്ങൾ=ഇലകൾ; നീർക്കണം=നീർത്തുള്ളി.

Digitized By Kerala Sahitya Akadem

മന്നാളുമല്ലിനുടെ വിഭ്രമപപ്വതങ്ങൾ-
തന്നോടുപ്പൂണ്ടു ചില പൊറാ്കള്ളുങ്ങളും
മിന്നാമിനുങ്ങുകൾ പതിഞ്ഞു, തദുപാന്തേ (൪.
പൊന്നാലണിഞ്ഞ കൊലയാനകൾപോലെ കാണാ

ഉച്ചങ്ങൾ തെങ്ങണികളോ, ലകൾതൻ തലയ്ക്ക-
ലുച്ചണ്ഡവർഷഭവവാരികണങ്ങളാലേ
നൽച്ചന്തമാന്നരിയ വെള്ളയലുക്കണിഞ്ഞ
പച്ചത്തകിൽക്കുടകൾ പോലെ വിളങ്ങിമാൎ ന്റ്റു. ൫൫

ഊന്നൽദ്രുമങ്ങളുടെ, തിങ്ങി വളന്ന ദ്ദുങ്ങി
പ്രാന്തം മറച്ച പുതുപട്ടുകൾ കാററിലാടി,
താൻതന്നെ പോമവൻ, പച്ചനിറത്തിലുള്ള
കാന്തങ്ങളാം തഴകൾതൻ തൊഴിലാചരിച്ചു. ൫൬

തുമപ്പെട്ടുന്ന മഴനീരൊലിവിനു നിനാദ-
സാമഗ്രികൊണ്ടു വയൽ, തോടിവ പാട്ടു പാടി,

---

൫൪ അല്ല്=ഇരട്ട് വിഭ്രമപര്വ്വതങ്ങൾ=ക്രീഡാശൈലങ്ങൾ. പൊന്തകൾ=വള്ളിക്കെട്ടുകൾ തെന്ത് എന്നു ചിലർ തദുപാന്തേ=അവയുടെ വഴിയ്ക്കരികിൽ.

൫൫. ഉച്ചങ്ങൾ=ഉയന്നവ തെങ്ങണികൾ=നിരന്നുനില്ക്കുന്ന തെങ്ങുകൾ. ഉച്ച.....ണങ്ങൾ=പെരുമഴകൊണ്ടുണ്ടായ വെള്ളത്തുള്ളികൾ

൫൬. പ്രാന്തം=ചുററുമുള്ളവശം. കാന്തങ്ങൾ=മനോഹരങ്ങൾ. തഴ.....രിച്ചു=തഴകളെപ്പോലെയായി എന്നു സാരം.

൫൭. നിനാദസാമഗ്രി=ശബ്ദമാകുന്ന ഉപകരണം

ആമന്ദ്രമാമിടിമുഴക്കമൊടങ്ങു കേൾപ്പൂ-
താ മങ്ങുഗാനകലവിങ്ങു മൃദംഗമായി. ൨൬

വൻപാടവേന നയനശ്രുവണങ്ങളപ്പി-
ച്ചെമ്പാട്ടുമാറ പരിശോധന ചെയ്തുകൊണ്ടും,
തൻപാണിയഷ്ടിലത വീശിയുമല്ലിലം, നി-
ഷ്ഫമ്പാശയൻ വൃഷഭഗാമി ഗമിച്ചു താനേ. ൨൭

തന്നിച്ചു പോലെ,യരയോജന നീണ്ട മാർഗ്ഗം
പിന്നിട്ടനേരമവനങ്ങൊരു കാഴ്ച കാണയ്,
മുന്നിൽക്കരാച്ചുകലെയുണ്ടൊരു കൊള്ളി മെല്ലെ
മുന്നിച്ചൊരാരം സരഭസം നടകൊണ്ടിടുന്നു! ൨൮

മൂലം കരിഞ്ഞൊരെരികൊള്ളി വലത്തുകയ്യി-
ലോ,ലപ്പെരുംകടയിടത്തു കരത്തിലേ,വം
ആലക്ഷ്യമാകിയ വപുസ്സതു വെള്ളവസ്ത്ര-
ത്താലത്രയും മറയുമാറ പുതച്ചിരുന്നു. ൩൦

അമന്ദ്രം=ഗംഭീരം.

൨൭. വൻപാടവേന=അതിസാമർത്ഥ്യത്തോടുകൂടി. നയനശ്രുവണങ്ങൾ=കണ്ണുകളും ചെവികളും. എമ്പാട്ടും=നാലുപാടും. പാണിയഷ്ടിലത=കൈയിലുള്ള വടി. നിഷ്ഫമ്പാശയൻ=നിശ്ചലഹൃദയൻ വൃഷഭഗാമി=വൃഷഭത്തെ [കാളയെ] പ്പോലെ നടക്കുന്നവൻ.

൨൮. അരയോജന=നാലുനാഴിക. സരഭസം=വേഗത്തിൽ.

൩൦. മൂലം=കട. ആലക്ഷ്യം=ദൃശ്യം. വപുസ്സ്=അതു ശരീരം

Digitized By Kerala Sahitya Akadem

ത്തിക്കൊത്തിട്ടും തിമിരമാമുരകല്ലു തന്മേ- (൧൮
ലക്കൊള്ളിവീശൽ ചില പൊൻവര ചേർത്തിടുമ്പോ
ൾക്കൊച്ചുമെയ്പ്പടിവൊരിത്തിരി കാണുകയാലു-
ച്ചൊൽക്കൊണ്ടു പാന്ഥനതൊരംഗനയെന്നു തോന്നി.

'ആരാണിതാ,ണൊരുവനും തനിയേ നടപ്പാൻ
പേരാത്ത പാതിരയിതിങ്ങനെ പെണ്ണിതെങ്ങോ?
ഘോരാർത്തി വല്ലതുമിവൾക്കു പിണഞ്ഞതോ!' എ-
ന്നാ, രാമയെ സ്വയമവൻ പഥി പിന്തുടർന്നു. ൧൯

ആലോലമാം വിറകുകൊള്ളിയതിൻ വെളിച്ച-
ത്താലൊട്ടു കൈവളകൾ മിന്നിയ തൽഭുജാന്തം
ആലോകപദ്ധതിയിലപ്പൊഴണഞ്ഞു; നര-
ന്താം, ലോകമാന്യനറിയാതൊരു ഞെട്ടൽ ഞെട്ടി.

'അന്തസ്സെഴും ധരണിദേവകുലേ പിറന്നോ-
രന്തർജ്ജനം നിശി ബഹിർജ്ജനതുല്യമട്ടിൽ
പാത്രം കൊളുത്തി നടകൊള്ളുകയോ തനിച്ചി-
തെന്തക്രമം! മിഴി ചതിക്കുകയല്ലി നമ്മെ!' ൨൧

൧൮. വിറകുകൊള്ളിയുടെ ദീപ്തിരേഖ ഇരുട്ടിന്മേൽ ഉരകല്ലിന്മേൽ പൊന്നുരസിയ വരപോലെ കാണപ്പെട്ടു.

൧൯. ഘോരാർത്തി=ഭയങ്കരദുഃഖം. രാമ=സ്ത്രീ. പഥി=വഴിയിൽ.

൨൦. ആലോലമാം=ഇളകുന്ന. തൽഭുജാന്തം=അവളുടെ കൈത്തണ്ട. ആലോകപദ്ധതിയിൽ=ദൃഷ്ടിമാർഗ്ഗത്തിൽ.

൨൧. ധരണിദേവകുലേ=ബ്രാഹ്മണവംശത്തിൽ. നിശി=രാത്രിയിൽ. ബഹിർജ്ജനം=പുറത്തു സഞ്ചരിപ്പാൻ വിരോധമില്ലാത്തവർ.

Digitized By Kerala Sahitya Akadem

നാലായിരം ക്ഷണികശങ്കയൊടാ നിശീഥ-
കാലാടനപ്പതിവുകാരനനങ്ഗജിഷ്ണു,
ലോലാക്ഷിതൻ ഗതി വഴിക്കൊത്ത പൊട്ടുവീടിൻ
കോലായിലാശു വിരമിച്ചുവതെന്നു കാണായ്.

കന്നാലിപോയെഴുമക്കുടിലിങ്കലെത്തി-
ട്ടന്നാരി കൊള്ളി കുടയെന്നിവ താഴെ വെച്ചു, ൩൫
ചെന്നാ സ്ഥലത്തവഹിതേന്ദ്രിയനാമുളപ്പിൽ
നിന്നാൻ നിഗൂഢമവൾതന്നനുയായി താനും. ൩൫

നീലത്തഴക്കുഴലി കോമളമാം കരത്താൽ
നാലഞ്ചു വട്ടമഥ വാതിലിൽ മുട്ടിയപ്പോൾ,
ആലസ്യമററതിഥിസൽക്രിയകൾക്കൊരുങ്ങും
പോലങ്ങകത്തു ചെറുമൊച്ചയനക്കമുണ്ടായ്. ൩൬

തിങ്ങും നിശാനിഭൃതതയ്ക്കിടിവേകുമൊച്ച
പൊങ്ങും പടിക്കു, നടവാതിലൊരാൾ തുറന്നു,

---

൩൪. ക്ഷണികശങ്ക=ക്ഷണനേരം മാത്രം നില്ക്കുന്ന സംശയം. നിശീ.....കാരൻ=രാത്രിയിൽ സഞ്ചരിക്കുക പതിവുള്ളവൻ. അനങ്ഗജിഷ്ണു=[illegible]. ലോലാക്ഷി=ചഞ്ചലാക്ഷി. വിരമിക്കുക=അവസാനിക്കുക.

൩൫. കന്നാലി=തൊഴുത്ത്. അവഹിതേന്ദ്രിയൻ=ശ്രദ്ധാലു. നിഗൂഢം=മറഞ്ഞ. അനുയായി=അനുഗാമി.

൩൬. ആലസ്യം=മന്ദത [നിദ്ര] അതിഥിസൽക്രിയ=അതിഥിയെ സൽക്കരിക്കൽ.

൩൭. നിശാനിഭൃതത=രാത്രിയിലെ നിശ്ശബ്ദത.

Digitized By Kerala Sahitya Akadem

അംഗങ്ങളിൽനിന്നഭിഗമിച്ചൊരു കൈവിളക്കിൻ
മങ്ങും വെളിച്ചമവർതൻ തളിർമെയ് തലോടി.

പൂ തോററ പാണിയിണകൊണ്ടു പൂതപ്പെട്ടുള്ള
കാൽ തോത്തുമാക്കമെനിതൻ കമനീയരൂപം,
ചേരേ ഭവനെൻറ വിളയാട്ടമൊടാം, വെളിച്ച-
ത്തോ,ത്തോ സുരാംഗനയുടേതു കണക്കു കാണായ്. (൩൯)

ചുററിട്ടു കാതിണ തുട്ടുംകവിളിൽപ്പതിഞ്ഞും,
നെററിച്ചു ചന്ദനവരക്കുറി ചോറമാഞ്ഞും,
തെററിത്തെറിച്ച് മിഴി തുള്ളിയു, മാ വെളിച്ചം
പററിത്തിളങ്ങിയരുണാധരിതൻ മുഖാബ്ജം. ൪൦

ഉച്ചലോലുമാ യുവഗൃഹസ്ഥനൊരല്പനേരം
വിലോൽപ്പലാക്ഷിയെ മിഴിച്ചു പകച്ചു നോക്കി,
ആലോചിയാതെയൊരു ഭാഗ്യമണഞ്ഞ ഭാവ-
മാലോലമായ് വിലസി തന്മുഖമണ്ഡലത്തിൽ. ൪൧

അഭിഗമിച്ച=നേരേവന്ന് [എതിരേററ്.]

൩൯. പാണിയിണ=ഇരുകൈപ്പടം. ഭവനേശൻ=കാമൻ. സുരാംഗന=ദേവസ്ത്രീ.

൪൦. ചുററ്=മേൽക്കർണ്ണാഭരണം. അരുണാധരി=മുറുക്കിച്ചുമപ്പിച്ച ചുണ്ടോടുകൂടിയവൾ.

൪൧. ആലോലം=ചഞ്ചലം.

Digitized By Kerala Sahitya Akadem

ലോലസ്വരത്തിലവനോതി:-"യിതെന്റെ കുഞ്ഞാ-
ത്തോല'ല്ലയോ! തിരുമനസ്സു മനസ്സുവില്ലേ?"
"ആലത്തിയൂർക്കവിലിനായ് നടകൊണ്ടു സായം-
കാലത്തിലെ"ന്നു, കളവാണിയകത്തു പുക്കാൾ. ൪൨

ദ്വാരം തുറന്നവനൊരന്ത്യജനി; വിരുന്നു-
കാർത്തിയോ ദ്വിജകുടുംബിനി തന്നെയല്ലോ:
ആ രണ്ടുപേരുടെയിടക്കു കിടക്കുമെത്ര
ദ്ദൂരം മനോഭവശരത്തിനെറമ്പു ചാലോ! ൪൩

സല്ലാപസാരമിതു കേട്ടു വളപ്പിൽ നില്ക്കും
ചൊല്ലാർന്ന മർത്ത്യനലോസകലം തരിച്ചു,
ഒല്ലാക്കിനാവുകളിലോടിനടക്കയാണോ
ഇല്ലാതെ തൻകരണമെന്നുമവന്നു തോന്നി. ൪൪

---

൪൨. ലോലസ്വരത്തിൽ=ഇളകിയ, [ഇടർച്ചയുള്ള] സ്വരത്തിൽ. 'ലോല'ത്തിന്നു ആഗ്രഹമുള്ള എന്നും അർത്ഥമാകാം. ആലത്തിയൂർ ഗ്രാമദേവനായ ഹനുമാന് വഴിപാടായി അവിൽ നിവേദിക്കാറുണ്ട്. അതു ഭക്ഷിപ്പാൻ ബ്രാഹ്മണർ വന്നുകൂടുകയും പതിവാണ്.

൪൩. ദ്വാരം=വാതിൽ. അന്ത്യജൻ=ശൂദ്രൻ. ദ്വിജകുടുംബിനി=ബ്രാഹ്മണപത്നി. മനോഭവ [കാമ] ശരത്തിന്നു അവരെ കൂട്ടിച്ചേർപ്പാൻ ഒരു പ്രയാസവുമുണ്ടായില്ല!

൪൪. ഒല്ലാക്കിനാവ്=ദുസ്സ്വപ്നം. കരണം=ഇന്ദ്രിയം.

Digitized By Kerala Sahitya Akadem

ഹേ! — ലേശമില്ല പിഴ; ധാൎമ്മികരെങ്ങു കണ്ടു
പോലെ, കലിനയവും കുത്സിതവൃത്തി തന്നെ:
മേലേത്തരത്തിലുടയോരുടെ ഹീനകൃത്യം
മേലേത്തരത്തിലുപകാരിയല്ലി പണ്ടും ?   ൪൫

ഉപ്പുഞ്ചിട്ടും വയലിൽ നന്മഴനീരു പോലെ,
കല്പസ്ഥലത്തു തുളസീദളമാല പോലെ,
അല്പേതരക്കുഴിയിലാഹുതി പോലെ, വിപ്ര-
ത്തൃപ്പതിയാംകുടിലിലിന്നുള്ളലണഞ്ഞ ശേഷം,   ൪൬

ഒന്നാമചിന്തയിലുറച്ചു,ള്ളു കണ്ടു നില്പോൻ
പൊന്നാശു കൊള്ളിയതെടുത്തു കരസ്ഥമാക്കി,
യിന്നാട്ടുവിപ്രരുടെ തോററട്ടുവസ്ത്രഖണ്ഡ-
മൊന്നാലതിൻകട സുവേഷ്ടിതമായിരുന്നു.   ൪൭

„അല്ലേ കെട്ടുംവിറകുകൊള്ളി, മമ പ്രമാദം
ചൊല്ലേണ്ടതെന്തു! — ബലഹാളിലമൎന്ന നിന്നെ

---

൪൫. ഹേ — അദ്ദേഹത്തെ യഥോചിതം അഭിസംബോധനം ചെയ്യാൻ തുടങ്ങിയതിനെ എന്തോ കാരണത്താൽ കവി വേണ്ടെന്നു വെച്ചു. കുത്സിതവൃത്തി=നീചപ്രവൃത്തിയോടു കൂടിയവൻ. ആളുകളുടെ ഔന്നത്യമനുസരിച്ച് അവരുടെ ദുഷ്കൃത്യങ്ങൾക്കു നീചതയും കൂടുമെന്നാണ് അൎത്ഥമെന്നു സാരം.

൪൬. ആഹുതി=ഹോമം.

൪൭. ഇന്നാട്ടുവിപ്രർ=നമ്പൂതിരിമാർ. ഖണ്ഡം=കഷണം. അത്=കൊള്ളി. സുവേഷ്ടിതം=ചുററപ്പെട്ടത്.

൪൮. മമ പ്രമാദം=എന്റെ തെററ്. മല്ലേക്ഷു=കാമദേ

Digitized By Kerala Sahitya Akadem

വ്യര്‍ പട്ടില്‍പൊതിഞ്ഞ തിക്കേളേ।

മല്ലേഷുവയ്യോരു മഹാനലബാണമാണെ-
ന്നല്ലേ,ഷ ഞാന്‍ പരിഗണിച്ചതു ശുസ്വഭാവാല്‍ !!)

തൃമേദുരസ്മരമദാല്‍ സ്വസതീവ്രതാഖ്യ-
പ്പൂമേട ചുട്ടുകളയുന്നതിനാണു നിന്നെ
ഈ മേന്മയുള്ള കുലനാരി വഹിച്ചതെന്നു,
നാമേതുമാദ്യ,മെരികൊള്ളി, നിനച്ചതില്ല! ൫൯

ചാരിത്രമെത്ര വിലയേറിയതി!-ക്കുമാരി
ഭൂരിശ്രമത്തൊടതു വിററുകളഞ്ഞ ദിക്കോ,
ദാരിദ്ര്യമഗ്നമൊരു പാഴ്‌കുടിലെ!-ന്തു തന്നെ
ചേരില്ല, ഹാ, യുവതിചാപലജൃംഭിതത്തില്‍ ? ൬൦

പാരിന്നലങ്കൃതികളാം കുലനാരിമാര്‍ക്കു
ചാരിത്രഭഞ്ജനമിതാത്മഹതിക്കു തുല്യം ;
നേരിട്ടതിന്നു തുനിയില്ലുകയെന്ന കുററം
പൂരിച്ച നിന്നെ, യെരികൊള്ളി, വൃഥാ വിടാ ഞാന്‍

വന്‍ മഹാനലബാണം= ജ്വലിച്ച ആഗ്നേയാസ്ത്രം. ഏഷ=ഇവ. പരിഗണിച്ചത്=വിചാരിച്ചത്. ശുദ്ധസ്വഭാവാല്‍=കള്ളമറിഞ്ഞുകൂടായ്കയാല്‍. ഇവളില്‍ സ്ഥിതിചെയ്യുകൊള്ളി കാമന്റെ ആഗ്നേയാസ്ത്രമാണെന്നു ഞാന്‍ ആദ്യം ഊഹിച്ചില്ല।

൫൯. ആമേ.....മദാല്‍=വലിയ കാമഭ്രാന്തുനിമിത്തം. സ്വസ.....മേട=തന്റെ പാതിവ്രത്യമാകുന്ന പൂമേട.

൬൦. ചാരിത്രം=പാതിവ്രത്യം ഭൂരിശ്രമം=അതിപ്രയത്നം. ദാരിദ്ര്യമഗ്നം=ദാരിദ്ര്യത്തില്‍ മുങ്ങിയത്. യുവ.....ഭിതം= തരുണിമാരുടെ ചാപല്യങ്ങളുടെ.

൬൧. അലങ്കൃതികള്‍=ആഭരണങ്ങള്‍. ഭഞ്ജനം=നശിപ്പിക്കല്‍. വൃഥാ=വെറുതെ.

Digitized By Kerala Sahitya Akadem

ഹാ! മന്ത്രപൂതമുഖനാമൊരു വിപ്രനാത്ത-
പ്രേമം ഗ്രഹിച്ചൊരു കരത്തിലിരുന്ന നീ താൻ
ഈമട്ടതിന്റെയുടമസ്ഥയെ നിത്യദുഃഖ-
ഭീമക്കുഴിക്കുടിയിൽ വീഴ്ത്തുകയല്ലി ചെയ്തു !!" ൭൨

തെറേറശാത്ത വിചാരമീവിധമിയ-
ന്നുള്ളിക്കവിട്ടാനവൻ ;
മററത്തോ നരനല്ലിതാ,ച്ചരമനാം
വെട്ടത്തു രാജാവു താൻ ;
പിറേറന്നാൾ മുതലക്കരശ്മി ജഡനാ-
മാ ബ്രാഹ്മണീജാരനിൽ-
ച്ചെററൂറേറിലപ്പുരചാനെന്റെ കല്ലറയവ-
ന്നെന്നേയ്ക്കുമാവാസമായ്.

രാവിൻമൂട്ടുപടത്തിൽനിന്നു ഭുവനം
വേർപെട്ടിടുമ്പോൾ, നൃപൻ
കേൾവിപ്പെട്ട മനസ്സുഃഖലക്ഷ്യ,ഹഹ! ത-
ന്നാജ്ഞാകരന്മാർവശം

---

൭൨. മന്ത്ര......മുഖൻ=മന്ത്രംകൊണ്ടു പരിശുദ്ധമായ മുഖത്തോടുകൂടിയവൻ. മന്ത്രോച്ചാരണത്തോടെ എന്നു സാരം.

൭൩. ചരമനാം=മട്ടുവിലത്തെ. അക്കരശ്മി=സൂര്യരശ്മി. ജഡൻ=മൂഢൻ. ആവാസം=പാർപ്പിടം.

൭൪. രാവിൻ......ടുമ്പോൾ=നേരംപുലർന്നപ്പോൾ. നൃപൻ=രാജാവ്. ആജ്ഞാകരന്മാർ=കിങ്കരന്മാർ.

Digitized By Kerala Sahitya Akadem

വൃന്ദ   പാട്ടിൽപൊരുന്ന രീതിക്കൊള്ളി

പൂവിന്നൊത്ത പുള്ളുള്ളകിൽപ്പൊരുതിയൽ വെ-
ച്ചെത്തിച്ചു തൽക്കൊള്ളിതാം-
നാം വിപ്രാംഗനയെ, ബ്ബേധേന കൂടയും
തള്ളിപ്പുറത്താക്കിപ്പോൾ.

വിപ്രാംഗന=ബ്രാഹ്മണസ്ത്രീ. രോഷപ്പെട്ട അന്തർജ്ജനത്തെ കൂടെ [മററുള്ളവരുടെ] തള്ളിക്കളഞ്ഞാണ പുറത്താക്കുക.

Digitized By Kerala Sahitya Akademi

11

*ഇന്നലെ

നിരപായകാലജലരാശിതന്നിലെ-
ത്തിരയൊന്നു പിന്നെയുമുയർന്നു വന്നിതാ,
കരമേലടിച്ചു ചെറുഖണ്ഡഖണ്ഡമായ്,
സ്മരണൈകഗോചരദശാന്തരത്തിലായ്! ൧

ദിനമേ, പുലർവേള പൂണ്ടു ഭാസ്വൽ-
കനകത്തൊപ്പിയണിഞ്ഞണഞ്ഞ നിന്നെ
അനഘാതിഥിയായ്പ്പരിഗ്രഹിച്ചു
ജനതാലസ്യമകന്നുണർന്നു ലോകം; ൨

---

* ൧൦൯൮ വൃശ്ചികം ൨൯-ാംനു

൧ നിര.....രാശി=സനാതനമായ കാലമാകുന്ന സമുദ്രം. ഖണ്ഡം=ശകലം (ഭാഗം) സ്മര.......ന്തരത്തിലായ്=സ്മൃതിയ്ക്കു മാത്രം വിഷയമായിത്തീർന്നു=നാമാവശേഷമായിത്തീർന്നു. കാലസമുദ്രത്തിലെ ഒരു തിരയാകുന്ന ദിവസം കരയിൽ [ലോകത്തിൽ] വന്നുകേറി, പലഭാഗങ്ങളായി ചിതറിത്തെറിഞ്ഞു മറഞ്ഞുപോയി എന്നു ഭാവം.

൨ കഴിഞ്ഞ ദിവസത്തെ കവി അനുസ്മരിക്കുന്നു. ഭാസ്വൽ.....ത്തൊപ്പി=സൂര്യനാകുന്ന സ്വർണ്ണത്തൊപ്പി: അനഘാതിഥി=നിർമ്മലനായ അതിഥി. പരിഗ്രഹിച്ചു=സ്വീകരിച്ചു. ആലസ്യം=നിദ്രാമാന്ദ്യം.

Digitized By Kerala Sahitya Akadem

ഒരു പുഞ്ചിരി തൂകി പൂക്കൾ; ഗീതി-
പ്പൊരുളാൽ സ്വാഗതമോതി പക്ഷിജാലം ;
തരുപത്രലസത്തുഷാരപാദ്യം
പെരുമാറീ പവനൻ ത്വദാഗമത്തിൽ . ൩

ചുളിഞ്ഞഴഞ്ഞുള്ളൊരുടുപ്പൊട്ടും, തുടു-
പ്പൊളിപ്പുള്ളപ്പൊന്നു കുറഞ്ഞ ചുണ്ടൊട്ടും,
തെളിഞ്ഞുണർന്നോര വിലാസമന്ദിരാൽ
വെളിക്കു വന്നെത്തിയ സുന്ദരാംഗിമാർ . ൪

സുരമ്യമായ്ക്കെട്ടുവതിന്നു കാപ്പണി-
ക്കരത്തിനാൽ മന്ദമഴിച്ച വാർകുഴൽ,
ഒരന്യസൌരഭ്യവുമാർന്ന പൂക്കളാൽ
നിരർഘമാമർഘ്യവുമച്ഛ, നൽകി തേ ! ൫

---

൩ എങ്ങിനെ പരിഗ്രഹിച്ചു എന്നു പറയുന്നു. തരു... ...പാദ്യം=വൃക്ഷങ്ങളുടെ ഇലകളിൽ വിളങ്ങുന്ന മഞ്ഞാകുന്ന പാദ്യം (കാൽ കഴുകാനുള്ള വെള്ളം.) പവനൻ=കാറ്റ്. ത്വദാഗമം=നിന്റെ വരവ്. [ദിനാരംഭത്തിൽ [പ്രഭാതത്തിൽ] പുഷ്പങ്ങൾ വികസിക്കുകയും മറ്റും ചെയ്യുമല്ലോ.

൪ വിലാസമന്ദിരാൽ=കേളീഗൃഹത്തിൽ [അറയിൽ] നിന്ന്.

൫ ഒരന്യസൌരഭ്യം=കേശസംസർഗ്ഗത്താൽ സിദ്ധിച്ച മറ്റൊരു പരിമളം. നിരർഘമാം=വിലവേറില്ലാത്തത്. അർഘ്യം=പൂജാദ്രവ്യം. അച്ഛ=ദിനത്തോടു സംബോധന. തേ=നിനക്കു.

Digitized By Kerala Sahitya Akadem

നൽകോമളാകൃതിയൊടീയുലകാം വനം പു-
ഷ്കരാക്ഷജലഭൃതി വിതച്ചു ചരിച്ചു നീ താൻ;
അക്കാലമേ, വളരു തുല്യ,മൊട്ടക്കടമത്താ
കാർക്കോടകന്റെ കടിയേററ കറുത്തിരുണ്ടു! ൬

തൊഴിലും, വിശ്രമമെന്ന രണ്ടുപേർ നിൻ
കഴലുതട്ടിച്ചു പകരംതട്ടുന്നമൂലം
കഴിവററ നികാമശൂന്യനായ് നീ!
വഴിപോക്കന്നിതിലേറെയെന്തനർത്ഥം ? ൭

നരംസപൂതതേജസ്സോടെ,ങ്ങും തെളിച്ചും
പെരം മട്ടിലല്ലോ ദിവാനിങ്ങണഞ്ഞു ;
വെറുംപേക്കിനാവൊക്കെയാ നിന്നെയും ഹാ,
കറുപ്പിച്ചുവിട്ടൂ കരാളം പ്രപഞ്ചം !! ൮

---

൬ കോമളാകൃതി=സുന്ദരാകാരം. വനം=കാട്. അക്കാ ജലഭൃതി=സൂര്യന്റെ [സൂര്യന്റേതുപോലെയുള്ള എന്നും] ദീപ്തമായ ശോഭ=പകലുപോയി ഇരുട്ടടഞ്ഞുവന്ന പുഷ്കരം. വനചാരിയായിരുന്ന നളന്റെ തേജസ്സേറിയ സുന്ദരശരീരം കാർക്കോടകനാഗത്തിന്റെ കടിയേററു കറുത്തുപോയല്ലോ, കാർക്കോടകൻ എന്നും എഴുതിക്കാണുന്നു.

൭ നികാമശൂന്യൻ=ഏററവും ശൂന്യൻ. വഴിപോക്കൻ=ലോകസഞ്ചാരി. ദിനാംശങ്ങളായ പകലും തൊഴിലിനും വിശ്രമത്തിനും ആയിട്ടുള്ളതാണല്ലോ ഇങ്ങിനെ ദിവസം കഴിഞ്ഞുപോയെന്നർത്ഥം.

൮ വെറുംപേക്കിനാവൊക്കെയും പ്രപഞ്ചം മുഴുവനും ദിഗ്ഭ്രമയെന്നർത്ഥം. കരാളം=ഭയങ്കരം.

Digitized By Kerala Sahitya Akadem

എന്തിന്നു വന്നിതിഹ വാസര, മി!—യനേകം
ചിന്തിച്ചു കമ്രകനകക്കഷണങ്ങളും വാനിൽ
ചിന്തിക്കിടന്നവ പെറുക്കിയെടുത്തുകൂട്ടി-
ച്ചെത്തിയ്യിന്നൊത്തൊരു പതക്കമടിച്ചുവാനോ? ൯

അല്ലായ്കിൽ, ക്ഷപിതവിയോഗനായ്സ്സുദൂരാൽ
നില്ലാതെ വരുമരുണന്റെ കാമലേഖം,
ഉല്ലാസസംഫുരദളിരാജികൈതവത്താൽ
ഫുല്ലാംഭോജിനിയുടെ പക്കലേകുവാനോ? ൧൦

മരുദയനമനോജ്ഞപീഠമാക്കായ്,-
ഭൂരുഹലതാകുസുമപല്ലവാദിയിങ്കൽ

---

൯ വാസരം=ദിവസം. കമ്ര......ണങ്ങളും=മനോഹരങ്ങളായ സ്വർണ്ണക്കഷണങ്ങളും. [നക്ഷത്രങ്ങളും] ചെത്തിയ്യിന്നൊത്ത=ഉജ്ജ്വലമായ. പതക്കം=സൂര്യമണ്ഡലമാകുന്ന പതക്കം. നക്ഷത്രങ്ങളാകുന്ന കനകക്കഷണങ്ങൾകൊണ്ടു സൂര്യമണ്ഡലമാകുന്ന പതക്കം അടിക്കുവാൻ വന്നതാണോ എന്നു കവിസന്ദേഹം.]

൧൦ ക്ഷപിതവിയോഗനായ്=വിരഹം കഴിച്ചുകൂട്ടി. അരുണൻ=സൂര്യൻ. ഉല്ലാ.....വത്താൽ ആഹ്ലാദിച്ചു പറക്കുന്ന വരിവണ്ടുകളെന്ന വ്യാജേന. ഫുല്ലാംഭോജിനി (വികസിച്ച താമരപ്പൊയ്ക)യുടെ അടുക്കലേക്കു ചെല്ലുന്ന ഭൃംഗശ്രേണിയെ പത്മിനീവല്ലഭനായ സൂര്യന്റെ കാമലേഖമാക്കി കല്പിച്ചിരിക്കുന്നു.

൧൧ മരു......ക്കായ്=വായുമാർഗ്ഗം [ആകാശം] ആകുന്ന പീഠത്തിലിരുന്ന്. ഭൂരു.....വാദി=വൃക്ഷം, വള്ളി, പൂവുകളിവ തുടങ്ങിയവ.

Digitized By Kerala Sahitya Akadem

അരുണകിരണതൂലികാശതത്താൽ
സുരുചിരമാം പല ചായമിട്ടിടാനോ? ൧൧

നെടുനിഴൽ തീർത്തതിൻ നില കുറച്ചു കുറച്ചു, പുന-
ശ്ശുടുവെയിലാൽക്രമത്തൊടു വളർത്തു വളർത്തുമുലോം
ഒടുവിലതൊക്കെ മായ്ച്ചു, പചയക്ഷയസംഹൃതി ചെ-
യ്തിടുമഖിലേശ്വരന്റെ വടിവൊന്നു നടിപ്പതിനോ? ൧൨

പരമാച്ഛതരപ്പളുങ്കുകല്ലിൻ
തരമൊക്കും ഘനഖണ്ഡപംക്തിയാലോ,
ചരമാബ്ധിയിൽനിന്നു വിണ്ടലത്തെ-
ക്കരപേറുന്നൊരൊതുക്കു കെട്ടുവാനോ? ൧൩

അരു.....ശതം=സൂര്യരശ്മികളാകുന്ന വളരെ തൂവലുകൾ. സുരുചിരം=ശോഭിക്കുന്നത്. [illegible] സൂര്യരശ്മികളോടു പ്രകാശിച്ചതു കണ്ടിട്ടു പകലാകുന്ന ചിത്രകാരൻ അവയിൽ ചായമിട്ടതായി കവി ഉൽപ്രേക്ഷിക്കുന്നു.

൧൨. നെടുനിഴൽ=നീണ്ട നിഴൽ. പ്രാതഃകാലത്തെ നീണ്ട നിഴൽ ക്രമേണ കുറഞ്ഞുകുറഞ്ഞുവരുന്നു; മദ്ധ്യാഹ്നത്തിനു ശേഷം അതു വീണ്ടും നീണ്ടുനീണ്ടുവരുന്നു. ഒടുവിൽ നശിക്കയും ചെയ്യുന്നു. ഉപ.....ഹൃതി=വൃദ്ധിക്ഷയസംഹാരങ്ങൾ. അഖിലേശ്വരൻ=സർവ്വേശ്വരൻ. വൃദ്ധിക്ഷയസംഹാരങ്ങൾ നടത്തുന്ന ഈശ്വരന്റെ ഭാവത്തെ പകൽ അഭിനയിക്കുകയാണോ എന്ന്.

൧൩. ഘനഖണ്ഡപംക്തി=മേഘശകലസമൂഹം. ചരമാബ്ധി=അസ്തമയസമുദ്രം. വിണ്ടലം=സ്വർഗ്ഗം. ഒതുക്ക്=സോപാനം. ചില കാലത്തു സായാഹ്നത്തിൽ ആകാശത്തു, ചത്വരത്തിലുള്ള സ്ഫടികക്കല്ലുകൾപോലെയുള്ള മേഘശകലങ്ങളെ കാണാം.

Digitized By Kerala Sahitya Akadem

മൂകാസ്യമായ്ക്കൂടണയാൻ പറക്കും
കാകാളിതൻ പക്ഷവിലോളനത്താൽ,
ആകാശമാം നീലജലാശയത്തി-
ലേകാന്തമോളങ്ങളിയററുവാനോ? ൧൪

താരാകദംബപരിചുംബിതനായ്, തവാവ-
താരാർദ്രയാം പ്രകൃതിതൻ മടിചേർന്നു ഗാഢം,
താരാമള്ളുക്കളിൽ നറുതേൻ പകരും പികത്തിൻ-
താരാട്ടു കേട്ടിഹ മയങ്ങിയുറങ്ങുവാനോ? ൧൫

നന്നു,റിഞ്ഞു ഭേദ്യമേ:-മീ ഞാൻ
ചെന്നടങ്ങിടണമെങ്ങു,വിടെക്കൂ യ്

---

൧൪ മൂകാസ്യമായ=നിശ്ശബ്ദമായ്. കാകാളി=കാക്കക്കൂട്ടം. പക്ഷവിലോളനം=ചിറകടി. ഏകാന്തം=ഏററവും. സായംകാലത്തിൽ ചേക്കേറാൻപോകുന്ന കാക്കകളുടെ ചിറകടിയെ ആകാശജലാശയത്തിലെ ഓളമായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

൧൫ താരാ.....തനായ്=നക്ഷത്രസമൂഹത്താൽ ചുംബിക്കപ്പെട്ടവനായ്, തവാവതാരാർദ്രയാം എന്ന വിശേഷണം പ്രകൃതിയുടെ മാതൃത്വം സൂചിപ്പിക്കുന്നു. പകലിൻെറ അവതാരത്തിൽ (പ്രഭാതത്തിൽ) പ്രകൃതിക്കു മഞ്ഞുമൂലം ആർദ്രത [നനവ്] ഉണ്ടാകുമല്ലോ. താരാ.....രാട്ടു=പൂവാകുന്ന അള്ളുക്കളിൽ [ചെപ്പിൽ] തേൻ പകരുന്നതു, രാത്രിയിലെ മധുരമായ പിക [കുയിൽ] കൂജിതമാണെന്നു ഗമ്യോൽപ്രേക്ഷ.

൧൬ ദിനം എന്തിനാണ് വന്നതെന്നു മനസ്സിലായതായി പറയുന്നു. വേദ്യമം=ദിനത്തിൻെറ ഒടുക്കം. അവിടെക്കൂടായ്=വിശ്രമസ്ഥലത്തേക്കായി.

Digitized By Kerala Sahitya Akadem

മുന്നടന്നു വഴി കാട്ടുവതിന്നായ്
വന്നതാണു ദ്ധുമിന്നലെ നീയും! ൭൩

എന്നെ ക്ഷണിക്കുന്നു നിരക്ഷരം നീ;
നിന്നെസ്സുഖം, പിന്തുടരുന്നു ഞാനും;
പിന്നെയത്തെ മട്ടോ—ഹഹ! നമ്മളും വൃകം
മന്നെങ്ങ ?-തിക്കണ്ണമൂപോലെ താനോ ? ൭൪

ശരിക്കു നീയും തവ കൂട്ടുകാരുമി-
ദ്ധരിത്രിയിൽസ്സക്തിവെടിഞ്ഞു പാഞ്ഞുപോയ്,
തിരിച്ചുപോരാതെ വസിക്കുമാ സ്ഥലം
ഗരിഷ്ഠഭാഗ്യോജ്ജ്വലമായിരിക്കണം ! ൭൫

അതല്ലി,രുട്ടാണ്ടു കിടപ്പതെങ്കിലെ-
ന്തതല്ലയോ നമ്മുടെ മൂലമന്ദിരം ?
സ്വതന്ത്രമോർക്കാതെ, വിദേശലക്ഷ്മിതൻ
സ്മിതപ്പകിട്ടിങ്കൽ മയങ്ങിടായ്ക നാം ! ൭൬

---

൭൪ നിരക്ഷരം=നിശ്ശബ്ദമായവണ്ണം. കാലംചെല്ലും തോറും, മനുഷ്യൻ മൃത്യുമുഖത്തിലേക്കടുക്കുന്നതിനെ സൂചിപ്പിക്കുന്നു.

൭൫ തവ(നിന്റെ) കൂട്ടുകാരും=മററുദിവസങ്ങളും. തിരിച്ചുപോരാതെ=ദുപായദിവസങ്ങൾ തിരിയേ വരാറില്ലല്ലോ. ഗരി.........ജ്ജ്വലം=കനത്ത ഭാഗ്യംകൊണ്ടു ഉജ്ജ്വലിക്കുന്നത്. അതും തിരിച്ചുപോരാത്തതിൽനിന്ന്, അവിടം ഭാഗ്യസമൃദ്ധമാണെന്നൂഹിക്കേണ്ടിയിരിക്കുന്നു.

൭൬ മൂലമന്ദിരം=മൂലം. സ്വതന്ത്രമോർക്കാതെ=സ്വന്തം വാസ്തവം ആലോചിക്കാതെ. ഈ ലോകം നമുക്ക വിദേശമാണ്. സ്മിതപ്പകിട്ട്=പുഞ്ചിരിപ്പകിട്ട്.

Digitized By Kerala Sahitya Akadem

നീയും പൂർവ്വാഗ്രജരുമൊക്കെയകമ്പടിക്കാ-
രായും, തവാവരജരെന്നനുയാത്രരായും,
ശ്രീയുറ്റൊരൂഴിപനെ ചേർന്നു തരത്തിലന്ത്യാട്ടോ-
ട്ടീയുള്ളവരെയെഴുന്നള്ളൽ നടത്തിടുന്നു !! ൩൦

---

൩൦ പൂർവ്വാഗ്രജർ=നിന്റെ പൂർവ്വജന്മാർ ഇന്നലെയ്ക്കു മുമ്പിൽ കഴിഞ്ഞ ദിവസങ്ങൾ. അവരജർ=അനുജന്മാർ ഇന്നലെയ്ക്കു ശേഷം വരുന്ന ദിവസങ്ങൾ. ഊഴിപൻ=രാജാവ്. അന്ത്യാട്ട്=മരണദിനത്തിലേയ്ക്കു. ഭൂതദിനങ്ങളും ഭാവിദിനങ്ങളും അതതു അകമ്പടിക്കാരോടുകൂടി മനുഷ്യൻ, തന്റെ അന്തിമസ്ഥാനത്തിലേയ്ക്കു നടകൊള്ളുന്നു.

Digitized By Kerala Sahitya Akadem

12

പ്രഭാതകീർത്തനം

വെൽക, വെൽക, മരങ്ങളിൽനിന്നൊരു വിധത്തി-
ലിങ്ങിതങ്ങളൊഴിച്ചുവാൻ
ലോകബോധവനെയാനയിച്ച പുലർകാലമേ,
സുചരിതൻ ഭവാൻ !
ഹാ ! കരിമ്പനകൾ കൂടി നിന്നഹിമ വാത്ത-
ട്ടുന്ന കുളിർതെന്നലാൽ
സ്തോകമായ്ത്തലയുലഞ്ഞ പട്ടകളിലുന്ന്
മർമ്മരവങ്ങളാൽ !!

---

* ൧൦൯൪ മിഥുനം ൨൮-ാംനു-

ഏ വെൽകംജയിക്കു മ……യിച്ചു എന്ന വിശേഷണംകൊണ്ടു, നാട്ടുകാർക്ക് അറിവുണ്ടാക്കുവാൻ ഒരു ഹിതോപദേഷ്ടാവിനെ എവിടെനിന്നോ കൊണ്ടുവന്ന ഉപകാരിയുടെ അവസ്ഥ പുലർകാലത്തിനുള്ളതായി വ്യഞ്ജിക്കുന്നു. സ്തോകം = അല്പം.

ആരങ്കം വിട്ടുറങ്ങി സ്വയമിളുവരെയും
വിശ്രമംകൊണ്ടു ലേഹി-
വ്രാതത്തിന്നു ജീവിതപ്പോർ തുടരുവതിനെഴും
കാഹളാരാവമായും
പാർത്തന്നാൽപ്പൊങ്ങിടുന്നു, പുതിയൊരു പകലാം
നാടകത്തിൻെറ നാന്ദി-
ഗീതപ്രസ്താരമായും, മൃദുഗളമുയരെ-
ക്കോഴി കൂകും നിനാദം.

വാനത്തി,യൊരു വൃദ്ധയാം രജനിതൻ
നക്ഷത്രരത്നങ്ങളെ
സ്ഥാനം പാർത്തു വിഭാതചോര്യ കയറി-
ക്കക്കുന്നതായ്ക്കാൺകയാൽ
നൂനം സംഭ്രമമാർന്നു,റങ്ങി മരുവും
ലോകത്തെ വേഗാലുണ-
ർത്താനത്യുച്ചനിനാദമോടുടനുടൻ
കൂകുന്നു പൂങ്കോഴികൾ.

---

൧. ആരങ്കം=ഉദ്ഭേദം [വാട്ടം]. ലേഹിവ്രാതം=പ്രാണിസമൂഹം. കാഹളാരാവം=കാഹളശബ്ദം. ഗീതപ്രസ്താരം=ഗാനവിസ്താരം.

൨. രജനി [രാത്രി]യാകുന്ന വൃദ്ധയുടെ നക്ഷത്രരത്നങ്ങളെ വിഭാതചോര്യ [പ്രഭാതചോരൻ] മോഷ്ടിക്കുന്നതു [പ്രഭാതത്തിൽ നക്ഷത്രങ്ങൾ മാഞ്ഞുപോകുന്നു] കണ്ടിട്ടു പൂങ്കോഴികൾ ലോകരെ കൂകിയുണർത്തുന്നു. രാത്രി അന്ധകാരാതിശയത്താൽ പ്രായംചെന്നതുകൊണ്ടു വാർദ്ധക്യം സംഗതം.

Digitized By Kerala Sahitya Akadem

പ്രാതർജ്ജ്യോതിസ്സിനാലേ, ദിവി ചിരമുപശോ-
ഭിച്ച നക്ഷത്രദീപ-
വ്രാതം മങ്ങുന്നതുൾക്കണ്ടരിന ശരി നിജാ-
പത്തുമൂഹസ്ഥലം
ചേതസ്സിൽപ്പെട്ടുകൊണ്ടോ മുഹുരഹഹ! വിറ-
ക്കുന്നു, വേശ്മങ്ങൾതോറും
വാതം ബാധിച്ച കയ്യാൽക്കുഴവികളിഹ ക-
ത്തിച്ചു കാട്ടുന്ന ദീപം. ൪

നിരുപമസൗമ്യശ്രീയാം പ്രത്യൂഷ-
വേളയെ വേട്ടതിൽ-
തരുണരവിയായ്ജ്ജനിച്ചാൻ കാലാഖ്യ-
താതനൊരുങ്ങവേ,

---

൪ പ്രാതർജ്ജ്യോതിസ്സ്=പ്രഭാതതേജസ്സ്. ദിവി=ആകാശത്തിൽ. നിജാപത്ത്=സ്വന്തം ആപത്ത്. വേശ്മങ്ങൾ=ഗൃഹങ്ങൾ. വാതം ബാധിച്ച=വാതരോഗമുള്ള, കാറ്റേററ എന്നും. വൃദ്ധമാർ കൊളുത്തിക്കാട്ടുന്ന പ്രഭാത[മംഗള]ദീപം വിറയ്ക്കുന്നതു, നക്ഷത്രദീപങ്ങൾക്കു പിണഞ്ഞ ആപത്തിനെ [നിഷ്പ്രഭതയെ] പേടിച്ചിട്ടാണെന്നു ഭാവം.

൫ നിരു.....ശ്രീയാം=സൗമ്യമകന്ന മംഗലകാന്തിയുള്ള. പ്രത്യൂഷവേള=പ്രഭാതസമയം. സ്ത്രീലിംഗമാകയാൽ കന്യകയായി സൂചിപ്പിക്കുന്നു. തരുണരവി=ബാലസൂര്യൻ. കാലാഖ്യതാതൻ=കാലമാകുന്ന അച്ഛൻ.

Digitized By Kerala Sahitya Akadem

പെരുതിവള്ളിപ്പൂങ്കാവനം കൈക്കൊണ്ടി-
രുന്നവനെന്നപോ-
ലരുചിവശനായ്ശ്ശുക്രൻ മങ്ങുന്നിതാ,
ഗഗനസ്ഥലേ! ൧

രാവാകുന്ന കറുത്ത കാട്ടിനെയെരി-
പ്പാനായ്പ്പടർന്നാളിടും
ദാവാഗ്നിച്ചൂടയെന്നപോലൊരു പര-
പ്പേറും തുടുപ്പങ്ങതാ
ദേവാധീശപരദിക്കിൽ വന്നുയരവേ,
നിദ്രാവിമുക്തങ്ങളായ്,-
ദ്ദീവഞ്ഞാന്നു പോലെ, പക്ഷികളിതാ,
കൂട്ടുന്നു കോലാഹലം. ൨

ഭൂതാളിക്കു ഹൃദികധിഷണോ-
ന്മേഷമേകുന്ന വിദ്യാ-
മാതാവെങ്ങും വിലസിവിളയാ-
ടീടുമീ ബ്രാഹ്മയാമേ,

അരുചിവശനായ് = ശോഭയില്ലാത്തവനായ്; ഒന്നിലും രുചിയില്ലാത്തവനായി എന്നും. ഗഗനസ്ഥലേ = ആകാശദേശത്ത്.

൨ ദാവാഗ്നിച്ചൂട = കാട്ടുതീയുടെ. ദേവാധീശപരദിക്ക് = കിഴക്കേദിക്ക്. നിദ്രാവിമുക്തങ്ങൾ = ഉറക്കംവിട്ടവ. ദീവാഞ്ഞാന്ന് = വല്ലാതെ പേടിച്ചു. കാട്ടുതീ പിടിക്കുമ്പോൾ പക്ഷികൾ പേടിച്ചു കോലാഹലം കൂട്ടുമല്ലോ.

൩ ഭൂതാളി = ജീവജാലം. ധിഷണോന്മേഷം = ബുദ്ധ്യുന്മേഷം. ബ്രാഹ്മമുഹൂർത്തത്തിൽ ബുദ്ധിക്ക് ഉന്മേഷം കൂടിയിരിക്കും. വിദ്യാമാതാവ് = സരസ്വതി.

Digitized By Kerala Sahitya Akadem

വാതാചാര്യൻ പതിവുപടി ചെ-
ന്നെത്തി മെയ് തൊട്ടുണർത്തി-
ഗ്ഗീതാഭ്യാസം ചില കിളികളെ-
ക്കൊണ്ടു ചെയ്യിച്ചിടുന്നു! ൬

ആരാണിത്രയ്ക്കൊരസമാദൃത പകലിനുമി-
പ്പിച്ചതാത്മോദയത്താ-
ലാം, രാവിന്നത്യയം കണ്ടധിഗതമതികൾ വൈ-
ശിഷ്യരാം മർത്ത്യരെല്ലാം
ധാരാളം തുഷ്ടി കൊൾകെ, ശ്ശിവ! ശിവ! കഥയി-
ല്ലാത്ത വൃക്ഷങ്ങൾ മഞ്ഞിൻ-
നീരാം ബാഷ്പം പൊഴിക്കുന്നിതു പവനചലൽ-
പത്രനേത്രങ്ങളാലേ. ൭

---

൬ വാതാചാര്യൻ=കാറ്റാകുന്ന ഗുരുനാഥൻ. ഗീതാഭ്യാസം=പാട്ടു പഠിക്കൽ. സപ്തസ്വരം ചൊല്ലലും മറ്റും പഠിപ്പിക്കുകയാണല്ലോ.

൭ ആത്മോദയത്താൽ=തന്റെ ഉദയംമൂലം. അത്യയം=നാശം. അധി.....മർത്ത്യർ=വിശേഷബുദ്ധിയുള്ള മനുഷ്യർ. തുഷ്ടി=സന്തോഷം. ബാഷ്പം=കണ്ണീർ [ആവി]. പവന.........ത്രങ്ങൾ=കാറ്റത്തിളകുന്ന ഇലകളാകുന്ന കണ്ണുകൾ. പകലിന്ന് അസമാദൃതയായിരുന്ന രാത്രിയുടെ ആവിർഭാവത്താലാണ്; അങ്ങിനെ ഉപകാരം ചെയ്ത രാത്രിക്കു നാശം വന്നതിൽ വിശേഷബുദ്ധിയില്ലാത്ത വൃക്ഷങ്ങളേ കണ്ണീർ വാർക്കുന്നുള്ളൂ; മനുഷ്യരൊക്കെ സന്തോഷിക്കുകയാണ്. നോക്കുക, മനുഷ്യരുടെ കൃതജ്ഞതയില്ലായ്മ!

Digitized By Kerala Sahitya Akadem

ശ്രീമൽപ്രത്യൂഷദേവാഗമമഹിതമഹാ-
രംഭതൂര്യാരവം പോ-
ലീ മന്ദ്രാബ്ധിസ്വനം കേട്ടിളകിന പനിനീർ-
പ്പൂക്കളെല്ലാം പെണ്ണുങ്ങളാണ്ടാം
തൂമഞ്ഞിൻതുള്ളിവെണ്മുത്തണികളെ, നിജസൗ-
രഭ്യമൂല്യം കൊടുത്തി-
ട്ടോമൽക്കാററാം വണിക്സത്തമനൊടു, പുതുമാ-
ടിക്കു മേടിച്ചിടുന്നു. ൩

(തിയൊടും,
സ്ഫുടം സന്ധ്യാർച്ചിസ്സാം ശിഖിയിലുഡുലാജാഹു-
പടർന്നീടും നാനാദ്വിജപടലകോലാഹലമൊടും,
ഇടം ചേരും പൂർവ്വാംബരവലയമാം വേദിയിലിതാ
നടക്കുന്നൂ, ഭാസ്വാന്റെ ദിവസലക്ഷ്മീപരിണയം.

---

൩ ശ്രീമൽ.....രവം=ശ്രീമാനായ പ്രാതഃകാലദേവന്റെ വരവാകുന്ന മഹോത്സവത്തിന്റെ ആരംഭത്തിലുള്ള പെരുമ്പറയൊലി. മന്ദ്രാബ്ധിസ്വനം=ഗംഭീരമായ കടലിരമ്പം. തൂമ......കളെ=ഹിമശീകരങ്ങളാകുന്ന മുത്തുകളെ. നിജ........മൂല്യം=തങ്ങളുടെ സുഗന്ധമാകുന്ന വില. വണിക്സത്തമൻ=ശ്രേഷ്ഠനായ കച്ചവടക്കാരൻ. ഉത്സവാരംഭത്തിൽ ആഭരണങ്ങൾ ശേഖരിക്കുക സ്ത്രീകളുടെ പതിവാണല്ലോ.

൪൦ സ്ഫുടം=സ്പഷ്ടമാംവണ്ണം. സന്ധ്യാർച്ചിസ്സ്=സന്ധ്യാശോഭ. ശിഖി=അഗ്നി. ഉഡു.....ഹുതി=നക്ഷത്രമാകുന്ന മലർകൊണ്ടുള്ള ഹോമം. നാനാ.....ഹലം=പലമാതിരി പക്ഷികളുടെ (ബ്രാഹ്മണരുടെയെന്നും) കോലാഹലം. ഇടം ചേരും=വിശാലമായ. പൂർവ്വാം.....ലയം=കിഴക്കെ ആകാശമണ്ഡലം. വേദി=തറ. ഭാസ്വാൻ=സൂര്യൻ. ദിവ.....ണയം=ദിവസലക്ഷ്മിയെ വേൾക്കൽ.

Digitized By Kerala Sahitya Akadem

ആലേഖ്യമൊന്നു വിവിധോജ്ജ്വലവർണ്ണകങ്ങ-
ളുല്ലേഖമച്ചുഹഹ! പൂർവ്വദിഗംബരത്തിൽ,
മേലേ വെളുപ്പുതുകിലിട്ടു മൂടിടുന്നു
കാലേത്തുറപ്പതിനഹർമ്മുഖചിത്രകാരൻ. ൧൮

വിവസ്വദുദയത്തിലെപ്പുതുമഹസ്സിനാൽ, ശോച്യമാ-
മവസ്ഥ പിടിപെട്ടിരുട്ടുകൾ നശിച്ചുപോയ്മിക്കതും;
അവറ്റിലവശിഷ്ടമാമൊരിനമാസ്ഥരം, ഹന്ത, ദു-
ശ്ശ്രവസ്വരമുറക്കെക്കരയുമിച്ചിരഞ്ജീവികൾ! ൧൯

ആലസ്യഭാരമൊടു കണ്ണടച്ചിരുട്ടു,-
കാലം കഥഞ്ചന കഴിച്ചു നമുക്കു വീണ്ടും
ഹാ! ലബ്ധമായി തെളിവിപ്പൊഴുതീശ്വരാനു-
കൂലത്വമായ കുളിർക്കാറ്റടിയോടുകൂടി. ൨൦

---

൧൮ ആലേഖ്യം=ചിത്രം. വിവി.....കങ്ങൾ=പലതരം നിറപ്പകിട്ടുള്ള ചായങ്ങൾ. വെളുപ്പുതുകിൽ=വെളുപ്പാകുന്ന വസ്ത്രം. കാലേത്തുറപ്പതിന്=വേണ്ടപ്പോൾ പ്രദർശിപ്പിപ്പാൻ. അഹ.....കാരൻ=പ്രഭാതമാകുന്ന ചിത്രമെഴുത്തുകാരൻ.

൧൯ വിവസ്വദുദയം=സൂര്യോദയം. പുതുമഹസ്സ്=നവതേജസ്സ്. ശോച്യം=വ്യസനിക്കത്തക്കത്. അവശിഷ്ടം=ശേഷിച്ച. ദുശ്ശ്രവസ്വരം=കഠോരശബ്ദത്തോടുകൂടുംവണ്ണം. ചിരഞ്ജീവികൾ=കാക്കകൾ. ചിരഞ്ജീവിതത്താൽ മറ്റുള്ളവരെ ശേഷിച്ചു.

൨൦ കഥഞ്ചന=പണിപ്പെട്ട്. ക്ലേശമേറിയ കാലംമുഴുവൻ കഴിച്ചുകൂട്ടിയവർക്ക് ഈശ്വരാനുകൂല്യം ക്രമേണ സിദ്ധിക്കും.

Digitized By Kerala Sahitya Akadem

ഇതപ്പോൾ മൃഗങ്ങളശേഷ,മവസ്ഥകൊണ്ടു
മൂത്തൊരുത്തിയായ നിശതൻ കഥ തീൎന്നമൂലം
പാരം രസിച്ചു നിജമൂളൽ നിറുത്തി, നിദ്രാ-
യത്തങ്ങളായ് മിഴിയടച്ചുറങ്ങി മെല്ലെ. ൧൪

ചീർത്തിരുണ്ട നിശീഥരാക്ഷസ-
　　നെഞ്ഞിളത്തിഹ ചെന്നിണം
ചാൎത്തിടും പ്രകൃതീശപരീകര-
　　വാൾത്തലപ്പു കണക്കിതാ,
മൂൎത്തി പാരം വെളിപ്പെടുത്തി വി-
　　ളങ്ങുമൎക്കനെയുൽഭയം.
പാൎത്തിരുൾപ്പരിപന്ഥിസേനകൾ
　　പാഞ്ഞൊളിച്ചിതു ദൂരവേ. ൧൫

---

൧൪ അവ.....യായ=വാൎദ്ധക്യമടഞ്ഞ. കഥ തീൎന്ന എന്നതിന്നു കഥ പറയൽ അവസാനിച്ച എന്നുകൂടി അൎത്ഥമെടുക്കണം. കഥ പറയൽ തീൎന്നാൽ മൂളൽ നിൎത്തുമല്ലോ. നിദ്രായത്തങ്ങളായ്=ഉറക്കത്തിന് അധീനരായ്. മുത്തശ്ശിമാർ കുട്ടികൾക്കുറക്കം വരാൻ കഥ പറഞ്ഞുകൊടുക്കുകയായിരുന്നു!

൧൫ നിശീഥരാക്ഷസൻ=രാവാകുന്ന രാക്ഷസൻ. ചെന്നിണം=ചോര. പ്രകൃ.....ലപ്പു=പ്രകൃതിദേവിയുടെ കൈവാൾത്തല. ഉൽഭയം=ഭയത്തോടുകൂടുംവണ്ണം. ഇരുൾ.....നകൾ=ഇരുട്ടുകളാകുന്ന ശത്രുസൈന്യങ്ങൾ.

Digitized By Kerala Sahitya Akadem

പങ്കം നീക്കി, വിഭാതമാം പ്രകൃതിത-
　　ന്നാജ്ഞാകരൻ പൂർവദി-
ക്കിങ്കൽച്ചെല്ലൊട്ടു വെള്ള തേച്ചു വിപുല-
　　വ്യോമാന്തരഭിത്തിക്കുമേൽ,
സങ്കല്പാനുഗുണം നമുക്കു സമയം
　　നോക്കാൻ സംക്ലിപ്തമാം
തങ്കപ്പൊൻഘടികാരമാം, തെളിയുമീ-
　　ബ്ബാലാംശുമന്മണ്ഡലം ! ൧൩
ക്ഷീണദോഷമുദയാചലമൊത്തുവലങ്ക-
　　രിച്ച രവിബിംബമാം
ശോണമായ വയൽ, നീണ്ട പൊൻകതിർനിര-
　　പ്പൂകൊണ്ടു നിറയുന്നതായ്
കാണവേ ബഹു തെളിഞ്ഞിടുന്നു, സുചിരാലി-
　　തിന്നു വളമായിരുന്ന-
ച്ചാണകം നിലമുഴിച്ചു പോന്ന പുലർകാല-
　　മാകിയ കൃഷീവലൻ. ൧൪

---

൧൩ പങ്കം=ചെളി (ഇരുട്ട്). വിഭാതം=പ്രഭാതം. ആജ്ഞാകരൻ=ഭൃത്യൻ. വിപു......ഭിത്തി=വിശാലമായ ആകാശമാകുന്ന ചുവർ. സങ്കല്പാനുഗുണം=ഇച്ഛപോലെ. ബാലാ...ണ്ഡലം=കുട്ടിസ്സൂര്യബിംബം.

൧൪ ക്ഷീണദോഷം=നിർദ്ദോഷം; ക്ഷീണയായ (ക്ഷയിച്ച) ദോഷ(രാത്രി)യോടുകൂടിയത എന്നും. ഉദയാചലം=ഉദയപർവതം. രവിബിംബം=സൂര്യമണ്ഡലം. ശോണം=ചുവന്നത്. കതിർ=രശ്മി [നെൽക്കതിർ]. സുചിരാൽ=വളരെക്കാലമായി. പുലർകാലത്തെ കൃഷീവലനാക്കിയിരിക്കുന്നു.

Digitized By Kerala Sahitya Akadem

സുവിമലശോഭ ചേർപ്പതിനു
    തൻകരചാതുരിയാൽ
ഭുവി പുത്തുപൊന്നു പൂശിയ
    ദിവാകരശില്പിവരൻ
അവിടെ നിറഞ്ഞിരുന്ന ചളി
    വാരിയെറിഞ്ഞതു താ-
നവിടവിടെക്കിടപ്പതിതാ
    പാദപവാർനിഴലായ് ! ൧൯

ഉലാത്തുന്നോമൽക്കാറ്റേറ്റനടനമാടും
    തരുലതാ-
പലാശസ്തോമത്തിൻ പഴുതുകളിലൂടെ
    നിബിഡമായ്,
സുലാവണ്യം കൊന്നപ്പൂത്തുമലർ പൊഴിക്കു-
    ന്നതിനെഴും
വിലാസം കാട്ടിക്കൊണ്ടിളവെയിൽ പതിക്കു-
    ന്നിതിളയിൽ. ൨൦

---

൧൯ തൻക.....തുരി=തന്റെ കര, കൈ, രശ്മി] സാമർത്ഥ്യം. ദിവാ.....വരൻ=സൂര്യനാകുന്ന ശില്പിശ്രേഷ്ഠൻ. പാദപവാർനിഴൽ=വൃക്ഷങ്ങളുടെ നീണ്ട നിഴൽ.

൨൦ തരു.....സ്തോമം=വൃക്ഷലതകളുടെ ഇലക്കൂട്ടം. നിബിഡമായ്=ഇടതിങ്ങി. സുലാവണ്യം=നല്ല അഴകുള്ള. ഇള=ഭ

ളൂമാട്ടങ്ങളും, തരുണതരണി-
പ്പൊൻകതിർക്കൂട്ടമാകും
ളുമഞ്ഞപ്പട്ടഴകൊടു വിരി-
ച്ചിട്ട പാൎത്തട്ടുതന്നിൽ,
നാമത്യന്തം കുതുകവശരാം-
മാരു തൻകോമളത്താ-
ക്കൽ മന്ദം ചെയ്യുഹഹാ! വിളയാ-
ടുന്നു പൂൎവ്വാഹ്നലക്ഷ്മി! ൨൦

ബലിഷ്ഠോഷ്മാവിനും, ബഹുവിധനിറം
ചേൎന്ന കിരണാ-
വലിക്കും, മാഹാത്മ്യത്തിനുമവധിയി-
ല്ലാത, വിരതം,
അലിംഗബ്രഹ്മത്തിന്നധിവസതിയാ
യുറ്റ മുകളിൽ-
ജ്ജ്വലിക്കും ജ്യോതിസ്സു, ജയ, ജയ, ജഗ-
ത്തിൻ ശരണമേ! ൨൧

---

൨൦ തരണി=സൂൎയ്യൻ. പൂൎവ്വാഹ്നലക്ഷ്മി=രാവിലെനേരത്തെശ്ശോഭ.

൨൧ ബലിഷ്ഠോഷ്മാവ്=കെല്പേറിയ ചൂട്. കിരണാവലി=രശ്മിക്കൂട്ടം. അവിരതം=എന്നെന്നും. അലിംഗബ്രഹ്മം=അരൂപബ്രഹ്മം. അധിവസതി=ഇരിപ്പിടം. ജ്യോതിസ്സ്=തേജോഗോളം. പരബ്രഹ്മാധിഷ്ഠാനമായ സൂൎയ്യഗോളമാണെന്നു കവി സ്തുതിക്കുന്നു.

Digitized By Kerala Sahitya Akadem

Digitized By Kerala Sahitya Akademi